# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അരീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM/07/2526/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM/07/2526/2024 തീയ്യതി: 20/11/2024

# മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2023 മുതൽ 24-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-09-2024 | 05-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-09-2024 | 05-10-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ജലീൽ ടി.പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.രാമകൃഷ്ണൻ ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ.മുഹമ്മദ് നൌഷാദ് എ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ. മുഹമ്മദ് ആഖിൽ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ടി.കെ. അബ്ദുള്ള | പ്രസിഡന്റ് | 01-04-2023 | 13-02-2024 |
| അഡ്വ. ദിവ്യ കെ. (അഡീഷണൽ ചാർജ്ജ്) | പ്രസിഡന്റ് | 14-02-2024 | 28-02-2024 |
| ശ്രീ നൌഷർ കല്ലട | പ്രസിഡന്റ് | 29-02-2024 | 31-03-2024 |
| ശ്രീമതി വിനി എ.എസ്. | സെക്രട്ടറി | 01-04-2023 | 09-07-2023 |
| ശ്രീ. ഷാജു കെ.എസ്. | സെക്രട്ടറി | 10-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിനി എ.എസ്. | സെക്രട്ടറി | 01-04-2023 | 09-07-2023 |
| ശ്രീ. ഷാജു കെ.എസ്. | സെക്രട്ടറി | 10-07-2023 | 31-03-2024 |
| ശ്രീ. അരവിന്ദൻ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 14-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി ആശ കമൽ | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2023 | 31-03-2024 |
| ശ്രീ. അലി മുബാറക് സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 18-04-2023 |
| ശ്രീ. ഗിരീഷ് എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 19-04-2023 | 25-06-2023 |
| ശ്രീ. അലി മുബാറക് സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2023 | 04-10-2023 |
| ശ്രീ. ഗിരീഷ് എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 05-10-2023 | 13-10-2023 |
| ശ്രീ. അലി മുബാറക് സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2023 | 31-03-2024 |
| ശ്രീമതി മീനാക്ഷി ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. സജിത് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷൈൻ പി. ജോസ് | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ. അബൂബക്കർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2023 | 31-03-2024 |
| ശ്രീമതി അഫ്ന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീ. അനീഷ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ശ്രീ. നജ്മുദ്ദീൻ | കൃഷി ഓഫീസർ | 01-04-2023 | 13-10-2023 |
| ശ്രീമതി നഹ്‌ല | കൃഷി ഓഫീസർ | 14-10-2023 | 31-03-2024 |
| ശ്രീമതി ശാന്തകുമാരി സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സന്ധ്യ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. ദിനുരാജ്.പി.ബി | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2023 | 22-07-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ പരിശോധന- അപാകതകൾ | 1-1-5 |
| 7 | ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക വ്യത്യാസം | 1-1-6 |
| 8 | വികസന ഫണ്ട് (ജനറൽ) ഇനത്തിൽ തുക വ്യത്യാസം | 1-1-7 |
| 9 | അക്കൗണ്ട് നം 001002010000129 അക്കൗണ്ട് ചെയ്തില്ല. | 1-1-8 |
| 10 | ദുരിതാശ്വാസ നിധി- തുക വ്യത്യാസം | 1-1-9 |
| 11 | തൊഴിലുറപ്പുപദ്ധതി -ബിൽ നൽകുന്ന മുറക്ക് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ എൻട്രി വരുത്തി | 1-1-10 |
| 12 | ലൈഫ് ലോൺ തുക പലിശ - ലോൺ തുകയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. | 1-1-11 |
| 13 | അക്കൗണ്ട് നം.10770100299573 ൽ തുക വ്യത്യാസം | 1-1-12 |
| 14 | ഷെഡ്യൂൾ B 4 ൽ രേഖപ്പെടുത്തിയ തുകകൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | ക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം | 1-11 |
| 25 | എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ മുഴുവനായി കുറവ് ചെയ്യാതെ തുക നൽകി; 34,305 രൂപയുടെ അധികച്ചെലവ് | 1-12 |
| 26 | ശിഹാബ് തങ്ങൾ, കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ളക്സ് പുനരുദ്ധാരണം എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-13 |
| 27 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 43390 രൂപ | 1-14 |
| 28 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 75273/- രൂപ | 1-15 |
| 29 | വിവിധ പൊതു കിണറുകളിൽ റിംഗ് സ്ഥാപിക്കൽ; 32,927/- രൂപ അധികം നൽകി. | 1-16 |
| 30 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 3421/- രൂപ | 1-17 |
| 31 | ആവശ്യമില്ലാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 5511/- രൂപ | 1-18 |
| 32 | ലക്ഷ്യ പ്രാപ്തി കൈവരിക്കാത്ത രണ്ട് പദ്ധതികൾ; ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. | 1-19 |
| 33 | തൊഴിൽ നികുതി - അപാകങ്ങൾ | 1-20 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 35 | സ്ഥാപനങ്ങൾ FTEAOS ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-22 |
| 36 | ടെലികോം ടവറുകളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം - വരുമാന നഷ്ടം | 1-23 |
| 37 | അനധികൃത നിർമ്മാണങ്ങൾ UA നമ്പർ നൽകി നികുതി ഈടാക്കുന്നില്ല/ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-24 |
| 38 | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും വിശദവിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 39 | തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി-അധികത്തുക തിരികെ ഈടാക്കേണ്ടതാണ്. | 1-26 |
| 40 | ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 41 | ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| 42 | ഹരിതകർമ്മസേനക്ക് സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് –ഉപയോഗപ്പെടുത്തിയില്ല. | 1-29 |
| 43 | ഹൃദ്യ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-30 |
| 44 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി - അപാകതകൾ | 1-31 |
| 45 | ബഡ്സ് സ്കൂളിന് സർക്കാർ അംഗീകാരമില്ല | 1-32 |
| 46 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ | 1-33 |

| | | |
|---|---|---|
| 47 | അഗതി രഹിത കേരളം പദ്ധതി - ഒരവലോകനം | 1-34 |
| 48 | ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കൽ - പുതുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 49 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പദ്ധതികൾ - അപാകതകൾ | 1-36 |
| 50 | അളവ് പുസ്തകം, ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-37 |
| 51 | ലൈഫ് ഭവന പദ്ധതികൾക്കായി വായ്പ ലഭ്യമായതിന് മുൻപ് സോഴ്സ് ഡിഡക്ഷൻ നടത്തി | 1-38 |
| 52 | അരീക്കോട് ജി എം എൽ പി സ്ക്കൂളിന്റെ വാടക – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-39 |
| 53 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കി- പദ്ധതി നടപ്പിലാക്കിയില്ല. | 1-40 |
| 54 | വിവിധ വായനശാലകൾക്ക് പത്രം - ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-41 |
| 55 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 1-42 |
| 56 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നുള്ള വാങ്ങൽ - സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 57 | ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച് | 1-44 |
| 58 | തെങ്ങിന് ജൈവ വളം- അപാകതകൾ | 1-45 |
| 59 | സൗരവേലി സ്ഥാപിക്കൽ പദ്ധതി - അപാകങ്ങൾ | 1-46 |
| 60 | വാഹനങ്ങളുടെ വിവരം - വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. | 1-47 |
| 61 | തൊഴിലുറപ്പു പദ്ധതിയിൽ പ്രവൃത്തികളുടെ ബോർഡുകൾ സ്ഥാപിച്ചത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-48 |
| 62 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ റെക്കാർഡ് റൂം ഒരുക്കൽ പദ്ധതി - അപാകതകൾ | 1-49 |
| 63 | മുൻകൂർ തുക നൽകി – ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-50 |
| 64 | അനധികൃത നിർമ്മാണങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ് | 1-51 |
| 65 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-52 |
| 66 | കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ ലൈസൻസും വേക്കൻസി റെമിഷനും അനുവദിച്ചു | 1-53 |
| 67 | ഒരേ കെട്ടിടത്തിൽ വ്യത്യസ്ത സ്ഥാപനങ്ങൾക്ക് ലൈസൻസുകൾ അനുവദിച്ചു | 1-54 |
| 68 | വസ്തു നികുതി - കെട്ടിട നമ്പർ അനുവദിക്കാത്ത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു. | 1-55 |
| 69 | SC വിദ്യാർത്ഥികൾക്കുള്ള 19 മേശകളും കസേരകളും അധികം വാങ്ങി- വിതരണം അപാകതകൾ | 1-56 |
| 70 | തുല്യത പരീക്ഷ ഫീസ് അടവാക്കൽ പദ്ധതി-കൈപ്പറ്റ് , മറ്റ് വിവരങ്ങൾ ലഭ്യമല്ല | 1-57 |
| 71 | SSK വിഹിതം അടവാക്കൽ - അപാകതകൾ | 1-58 |
| 72 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല | 1-59 |
| 73 | അംഗനവാടികൾക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ പദ്ധതി അപാകതകൾ | 1-60 |
| 74 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അധികം നൽകിയ 23000/- രൂപ തിരികെ അടവാക്കി | 1-61 |
| 75 | പാലിയേറ്റീവ് പദ്ധതി മരുന്ന് ലഭ്യമായില്ല, PMC മീറ്റിംഗ് അപാകതകൾ | 1-62 |
| 76 | VEO ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ സാധനങ്ങൾ- സ്റ്റോക്കെടുപ്പ് അപാകതകൾ | 1-63 |
| 77 | പ്രവാസി സംരംഭം- പ്രവാസി കൊപ്ര യൂണിറ്റ് പ്രവർത്തിക്കുന്നില്ല, അപാകതകൾ | 1-64 |
| 78 | നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി | 1-65 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ മുഴുവനായി കുറവ് ചെയ്യാതെ തുക നൽകി; 34305 രൂപയുടെ അധികച്ചെലവ് | 3-1 |
| 2 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 75273/- രൂപ | 3-2 |
| 3 | വിവിധ പൊതു കിണറുകളിൽ റിംഗ് സ്ഥാപിക്കൽ; 32927/- രൂപ അധികം നൽകി. | 3-3 |
| 4 | ആവശ്യമില്ലാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 5511/- രൂപ | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.06.2024 തീയതിയിലെ 1(1)/24 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
20-11-2024

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-2 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-3 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

## 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (16268526 രൂപ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും(14992916രൂപ) തുല്യമല്ല.

## 1-1-5 അഡ്വാൻസ് രജിസ്റ്റർ പരിശോധന- അപാകതകൾ

അഡ്വാൻസ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം തുക | റിമാർക്ക് |
|---|---|---|---|
| 1 | Advance To Implementing Agencies Deposit With K S E B | 9,50,000 രൂപ | അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് വിവരം ലഭ്യമല്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ |

| | | | |
|---|---|---|---|
| | | | തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 2 | Advance To Implementing Officers | 1,90,000 ൽ 10,000 രൂപ | ആർക്കാണ് അഡ്വാൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. വർഷങ്ങളായി ഇതേ തുക മുന്നിരിപ്പായി രേഖപ്പെടുത്തി വരുന്നു. |
| 3 | Advance To Others | 6757 | ആർക്കാണ് അഡ്വാൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. വർഷങ്ങളായി ഒരേ തുക രേഖപ്പെടുത്തി വരുന്നു. |
| 4 | Other Advance | 2,64,888 | ആർക്കാണ് അഡ്വാൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. വർഷങ്ങളായി ഒരേ തുക രേഖപ്പെടുത്തി വരുന്നു. |

### 1-1-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക വ്യത്യാസം

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2,20,338 രൂപ വരവായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 1,24,149 രൂപയാണ് തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-7 വികസന ഫണ്ട് (ജനറൽ) ഇനത്തിൽ തുക വ്യത്യാസം

വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ആകെ ചെലവ് വാർഷിക കണക്ക് പ്രകാരം 1,61,30,574 രൂപ എന്നാൽ ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ആയത് 1,60,88,066 രൂപയാണ്. 42,508 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-8 അക്കൗണ്ട് നം 001002010000129 അക്കൗണ്ട് ചെയ്തില്ല.

മഞ്ചേരി കോ ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ 01.02.24 ന് 1000 രൂപ അക്കൗണ്ട് നം 001002010000129 ൽ നിക്കിയിരിപ്പുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-9 ദുരിതാശ്വാസ നിധി- തുക വ്യത്യാസം

ദുരിതാശ്വാസനിധി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B2 പ്രകാരം 175 രൂപ എന്നാൽ അക്കൗണ്ടിൽ (ഷെഡ്യൂൾ B 17)(നം.011970014380) ആയത് 2896 രൂപ

### 1-1-10 തൊഴിലുറപ്പുപദ്ധതി -ബിൽ നൽകുന്ന മുറക്ക് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ എൻട്രി വരുത്തി

തൊഴിലുറപ്പു പദ്ധതി ആസ്തി സൃഷ്ടിച്ചത് 19,13,780 രൂപയാണ്. ആയത് ബിൽ നൽകുന്ന മുറക്ക് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-11 ലൈഫ് ലോൺ തുക പലിശ - ലോൺ തുകയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

ലൈഫ് ലോൺ തുക പലിശ 60980 രൂപ തനത്ഫണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതിന് പകരം ആയത് കൂടി ലോൺ തുകയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

### 1-1-12 അക്കൗണ്ട് നം.10770100299573 ൽ തുക വ്യത്യാസം

Rural Housing – Housing For All Balance ഷെഡ്യൂൾ B4 പ്രകാരം 33,75,922 രൂപ എന്നാൽ അക്കൗണ്ടിൽ (ഷെഡ്യൂൾ B 17)(നം.10770100299573) ആയത് 13,23,922 രൂപ, വ്യത്യാസം 20,52,000 രൂപ.

### 1-1-13 ഷെഡ്യൂൾ B 4 ൽ രേഖപ്പെടുത്തിയ തുകകൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ, ഷെഡ്യൂൾ B 4 ൽ രേഖപ്പെടുത്തിയ Grants Funds And Contributions For Specific Purposes -Other Than Develpment Fund And State Sponsored Scheme Funds - Other Purposes (3,60,214 രൂപ), Contributions For Joint Venture Projects (For Capital Expenditure) From Block Panchayath-( 5,76,099 രൂപ), Contributions For Joint Venture Projects (For Revenue Expenditure )From Block Panchayath-( 2,87,923 രൂപ), Grants, Funds & Contributions For Specific Purposes- Capital (1,49,770 രൂപ), Beneficiary Contributions (19,90,245 രൂപ) എന്നീ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)/2023 തീ. 21-03-2023 | 12(2)/2024 തീ. 12-02-2024 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 48633395 |
| വരവ് | 94370172 |
| ആകെ | 143003567 |
| ചെലവ് | 7810646 |
| നീക്കിയിരിപ്പ് | 64901921 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15069800 | 15069800 | 14598866 | 470934 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7211156 | 7211156 | 6565574 | 645582 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8501350 | 8501350 | 8501350 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5139400 | 5139400 | 3533476 | 1605924 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 4113000 | 4113000 | 2957590 | 1155410 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 0 | 2742000 | 2742000 | 1081387 | 1660613 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2023-24 | 382 | 16,81,16,501 | 201 | 9,43,92,127 | 0 | 180 | 52.7 |

കുറിപ്പ്:- പ്രോജക്ട് നമ്പർ. 274/24 പഞ്ചായത്ത് ഓഫീസിൽ റെക്കോർഡ് റൂം ഒരുക്കൽ പദ്ധതിയുടെ അടങ്കൽ/ചെലവ് വിവരം സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രിന്റ് എടുക്കുമ്പോൾ ലഭ്യമാവുന്നില്ല. വിവരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ചെലവുകളെ അടങ്കൽ/പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 886 | 254931 | 255817 | 254986 | 831 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (ക്യാപിറ്റൽ ചെലവ് ഉൾപ്പെടെ ) | 0 | 20421678 | 20421678 | 20421678 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2831200 | 274 |
| വിധവാപെൻഷൻ | 11846700 | 1093 |
| വാർദ്ധക്യകാലപെൻഷൻ | 17571200 | 1858 |
| വികലാംഗപെൻഷൻ | 4283900 | 406 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 254400 | 26 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2024 ന് 2:30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 317067/- രൂപയുടെ ക്യാഷ് ബാലൻസ് ഉള്ളതായി കാണുകയും ആയതിന്റെ കൃത്യത ബോധ്യപ്പെടുകയും ചെയ്തു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. തനത് ആസ്തികളുടെ സംരക്ഷത്തിലും ശ്രദ്ധ പുലർത്തുന്നില്ല. വിശദാംശങ്ങൾ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

2. തൊഴിലുറപ്പ് പദ്ധതിയിൽ സിമന്റ് വാങ്ങിയതിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ( ഖണ്ഡിക 1-26 ൽ പ്രത്യേകം പരാമർശിട്ടുണ്ട്).

3. കേരള ഫിനാൻഷ്യൽ കോഡ് വാല്യംI ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും, വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ, ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. മേൽ മുഴുവൻ സ്റ്റോക്കുകൾക്കും പ്രത്യേകം നമ്പറിട്ട് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരമറിയിക്കേണ്ടതാണ്.

4.നിയമാനുസൃതമല്ലാത്ത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. (ഉദാഹരണം ഖണ്ഡിക 1-51 ൽ പ്രതിപാദിച്ചിട്ടുണ്ട് ) നിയമാനുസൃതമല്ലാത്ത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേർന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2023-24 വർഷത്തെ പ്രോജക്റ്റുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

6. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, മുതലായവ സംബന്ധിച്ച് കെഎസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ഇല്ല.
വിവിധ പ്രവൃത്തികൾക്കായി നൽകുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിന് സാധ്യമായിട്ടില്ല.

7.ഡെപ്പോസിറ്റ് രജിസ്റ്ററിൽ മൂന്നു വർഷത്തിൽ അധികരിച്ച കണ്ടുകെട്ടാവുന്ന നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) വർഷങ്ങളായി ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകൾ ആവശ്യമില്ലാത്തപക്ഷം ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) പഞ്ചായത്തിലെ വിവിധ കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ വേക്കൻസി റെമിഷനും ലൈസൻസും അനുവദിച്ചു. (ഖ. 1-53 കാണുക)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.12.2022 | 2022-23 | 24-12-2022 |
| എ.ജി ഓഡിറ്റ് | 23.08.2013 | 2012-13 വരെ | 29.08.2013 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് **അരീക്കോട്** ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായി മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | | 31563 |
| 2)ആകെ വാർഡുകളുടെ എണ്ണം | | 18 |
| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
| 1 | 450 | 13 |
| 2 | 325 | 24 |
| 3 | 414 | 22 |
| 4 | 574 | 183 |
| 5 | 348 | 44 |
| 6 | 275 | 1505 |
| 7 | 325 | 140 |
| 8 | 450 | 82 |
| 9 | 532 | 37 |
| 10 | 348 | 10 |
| 11 | 419 | 25 |
| 12 | 452 | 40 |
| 13 | 482 | 11 |
| 14 | 400 | 23 |
| 15 | 450 | 10 |
| 16 | 490 | 63 |
| 17 | 549 | 25 |
| 18 | 458 | 19 |
| ആകെ | 7741 | 2271 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 30 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | | ഉണ്ട് |

**2) മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടില്ല. ഷെഡ്യൂൾ ചെയ്ത് മാലിന്യ ശേഖരണം നടപ്പാക്കുന്നത് ഭാഗികമാണ്. യൂസർ ഫീ കാർഡ്, രജിസ്ട്രേഷൻ, ഹരിത മിത്രം ആപ്പ് എന്നിവ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കീഴിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ബോധവല്ക്കരണം, IEC പ്രവർത്തനങ്ങൾ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. ഹരിത കർമ്മ സേനാ അംഗങ്ങൾക്കുള്ള ഐ.ഡി കാർഡ് വിതരണം നടപ്പിലാക്കിയിട്ടുണ്ട്. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റവും പൂർണമായും പ്രവർത്തിപഥത്തിൽ വന്നതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. യൂസർ ഫീ പിരിവിൽ രസീത് നൽകുന്നുണ്ടെങ്കിലും ഇത് വഴിയുള്ള കളക്ഷൻ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതായി വിവരം ഇല്ല.

**3) മാലിന്യ വേർത്തിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിൽ കാര്യമായ പുരോഗതി ഇല്ല. എംസിഎഫിൽ വെച്ചാണ് നിലവിൽ വേർതിരിക്കുന്നത്.

**4) റീസൈക്ലിംഗ്**

നിരവധി ബോട്ടിൽ ബൂത്തുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിശ്ചിത ഇടവേളകളിലായി ആയവയിൽ നിന്നും ബോട്ടിലുകൾ/മാലിന്യങ്ങൾ എം സി എഫിലേക്ക് കൊണ്ട് വരുന്നതായി കാണുന്നില്ല. പല ബോട്ടിൽ ബൂത്തുകളിലും യഥാസമയം ശേഖരിക്കാതെ അവശേഷിക്കുന്ന മാലിന്യങ്ങൾ കാണുന്നുണ്ട്. ജലസ്രോതസ്സുകളിൽ നിന്നും നിലവിൽ മാലിന്യം എടുക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിത കർമ്മ സേന/ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിതകർമസേനയോടൊപ്പം സ്കൂളുകളിൽ ബോധവൽകരണം ക്ലാസുകൾ, ഗ്രാമസഭകളിലും, കുടുംബശ്രീ യോഗങ്ങളിലും ബോധവൽകരണം, കൂടാതെ കുട്ടികളുടെ ഹരിതസഭ, ഹരിതസഭ, പാവ നാടകം എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

**6) തൊഴിൽ സൃഷ്ടിക്കൽ**

മാലിന്യ സംസ്കരണ മേഖലയിൽ 30 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട് . ഹരിത കർമ്മ സേനാംഗങ്ങളുടെ മാസ വരുമാനം ശരാശരി 10,000 രൂപയാണ്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. എന്നാൽ ഹരിത കർമ്മ സേനയുടെ വരുമാന വർദ്ധവിനായി മറ്റു വ്യവസായ സംരംഭങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ

തുടങ്ങിയവ പോലുള്ളവയിൽ യുക്തമായവ ആരംഭിക്കാൻ ഹരിത കർമ്മ സേന/സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

7) **<u>അടിസ്ഥാന സൗകര്യ വികസനം.</u>**

നിലവിൽ ഗ്രാമപഞ്ചായത്ത് മത്സ്യ മാംസ മാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വളരെ പരിമിതമായ സ്ഥലത്ത് പ്രവർത്തിക്കുന്ന എം.സി.എഫും 18 വാർഡുകളിലായി നിരവധി (മിക്ക വാർഡുകളിലും ഒന്നിലധികം ഉണ്ട്, കൃത്യമായ എണ്ണം ലഭ്യമാക്കിയിട്ടില്ല) മിനി എം.സി.എഫുകളുമാണ് നിലവിലുള്ളത്. കൂടാതെ നിരവധി ബോട്ടിൽ ബൂത്തുകൾ എന്നിവയും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സ്വന്തമായി ഇലക്ട്രിക് ഗുഡ്സ് ഓട്ടോ വാഹനവും ഡ്രൈവറും ഉണ്ട്. എം.സി.എഫിൽ കുടിവെള്ള സൗകര്യം, ശൗചാലയം, വൈദ്യുതി, അഗ്നിശമന ഉപകരണം എന്നിവ നിലവിലുണ്ട്.

8) **<u>പാരിസ്ഥിതിക ആഘാതം</u>**

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/ പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ടും മാലിന്യം അനധികൃതമായി കയ്യൊഴിയുന്നതുമായ സംഭവങ്ങൾ സംബന്ധിച്ച പരാതികളുടെ വിവരം ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

9) **<u>പരിശീലനവും വികസനവും</u>**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിത കർമ്മ സേന/ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം SEUF, ഗ്രീൻവോംസ് എന്ന സ്വകാര്യ സ്ഥാപനം (മാലിന്യ സംസ്കരണം) വഴി പരിശീലനം നടത്തി. കൂടാതെ ഹരിതമിത്രം പദ്ധതി വഴിയും പരിശീലനം നടത്തി. എന്നാൽ ഐ.ആർ.ടി.സി/കൺസൾട്ടൻസി ഏജൻസി പരിശീലനം, ജില്ലാ തല ക്യാമ്പയിൻ, സെക്രട്ടറിയേറ്റ് പരിശീലനം തുടങ്ങിയ മറ്റു പരിശീലനങ്ങൾ നടപ്പാക്കിയോ എന്നതു സംബന്ധിച്ച് വിവരം ലഭ്യമായിട്ടില്ല.

10) **<u>നിയമങ്ങൾ പാലിക്കൽ</u>**

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതായും ആയതുമായി ബന്ധപ്പെട്ട് ബൈ ലോ തയാറാക്കിയതായി അറിയിച്ചുവെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

11) **<u>ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം</u>**

ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചർച്ചകളും പ്രതിമാസം വിലയിരുത്തലും നടത്തുന്നതായി അറിയിച്ചുവെങ്കിലും സ്വന്തമായി സൗകര്യപ്രദമായ എം.സി.എഫും, നിലവിലുള്ള MCF കെട്ടിടത്തിലെ സ്ഥലപരിമിതിയും പുതിയ എം സി എഫ് കണ്ടെത്താനുള്ള സ്ഥല ദൗർലഭ്യവും ആളുകളുടെ സഹകരണകുറവും ആണ് ഹരിത കർമ്മ സേന നേരിടുന്ന പ്രധാന വെല്ലുവിളികൾ. കൂടാതെ ബെയ്‌ലിംഗ് /ഷ്രെഡിംഗ് യുണിറ്റുകൾക്കും, മതിയായ സെഗ്രിഗേഷൻ സൗകര്യം എന്നിവയും നിലവിലില്ല.

**<u>മെറ്റീരിയൽ കളക്ഷൻ (MCF) ഫെസിലിറ്റി വിവരങ്ങൾ</u>**

**<u>1)അടിസ്ഥാന വിവരങ്ങൾ</u>**

ഗ്രാമപഞ്ചായത്ത് മത്സ്യമാംസ മാർക്കറ്റ് കെട്ടിടത്തിലെ ഒന്നാം നിലയിലാണ് MCF പ്രവർത്തിക്കുന്നത്.

2) **<u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>**

വീടുകളിൽ നിന്ന് /സ്ഥാപനങ്ങളിൽ നിന്ന് പാഴ് വസ്തുകൾ MCF/RRF-ലേക്ക് ഹരിത കർമ്മ സേന മാസത്തിൽ ഒരിക്കൽ കൈമാറി വരുകയും എല്ലാ വാർഡിലും സേവനം എത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മിനി MCFകളിൽ നിന്നും ബോട്ടിൽ ബൂത്തുകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ മാലിന്യം MCF ലേക്ക് കൊണ്ടു പോകാതെ അവ മാലിന്യത്തോടെ കാട് പിടിച്ച് കിടക്കുന്നതായും ഉണ്ട്.

3) **<u>മാലിന്യ സംഭരണ ശേഷി സംബന്ധിച്ച വിവരങ്ങൾ</u>**

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | ജൈവം : ഇല്ല<br>അജൈവം : 400 Kg |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | കുറവാണ്. 2000ച.അടി<br>RRF- ഇല്ല |
| 2)ആകെ വിസ്തൃതി<br>ഉണ്ടായിരിക്കേണ്ടത്.<br>A.ടിപ്പിങ് ഏരിയ (15%)<br>B.സ്റ്റോറേജ് ഏരിയ (25%)<br>C.സോർട്ടിങ് ഏരിയ (20%)<br>D.മെഷിനറി എരിയ(10%)<br>E.അന്തിമ സംഭരണ ഏരിയ (30%) | വിവരം ലഭ്യമാക്കിയിട്ടില്ല |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 1 ആഴ്ച |

4) **<u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുളള നടപടിക്രമങ്ങൾ</u>**

പ്ലാസ്റ്റിക് വാട്ടർ ബോട്ടിൽ, പേപ്പറുകൾ, HM കവറുകൾ, ഇരുമ്പ്, ചില്ല്, കോള ബോട്ടിൽ, CFL ബൾബ് തുടങ്ങിയ ഇനങ്ങളായാണ് മാലിന്യം വേർത്തിരിക്കുന്നത്. തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കലിന്റെ ഭാഗമായി ഗ്ലൗസ് വിതരണം ചെയ്യുകയും കൂടാതെ കോട്ട്, ഗ്ലൗസ്, മാസ്ക്ക് എന്നിവയും ഐഡി കാർഡ്, തൊപ്പി എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. മുഴുവൻ അംഗങ്ങൾക്കും സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5) **<u>ശുചിത്വ മാനദണ്ഡങ്ങൾ</u>**

ദുർഗന്ധവും കീടങ്ങളും തടയുന്നതിന് MCF/RRF പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളും ശുചിത്വവും പാലിക്കാൻ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് എം സി എഫ് പരിസരം വൃത്തിയാക്കുന്നു.

6) **<u>യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>**

ഗ്രീൻവേം കമ്പനിയുമായി മാലിന്യം ശേഖരണത്തിനു കിലോ ഗ്രാമിനു 7 രൂപക്ക് കരാർ ചമക്കുകയും ആഴ്ചയിൽ ഒരിക്കൽ വീതം മാലിന്യം കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

**<u>7) ബാങ്ക് അക്കൗണ്ട്</u>**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങൾ:

| | |
|---|---|
| അക്കൗണ്ട് നം.: | 40228101088643 |
| ബ്രാഞ്ച്,സ്ഥലം | അരീക്കോട് |
| നിലവിലെ (31.3.23 പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ്: | 1,30,502/- |

**8) വരവു ചെലവു കണക്ക്:**

വരവു ചെലവു കണക്കുകൾ യഥാസമയം പൂർണ്ണമായി എഴുതി സൂക്ഷിക്കാത്തതിനാൽ അപൂർണ്ണവും പൊരുത്തപ്പെടാത്തതുമായ കണക്കുകൾ എഴുതി സമർപ്പിക്കുകയാണ് ചെയ്തത്. ലഭ്യമാക്കിയ കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും ഉള്ള രജിസ്റ്ററുകളോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഹരിതകർമ്മസേനയുടെ 2023-24 സാമ്പത്തിക വർഷത്തെ യഥാർത്ഥ വരവ് തുകയും ചെലവ് തുകയും എത്രയെന്നത് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ 01.04.2023ന് 149304/- രൂപ മുന്നിരിപ്പും 31.03.2024ന് 130502/- രൂപ നീക്കിയിരിപ്പും ഉള്ളതായി കണ്ടു.

ക്യാഷ് ബുക്ക് പൂർണ്ണമല്ല, വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത്യ സംക്ഷിപ്തം തയാറാക്കിയിട്ടില്ല. മേൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയോ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

**9) മറ്റ് വിവരങ്ങൾ**

(1) 2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് 34/24 | CFC | 700000 | 600000 | -- |
| 2 | MCF ന് അനുബന്ധ സൗകര്യം ഒരുക്കൽ 269/24 | തനത് ഫണ്ട് | 500000 | 364200 | -- |
| 3 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം 270/24(SO) | തനത് ഫണ്ട്, CFC | 50000+ 142900 | 49185+ 142900 | -- |
| 4 | ഹരിത കർമ്മ സേനക്ക് സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ 387/24 | തനത് ഫണ്ട് | 50000 | 29977 | -- |
| 5 | വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ യൂസർഫീ അടവാക്കൽ 395/24 | തനത് ഫണ്ട് | 200000 | 15850 | |
| 6 | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ 407/24 | തനത് ഫണ്ട് | 132000 | 126108 | |
| 7 | ഹരിതകർമ്മസേനക്ക് അഡീഷണൽ വാഹന വാടക 408/24 | തനത് ഫണ്ട് | 50000 | 50000 | |
| 8 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം 409/24 | തനത് ഫണ്ട് | 100000 | 63345 | |
| 9 | റിജക്ടഡ് വേസ്റ്റ് കയറ്റി അയക്കൽ 138/24 | വികസന ഫണ്ട് ജനറൽ, CFC, തനത് ഫണ്ട് | 69595+ 682600+ 850000 | 69595+ 850000 | |
| 10 | IEC പ്രവർത്തനങ്ങൾ 370/24 | CFC, തനത് ഫണ്ട് | 50000+ 100000 | 0+ 37345 | |
| | ആകെ | | | 23,98,505 | |

(2) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 ൽ പൂർത്തിയാക്കിയ പദ്ധതികളായ ബോട്ടിൽ ബൂത്ത് സ്ഥാപിയ്ക്കൽ, മിനി എ.സി.എഫ് സ്ഥാപിക്കൽ എന്നിവ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്നു കാണുന്നു. മിനി എ.സി.എഫ് കാട് പിടിച്ചു കിടക്കുന്ന നിലയിലും ലോക്ക് ഇല്ലാത്ത അവസ്ഥയിലുമാണ്. കൂടാതെ പ്ലാസ്റ്റിക്ക് ബോട്ടിൽ നിക്ഷേപിക്കുന്നതിനുള്ള ബൂത്തുകളിൽ ജൈവ അജൈവ മാലിന്യങ്ങളും നിക്ഷേപിച്ചിരിക്കുകയാണ്. മിനി എ.സി.എഫിനും ബോട്ടിൽ ബൂത്തിനും ലോക്ക് സൗകര്യം ഏർപ്പെടുത്തുകയും മാലിന്യം നിക്ഷേപിക്കുന്ന വിഷയത്തിൽ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുകയും ചെയ്യേണ്ടതുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്.

1. ഹരിത കർമസേന പ്രവർത്തനത്തിന് കലണ്ടർ തയ്യാറാക്കേണ്ടതും നിശ്ചിത ഇടവേളകളിൽ ഓരോ വാർഡുകളിലെയും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മിനി MCF, ബോട്ടിൽ ബൂത്ത് തുടങ്ങിയവയിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആവശ്യമെങ്കിൽ മിനി MCF, ബോട്ടിൽ ബൂത്ത് തുടങ്ങിയവ സ്ഥാനം മാറ്റേണ്ടതും ഉപയോഗപ്പെടുത്താതെ കാടുമൂടി കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.
2. യൂസർ ഫീ കളക്ഷൻ ഊർജിതമാക്കാൻ സർക്കാർ നിർദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാവും വിധത്തിൽ ഹരിത മിത്രം ആപ്പ്/ക്യൂ ആർ കോഡ് സംവിധാനം പൂർണമായും പ്രവർത്തി പഥത്തിൽ എത്തിക്കേണ്ടതുമാണ്.
3. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടതും കൺവെയർ ബെൽറ്റ് പോലുള്ള ലഭ്യമായ ഉപകരണങ്ങൾ ഉപയോഗിക്കാതെ കേടായിപ്പോകുന്നത് ഒഴിവാക്കേണ്ടതുമാണ്.
4. സ്വന്തമായി സൗകര്യപ്രദമായ സ്ഥലം, ഒരു MCF കെട്ടിടം എന്നിവക്ക് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള കെട്ടിടത്തിൽ മതിയായ സെഗ്രഗേഷൻ സംവിധാനം പര്യാപ്തമല്ല. മാത്രവുമല്ല കളക്ട് ചെയ്ത് കൊണ്ട് വരുന്ന മാലിന്യം സൂക്ഷിക്കുന്നതിന് അധികസ്ഥലം ഉപയോഗിക്കേണ്ടതായി വരുന്നു.
5. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങൾക്കിടയിൽ മാലിന്യ സംസ്കരണം മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ ബോധവല്ക്കരണം നടത്തുകയും വീടുകൾക്കും സ്ഥാപനങ്ങൾക്കും ഹരിത റാങ്കിംഗ് നടത്തി പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്.
6. കാഷ് ബുക്ക് ഉൾപ്പെടെയുള്ള സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി പരിപാലിക്കേണ്ടതും വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത്യ സംഗ്രഹം (സ്ക്രാപ്പ്, ശമ്പളം Etc.) ഇനം തിരിച്ചു രേഖപ്പെടുത്തേണ്ടതും ഇക്കാര്യത്തിലെ പുരോഗതി ബന്ധപ്പെട്ട ചാർജ് ഓഫീസർ നിരീക്ഷണ വിധേയമാക്കേണ്ടതും യഥാസമങ്ങളിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-12 എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ മുഴുവനായി കുറവ് ചെയ്യാതെ തുക നൽകി; 34,305 രൂപയുടെ അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

താഴെ പറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ അധികമായി ചെയ്യേണ്ടി വന്ന എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകിയതിനാൽ 34,305 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അധികമായി ചെയ്യേണ്ടി വരുന്ന എക്സ്ട്രാ ഇനം പ്രവൃത്തിക്ക് കരാറുടമ്പടി പ്രകാരം ആകെ ക്വാട്ട് ചെയ്ത നിരക്ക് അനുസരിച്ചായിരിക്കും നിശ്ചയിക്കുക എന്ന് കരാറിൽ ഖണ്ഡിക 31 ആയി വ്യവസ്ഥ ഉണ്ടെങ്കിലും ആയത് പാലിക്കാതെ ആയതിലും കൂടിയ നിരക്കിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി | പഞ്ചായത്ത് ഓഫീസ് നവീകരണം 355/24 |
| അടങ്കൽ | 26,00,000 രൂപ (CFC ഗ്രാന്റ് ) |
| കരാറുകാരൻ | ശ്രീ അബ്ദുൾ റഷീദ് പി പി |
| കരാർ | 15/22-23/23-11-22 (22.02% Below ER) |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 2027424 രൂപ (22-23 Rs 419498, 23-24 Rs 1607926) |
| വൗച്ചർ നമ്പർ | 87/23-24/5-9-23, Rs 1607926 |
| PAC | 2203354.66 |
| Agreed PAC | 1718194 (22.02% Below ER) |

അധികം നൽകിയതിന്റെ വിശദാംശം

| ഇനം | ER | Code/പ്രവൃത്തി | നൽകാവുന്നത്(@22.02% Below ER) | നൽകിയത് | അധികം |
|---|---|---|---|---|---|
| 1-1 | 675.81 | 50.18.89.2: 110 Mm Pvc Pipe Fitting | 526.99x11.4m=6007.68 | 572.65x11.4m=6528.21 | 520.53 |
| 1-2 | 634.13 | Od 46715/23-24: 200mm Pvcrain Water Gutter | 494.49x18.0m=8900.82 | 596.8x18.0m=10742.40 | 1841.58 |
| 2-1 | 661.79 | Od 47069/23-24: 140mm Pvc Pipe Fitting | 516.06x44.05m=22732.44 | 634.23x44.05m=27937.83 | 5205.39 |
| 2-2 | 308.11 | Od 47070/23-24:90mm Pvc Pipe Fitting | 240.26x12.3m=2955.19 | 280.55x12.3m=3450.77 | 495.57 |
| 3-1 | 45.85 | Od 47428/23-24: 150mm Pvc Pipe Fittings | 35.75x12.4m=443.3 | 48.78x12.4m=604.87 | 161.57 |
| 3-2 | 19908.19 | Od 76229/23-24: 12mm Thick Frameless Toughened Glass Door. | 15524.40x3.6m2=55887.84 | 18448.45x3.6m2=66414.42 | 10526.58 |
| 3-4 | 241.04 | 50.18.9.18.1: 75mm Pvc Pipe Fittings | 187.96x22.1m=4153.91 | 254.94x22.1m=5634.17 | 1480.25 |
| 3-5 | 2.63 | Od 76267/23-24: Lettering In Stainless Steel | 2.05x18810cm2=38560 | 2.52x18810cm2=47401.2 | 8840.7 |
| | | | | ആകെ | 29072.15 |
| | | | | +GST 18% | 5232.98 |
| | | | | Total | 34305.13 |

അധികം നൽകിയ 34305 രൂപ (Rounded) ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 61/5-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 ശിഹാബ് തങ്ങൾ, കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

2023-24 ൽ പ്രൊജക്റ്റ് നമ്പർ 353/24 പ്രകാരം 1500000 അടങ്കലിലും 2024-25 വർഷത്തിൽ പ്രൊജക്റ്റ് നമ്പർ 392/25 പ്രകാരം 2000000 അടങ്കലിലും രണ്ട് വ്യത്യസ്ത പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്.

<u>അപാകതകൾ</u>

1) മേൽ രണ്ട് പ്രവൃത്തികളും നിലവിലുള്ള കെട്ടിടത്തിന്റെ മുകൾനിലയിൽ കോൺക്രീറ്റ് കോളം സ്ഥാപിച്ച് സ്റ്റീൽ ഉപയോഗിച്ച് മേൽക്കൂര സ്ഥാപിച്ച് ഷീറ്റ് മേയുന്നതിനുള്ളതാണ്. പകുതി ഭാഗങ്ങളായി തിരിച്ച് വ്യത്യസ്ത പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളതെങ്കിലും രണ്ട് പദ്ധതി പ്രകാരം ഒരു കെട്ടിടമാണ് നിർമിച്ചിട്ടുള്ളത്. ഇത് ഒരുമിച്ച് മാത്രമേ ചെയ്യാൻ കഴിയൂ. രണ്ട് പ്രവൃത്തികളും ഒരേ കരാറുകാരൻ തന്നെയാണ് ചെയ്തിട്ടുള്ളത്. ഒരു കെട്ടിടത്തിന്റെ പ്രവൃത്തിയായതിനാൽ ഒരു കരാറുകാരന് മാത്രമേ ചെയ്യാൻ കഴിയുകയുമുള്ളൂ. എന്നാൽ ആദ്യ പ്രവൃത്തി ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങിയതിന് ശേഷമാണ് രണ്ടാമത്തെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നത്. ഈ രണ്ട് പ്രവൃത്തികളും ഒരേ കരാറുകാരന് തന്നെ ലഭിക്കും എന്ന നിഗമനത്തിൽ എത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

2) പിഴ ഈടാക്കിയിട്ടില്ല. പ്രൊജക്റ്റ് നമ്പർ 353/24 പ്രകാരമുള്ള പ്രവൃത്തി 8-12-23 ന് പൂർത്തീകരിക്കേണ്ടതായിരുന്നു വെങ്കിലും 29-8-24 നാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

3) പ്രൊജക്റ്റ് നമ്പർ 353/24 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ അധികമായി ചെയ്യേണ്ടി വന്ന എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ മുഴുവനായി കുറവ് ചെയ്യാതെ തുക നൽകിയതായി കാണുന്നുണ്ട്.

അധികമായി ചെയ്യേണ്ടി വരുന്ന എക്സ്ട്രാ ഇനം പ്രവൃത്തിക്ക് അംഗീകരിച്ചിട്ടുള്ള ടെണ്ടർ നിരക്ക് ബാധകമായിരിക്കുമെന്ന് കരാറിൽ ഇനം 31 ആയി വ്യവസ്ഥ ഉണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയത് 2024-25ൽ ആയതിനാൽ ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് 2024-25 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 41/4-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 43390 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം

കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ/നിയമപരമായ കാരണം കൊണ്ടല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും, പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 01 | പദ്ധതി | കോഴക്കോട്ടൂർ പാറക്കുലങ്ങര റോഡ് റീ കോൺക്രീറ്റും സൈഡ് കെട്ടും, 318/24 |
| | അടങ്കൽ | 500000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| | കരാറുകാരൻ | ശ്രീ എ പി സുമോദ് |
| | കരാർ | 01/23-24/12-4-23 (പ്രവൃത്തി സ്ഥലം കൈമാറിയത് : 12-4-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 455782 രൂപ |
| | BRN | 23150952024300929738/13-12-23 |
| | PAC | 423608.15 രൂപ |
| | പൂർത്തീകരണ കാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 11-10-23 |
| | പൂർത്തീകരിച്ച തീയതി | 4-12-23 |
| | വൈകിയ കാലയളവ് | 54 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 12-10-23 To 4-12-23: 54 ദിവസം @ 1 % Of PAC: 4236.08 X 54/92 = 2486.39 രൂപ<br>Rounded To 2486/- രൂപ.<br>കുറിപ്പ്: കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി അപേക്ഷിക്കുകയോ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 02 | പദ്ധതി | വലിയ കല്ലിങ്ങൽ അങ്കണവാടി പുനരുദ്ധാരണം, 290/24 |
| | അടങ്കൽ | 336000 (MGNR) |
| | കരാറുകാരൻ | ശ്രീ വി ജയഫർ |
| | കരാർ | 89/22-23/28-3-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 28-3-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 302349രൂപ |
| | BRN: | 23150952024300929729/13-12-23 |
| | PAC | 284317.93 രൂപ |
| | പൂർത്തീകരണകാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 27-9-23 |
| | പൂർത്തീകരിച്ച തീയതി | 24-11-23 |
| | വൈകിയ കാലയളവ് | 58 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 28-9-23 To 24-11-23: @ 1 % Of PAC: 2843.17 X 58/91 = 1812.13 രൂപ<br>Rounded To 1813/- രൂപ<br>കുറിപ്പ്: കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി അപേക്ഷിക്കുകയോ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 03 | പദ്ധതി | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, 259/24 |
| | അടങ്കൽ | 10,00,000 രൂപ (CFC ഗ്രാന്റ് ) |
| | കരാറുകാരൻ | ശ്രീ. അബ്ദുൾ റഷീദ് പി പി |
| | കരാർ | 104/22-23/30-3-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 9-4-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 908397 രൂപ |
| | വൗച്ചർ നമ്പർ | BP-2023-24-2/23-1-24 Rs 700000<br>XVFC/2023-24/P/30/6-1-24 Rs 208397 |
| | PAC | 847340.11 |
| | പൂർത്തീകരണകാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 8-10-23 |
| | പൂർത്തീകരിച്ച തീയതി | 16-12-23 |
| | വൈകിയ കാലയളവ് | 69 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 9-10-23 To 16-12-23: 69 ദിവസം @ 1 % Of PAC: 8473.40 X 69/92 = 6355.05 രൂപ<br>Rounded To 6355/- രൂപ<br>കുറിപ്പ്: വർഷകാലമായതിനാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ കാലാവധി ദീർഘിപ്പിച്ചത് നിയമപരമായി നിലനിൽക്കുന്നതല്ല. മാത്രമല്ല, 30-3-23 ൽ കരാർ വെച്ച പ്രവൃത്തി 4-12-23 ൽ മാത്രമാണ് ആരംഭിക്കുന്നത് |

| | | |
|---|---|---|
| 04 | പദ്ധതി | പൊതു കിണറുകളുടെ പുനരുദ്ധാരണം, 236/24 |
| | അടങ്കൽ | 1000010 രൂപ (CFC ഗ്രാന്റ്) |
| | കരാറുകാരൻ | ശ്രീ അബ്ദുൾ നാസർ |
| | കരാർ | 4/23-24/20-5-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 30-5-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 780325 രൂപ |
| | വൗച്ചർ നമ്പർ | XVFC/23-24/P/44/11-3-24<br>XVFC/23-24/P/48/15-3-24 |
| | PAC | 847070.85 രൂപ |
| | പൂർത്തീകരണ കാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 29-11-23 |
| | പൂർത്തീകരിച്ച തീയതി | 30-1-24 |
| | വൈകിയ കാലയളവ് | 62 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 30-11-23 To 30-1-24: @ 1% Of PAC: 8470.70 X 62/92 = 5708.51 രൂപ<br>Rounded To 5709/- രൂപ<br>കുറിപ്പ്: കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി അപേക്ഷിക്കുകയോ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 05 | പദ്ധതി | ബഡ്സ് സ്കൂൾ പുനരുദ്ധാരണം രണ്ടാം ഘട്ടം 246/24 |
| | അടങ്കൽ | 200000 രൂപ (വികസന ഫണ്ട്- ജനറൽ) |
| | കരാറുകാരൻ | ശ്രീ അബ്ദു റഹിമാൻ പി |
| | കരാർ | 98/22-23/29-3-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 8-4-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 169015 രൂപ |
| | BRN | 23150952024301534313/25-3-24 |
| | PAC | 169293.58 രൂപ |
| | പൂർത്തീകരണകാലയളവ് | 7 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 7-11-23 |
| | പൂർത്തീകരിച്ച തീയതി | 25-1-24 |
| | വൈകിയ കാലയളവ് | 79 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 8-11-23 To 25-1-24: @ 1% Of PAC: 1692.93 X 79/92= 1453.71 രൂപ<br>Rounded To 1454/- രൂപ<br>കുറിപ്പ്: കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി അപേക്ഷിക്കുകയോ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 06 | പദ്ധതി | കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്ത് ബിൽഡിംഗ് സി എച്ച് മുഹമ്മത് കോയ സ്മാരക ബിൽഡിംഗ് പകൽ വീട് അറ്റകുറ്റപ്പണി, 268/24 |
| | അടങ്കൽ | 200000 രൂപ (തനത് ഫണ്ട്) |
| | കരാറുകാരൻ | ശ്രീ അബ്ദുൾ റഷീദ് പി പി |
| | കരാർ | 93/22-23/ (പ്രവൃത്തി സ്ഥലം കൈമാറിയത്: 7-4-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 190129 രൂപ |
| | | |

| | | |
|---|---|---|
| | വൗച്ചർ നമ്പർ | 135/23-24/16-2-24 |
| | PAC | 169393.71 രൂപ |
| | പൂർത്തീകരണകാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 6-10-23 |
| | പൂർത്തീകരിച്ച തീയതി | 17-1-24 |
| | വൈകിയ കാലയളവ് | 3 മാസം 11 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 7-10-23 To 6-1-24: @ 1% Of PAC: 1693.93<br>7-1-24 To 17-1-24, @ 2% Of PAC: 3387.86 X 11/90 = 414.07 രൂപ<br>ആകെ: 2108<br>Rounded To 2108/- രൂപ<br>കുറിപ്പ്: തുടർച്ചയായ മഴ ആയതിനാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ കാലാവധി ദീർഘിപ്പിച്ചത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 07 | പദ്ധതി | ഹോമിയോ ഡിസ്പൻസറി കെട്ടിടം പുനരുദ്ധാരണം, 245/24 |
| | അടങ്കൽ | 450000 രൂപ (കേന്ദ്ര ഫണ്ട്) |
| | കരാറുകാരൻ | ശ്രീ. സി യൂസഫ് |
| | കരാർ | 101/22-23/30-3-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 9-4-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 449217 രൂപ |
| | വൗച്ചർ നമ്പർ | 151/23-24/7-3-24 |
| | PAC | 380801.60 രൂപ |
| | പൂർത്തീകരണകാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 8-10-23 |
| | പൂർത്തീകരിച്ച തീയതി | 24-2-24 |
| | വൈകിയ കാലയളവ് | 3 മാസം 47 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 9-10-23 To 8-1-24: @ 1% Of PAC: 3808.01<br>9-1-24 To 24-2-24, @ 2% Of PAC: 7616.02 X 47/90 = 3977.25 രൂപ<br>ആകെ: 7785.26<br>Rounded To 7785/- രൂപ<br>കുറിപ്പ്: സ്ഥലം സംബന്ധിച്ച ചില ബുദ്ധിമുട്ടുകളാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ കാലാവധി ദീർഘിപ്പിച്ചത്, പ്രവൃത്തിക്കാവശ്യമായ സ്ഥലം ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ പദ്ധതിക്ക് അംഗീകാരം നൽകാവൂ എന്നതിനാൽ നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 08 | പദ്ധതി | MCF കെട്ടിടം വിപുലീകരണം, 241/24 |
| | അടങ്കൽ | 10,00,000 രൂപ (കേന്ദ്ര ഫണ്ട്) |
| | കരാറുകാരൻ | ശ്രീ. ഫായിസ് പി |
| | കരാർ | 8/23-24/27-5-23 (പ്രവൃത്തി സ്ഥലം കൈമാറിയത് 6-6-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 389267 രൂപ |
| | വൗച്ചർ നമ്പർ | BP/2023-24-7/30-3-24 |
| | PAC | 846802.87 രൂപ |
| | പൂർത്തീകരണകാലയളവ് | 8 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 5-2-24 |
| | പൂർത്തീകരിച്ച തീയതി | 18-3-24 |
| | വൈകിയ കാലയളവ് | 42 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 6-2-24 To 18-3-24, @ 1% Of PAC: 8468.02 X 42/91 = 3951.74 രൂപ<br>Rounded To 3952/- രൂപ<br>കുറിപ്പ്: വെയ്സ്റ്റ് പ്ളാസ്റ്റിക്ക് മാറ്റാത്തതിനാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ കാലാവധി ദീർഘിപ്പിച്ചത്, പ്രവൃത്തിക്കാവശ്യമായ സ്ഥലം ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ പദ്ധതിക്ക് അംഗീകാരം നൽകാവൂ എന്നതിനാൽ നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 09 | പദ്ധതി | കാരാണ്ടിൽ അങ്കണവാടിപ്പാടം റോഡ് കോൺക്രീറ്റ്, 252/24 |
| | അടങ്കൽ | 360000 രൂപ (തനത് ഫണ്ട്) |
| | കരാറുകാരൻ | ശ്രീ. ജാഫർ വി |
| | കരാർ | 64/22-23/30-1-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 4-2-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 78044 രൂപ (262634 രൂപ 22-23 ൽ ചെലവഴിച്ചു) |
| | വൗച്ചർ നമ്പർ | 115/23-24/11-12-23 |

| | | |
|---|---|---|
| | PAC | 304807.76 രൂപ |
| | പൂർത്തീകരണ കാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 3-8-23 |
| | പൂർത്തീകരിച്ച തീയതി | 24-11-23 |
| | വൈകിയ കാലയളവ് | 3 മാസം 21ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 4-8-23 To 3-11-23 @ 1% PAC: 3048.07<br>4-11-23 To 24-11-23: @ 2 % Of PAC: 6096.14 X 21/92= 1391.51 രൂപ<br>ആകെ: 4439.58<br>Rounded To 4440/- രൂപ<br>കുറിപ്പ്: കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി അപേക്ഷിക്കുകയോ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 10 | പദ്ധതി | മിനി MCF സ്ഥാപിക്കൽ, 249/24 |
| | അടങ്കൽ | 18,00,000 രൂപ (കേന്ദ്ര ഫണ്ട് ) |
| | കരാറുകാരൻ | ശ്രീ അബ്ദുൾ റഷീദ് പി പി |
| | കരാർ | 103/22-23/30-3-23 (പ്രവൃത്തി സ്ഥലം കൈമാറിയത്: 9-4-23) |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 15,14,646 രൂപ |
| | വൗച്ചർ നമ്പർ | 114/23-24/11-12-23 |
| | PAC | 1524335.54 |
| | പൂർത്തീകരണ കാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 8-10-23 |
| | പൂർത്തീകരിച്ച തീയതി | 21-11-23 |
| | വൈകിയ കാലയളവ് | 44 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 9-10-23 To 21-11-23: 44 ദിവസം @ 1 % Of PAC: 15243.35 X 44/92 = 7290.29 രൂപ<br>Rounded To 7290/- രൂപ<br>കുറിപ്പ്: മെഷ് സമയബന്ധിതമായി ലഭിക്കാത്തതിനാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ കാലാവധി ദീർഘിപ്പിച്ചത്, പ്രവൃത്തിക്കാവശ്യമായ മേറ്റീരിയൽ ശേഖരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായതിനാൽ, നിയമപരമായി നിലനിൽക്കുന്നതല്ല. മാത്രമല്ല, 30-3-23 ൽ കരാർ വെച്ച പ്രവൃത്തി 25-10-23 ൽ മാത്രമാണ് ആരംഭിക്കുന്നത്. |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമ പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള ആകെ നഷ്ടം 43,392 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 42 /4-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 75273/- രൂപ

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup)നിരക്ക് (50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ 30-9-2024ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/Single Section With GI Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്.

ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക(Code 50.10.2) | അധികം (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | **പുത്തലം സ്കൂൾ പുനരുദ്ധാരണം (230/24)**<br>**അടങ്കൽ: 400000 (MGNR)**<br>**TS: 35247/2023/12-5-23**<br>കരാറുകാരൻ: ശ്രീ. ഫായിസ് പി<br>കരാർ: 11/23-24/2-6-23 | ഇനം 3<br>691.390 Kg | 132110.80<br>@191.08/Kg | 105990.08<br>@153.30/Kg | 30822.44 രൂപ<br>(26120.72 +GST 18% 4701.72 = 30822.44) |

| | | | | | |
|---|---|---|---|---|---|
| | അളവ് പുസ്തകം: E- M Book<br>ചെലവ്: 3975986രൂപ<br>BRN:23150952024300590884/26-9-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | | | | |
| 2 | വലിയ കല്ലിങ്ങൽ അങ്കണവാടി പുനരുദ്ധാരണം, 290/24<br>**അടങ്കൽ: 336000 (MGNR)**<br>**TS: 104038/2022/9-2-23**<br>കരാറുകാരൻ: ശ്രീ. വി ജയഫർ<br>കരാർ: 89/22-23/28-3-23<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 302349രൂപ<br>BRN:23150952024300929729/13-12-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 6<br>213.469 Kg | 40789.66<br>@191.08/Kg | 32724.79<br>@153.30/Kg | 9516.54<br>രൂപ<br>(8064.87 +GST 18% 1451.67 = 9516.54) |
| 3 | മിനി MCF സ്ഥാപിക്കൽ, 249/24<br>**അടങ്കൽ: 18,00,000 (കേന്ദ്ര ഫണ്ട്)**<br>**TS: 12526/2023/13-2-23**<br>കരാറുകാരൻ:ശ്രീ. അബ്ദുൾ റഷീദ് പി പി<br>കരാർ: 103/22-23/30-3-23<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 15,14,646രൂപ<br>വൗച്ചർ നമ്പർ: 114/23-24/11-12-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 1<br>959.322 + 469.560 + 599.760=<br>2028.642 Kg<br>Kg | 284009.88<br>@140.0/Kg<br>(Code 10-16-1 @169.88-17.58% Below ER പ്രകാരം നൽകി) | 256318.91<br>@126.35/Kg<br>(@153.30/Kg-17.58 % Below ER) | 32674.30<br>രൂപ<br>(27690.09 +GST 18% 4984.21 = 32674.30) |
| 4 | പൊതു കിണറുകളുടെ പുനരുദ്ധാരണം, 236/24<br>അടങ്കൽ: 270000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ യൂസഫ് സി<br>കരാർ : 3/21-22/2-9-22<br>M Book : 751/21-22<br>TS: 21-22/16303/26-3-22<br>Cost Index: 36.44%<br>ചെലവ് - 249862 രൂപ<br>വൗച്ചർ നമ്പർ: 90/23-24/18-9-23 | ഇനം 17<br>പോസ്റ്റ് സ്ഥാപിക്കൽ.<br>24.885 + 35.837= 60.722 Kg | 9688.19<br>@ 159.55/Kg (191.08-16.5% Below ER) | 7773.02<br>@128.01 (153.30 - 16.5% Below ER) | 2259.90<br>(1915.17 + 18% GST-344.73) |
| | | | | ആകെ | 75273.18 |

ഈയിനത്തിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 75273/- രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 43/4-1024,മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വിവിധ പൊതു കിണറുകളിൽ റിംഗ് സ്ഥാപിക്കൽ; 32,927/- രൂപ അധികം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

പൊതു കിണറുകളിൽ റിംഗ് സ്ഥാപിച്ചതിന് താഴെ പറയും പ്രകാരം അധികത്തുക നൽകിയതായി കാണുന്നു. 0.10 മീറ്റർ വീതിയിൽ റിംഗ് സ്ഥാപിച്ചതിനാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എന്നാൽ, 30-9-24 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ റിംഗുകൾ മുകൾ ഭാഗത്ത് 0.10 മീറ്ററും താഴെ ഭാഗത്ത് സ്റ്റെപ്പ് ലഭിക്കുന്നതിന് വേണ്ടി 0.07 മുതൽ 0.05 വരെ മീറ്ററും വീതിയിലാണ് നിർമിച്ച് കിണറിൽ സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിവരം | രേഖപ്പെടുത്തിയ അളവ്/ നൽകിയ തുക (CODE 5-7 @8622.42) | ചെയ്ത അളവ്/ നൽകാവുന്ന തുക | അധികം നൽകിയതുക (+GST18%) |
|---|---|---|---|---|
| 1 | പൊതു കിണറുകളുടെ പുനരുദ്ധാരണം, 236/24<br>അടങ്കൽ: 10,00,010 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ അബ്ദുൾ നാസർ<br>കരാർ : 4/23-24/20-5-23<br>M Book : E-M Book<br>TS:22095/2023/20-3-23 | 1) ലക്ഷം വീട് കോളനി കിണർ<br>4X3.14X2.35X0.10X0.45=1.32822 M3<br>2)വെള്ളേരി കിണർ<br>10X3.14X3.48X0.10X0.45=4.9170 M3<br>3)ITI റോഡ് കിണർ<br>12X3.14X2.5X0.10X0.45=4.2390 M3<br>3X3.14X2.2X0.10X0.45=<br>0.9330 M3<br>4)മഞ്ഞിക്കൽ പ്രായ് കിണർ | 1) ലക്ഷം വീട് കോളനി കിണർ<br>4X3.14X2.35X(0.10+0.07/2)X0.45=1.1289 M3<br>2)വെള്ളേരി കിണർ<br>10X3.14X3.48X(0.10+0.07/2)X0.45=4.1796 M3<br>3)ITI റോഡ് കിണർ<br>12X3.14X2.5X(0.10+0.07/2)X0.45=3.6031M3<br>3X3.14X2.2X(0.10+0.07/2)X0.45=<br>0.7926 M3<br>4)മഞ്ഞിക്കൽ പ്രായ് കിണർ<br>8X3.14X2.48X(0.12+0.09/2)X0.70=4.5788 M3<br>-------------------------------- | 20084.28<br>(17020.58 +18% GST, 3063.70) |

| | | | | |
|---|---|---|---|---|
| | Cost Index: 36.44%<br>ചെലവ് - 780325 രൂപ<br>വൗച്ചർ നമ്പർ: XVFC/23-24/P/44/11-3-24<br>വൗച്ചർ നമ്പർ: XVFC/23-24/P/44/11-3-24 | 8X3.14X2.48X0.12X0.70=5.2230 M3<br>--------------------------------<br>ആകെ: 16.6500 M3<br>16.650 X 7190.50 (QUOTED RATE) = 119722.49 | ആകെ: 14.2830 M3<br>14.283 X 7190.50 (QUOTED RATE) = 102701.91 | |
| 2 | SC കോളനി പൊതു കിണർ റിപ്പയർ, 263/24<br>അടങ്കൽ: 270000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ യൂസഫ് സി<br>കരാർ : 3/21-22/2-9-22<br>M Book : 751/21-22<br>TS:21-22/16303/26-3-22<br>Cost Index: 36.44%<br>ചെലവ് - 249862 രൂപ<br>വൗച്ചർ നമ്പർ: 90/23-24/18-9-23 | 31x3.14x2.40x0.10x0.35=8.177 M3<br>1x3.14x2.10x0.10x0.35= 0.231 M3<br>--------------------------------<br>ആകെ: 8.41 M3<br>@ 8611.41/M3 = 72421.95 | 31x3.14x2.40x(0.10+0.07/2)X0.35= 6.9500 M3<br>1x3.14x2.10x(0.10+0.07/2)X0.35= 0.1961 M3<br>--------------------------------<br>ആകെ: 7.1461 M3<br>@ 8611.41/M3 = 61537.99 | 12843.07<br>(10883.96 +18% GST, 1959.11) |
| | | | ആകെ | 32927.35 |

കരാറുകാരന് ആകെ 32927/- രൂപ (Rounded) (20084.28 +12843.07) അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 44/4-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 3421/- രൂപ

താഴെ പറയുന്ന പ്രവൃത്തിയുടെ ഇനം 9 പ്രകാരം 63 Mm Pvc പൈപ്പ് സ്ഥാപിച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ 30-9-24 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ ഇനം പ്രവൃത്തി ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രനം | പ്രവൃത്തി | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് | നൽകിയ തുക (18% GST ഉൾപ്പെടെ) |
|---|---|---|---|
| 1 | പുത്തലം സ്കൂൾ പുനരുദ്ധാരണം (230/24)<br>അടങ്കൽ : 400000 (MGNR)<br>TS : 35247/2023/12-5-23<br>കരാറുകാരൻ: ശ്രീ. ഫായിസ് പി<br>കരാർ: 11/23-24/2-6-23<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 3,17,598 രൂപ<br>BRN:23150952024300590884/26-9-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 9<br>63 Mm Pvc പൈപ്പ് സ്ഥാപിക്കൽ<br>10.00 M @ 289.88/M | 3420.58 രൂപ<br>(2898.80 +GST 18% 521.78) |

ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 3421/- രൂപ (Rounded) ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 46/4-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 ആവശ്യമില്ലാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 5511/- രൂപ

താഴെ പറയുന്ന പ്രവൃത്തിയുടെ ഇനം 7 പ്രകാരം 58.242 M2 60 Mm Paver Block വിരിച്ചിട്ടുണ്ട്. ആയത് വിരിക്കുന്നതിനായി അതേ അളവിലായിരുന്നു ഇനം 6 പ്രകാരം സർഫസ് ഡ്രസ്സിംഗ് ചെയ്യേണ്ടിയിരുന്നത്. ആയതിന് പകരം 281.930 M2 ചെയ്തതിന് തുക നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | MCF കെട്ടിടം വിപുലീകരണം, 241/24 |
| അടങ്കൽ | 10,00,000 രൂപ (കേന്ദ്ര ഫണ്ട്) |
| കരാറുകാരൻ | ശ്രീ. ഫായിസ് പി |
| കരാർ | 8/23-24/27-5-23 |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 389267 രൂപ |
| വൗച്ചർ നമ്പർ | BP/2023-24-7/30-3-24 |
| PAC | 846802.87 രൂപ |

| | |
|---|---|
| ഇനം 6 ചെയ്തത്/ തുക നൽകിയത് | 281.930 M2 @ 20.88/M2 = 5886.70 |
| ഇനം 6 ചെയ്യേണ്ടത്/ തുക നൽകേണ്ടത് | 58.242 M2 @ 20.88/M2 = 1216.09 |
| അധികം (GST ഉൾപ്പെടെ) | 5511.30 (4670.60 + 840.70) |

ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 5511/- രൂപ (Rounded) ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 57/5-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 ലക്ഷ്യ പ്രാപ്തി കൈവരിക്കാത്ത രണ്ട് പദ്ധതികൾ; ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 ൽ പൂർത്തിയാക്കിയ രണ്ട് പദ്ധതികളാണ് ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, മിനി MCF സ്ഥാപിക്കൽ എന്നിവ. 161 ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിന് 908397 രൂപയും 34 മിനി MCF സ്ഥാപിക്കുന്നതിന് 15,14,646 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 30-9-24 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഇവ ഫലപ്രദമായി ഉപയോഗിക്കുന്നില്ലെന്നും പദ്ധതികൾ ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, 259/24 | മിനി MCF സ്ഥാപിക്കൽ, 249/24 |
|---|---|---|
| അടങ്കൽ | 10,00,000 രൂപ (CFC ഗ്രാന്റ് ) | 18,00,000 രൂപ (കേന്ദ്ര ഫണ്ട് ) |
| കരാറുകാരൻ | ശ്രീ അബ്ദുൾ റഷീദ് പി പി | ശ്രീ അബ്ദുൾ റഷീദ് പി പി |
| കരാർ | 104/22-23/30-3-23 | 103/22-23/30-3-23 |
| അളവ് പുസ്തകം | E- M Book | E- M Book |
| ചെലവ് | 908397 രൂപ | 15,14,646 രൂപ |
| വൗച്ചർ നമ്പർ | BP-2023-24-2/23-1-24 Rs 700000<br>XVFC/2023-24/P/30/6-1-24 Rs 208397 | 114/23-24/11-12-23 |

<u>അപാകതകൾ</u>

1) സ്ഥല പരിശോധനാ വേളയിൽ കണ്ടെത്തിയ മിനി MCF കൾ എല്ലാം തന്നെ വള്ളിപ്പടർപ്പുകളും കാടും മൂടിയ നിലയിലാണ് കാണപ്പെട്ടത്. മിനി MCF കൾക്കൊന്നും തന്നെ ലോക്ക് ഇല്ല. പ്രൊജക്ട് പ്രകാരം ലോക്കിന് പണം നൽകിയിട്ടുണ്ട്. പല മിനി MCF കളിലും മാലിന്യം നിറഞ്ഞ് നിൽക്കുന്നതായും ആയതിന്റെ പരിസരത്തും മാലിന്യം അലക്ഷ്യമായി വലിച്ചെറിഞ്ഞതായും കാണപ്പെട്ടു. മാലിന്യം ആയതിൽ നിക്ഷേപിച്ച് യഥാസമയം നീക്കം ചെയ്ത് MCF കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

2) ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക്ക് ബോട്ടിലുകൾ നിക്ഷേപിക്കുന്നതിന് വേണ്ടിയാണ് ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 161 ബോട്ടിൽ ബൂത്ത് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ബോട്ടിൽ ബൂത്തുകൾക്കൊന്നും തന്നെ ലോക്ക് ഇല്ല. പ്രൊജക്ട് പ്രകാരം ലോക്കിന് പണം നൽകിയിട്ടുണ്ട്. മിക്ക ബോട്ടിൽ ബൂത്തുകളിലും പ്ലാസ്റ്റിക്ക് ബോട്ടിലുകളേക്കാൾ കൂടുതൽ മറ്റു മാലിന്യങ്ങളാണ് നിക്ഷേപിച്ചിട്ടുള്ളത്. പലവിധ ജൈവ-അജൈവ മാലിന്യങ്ങളും നിക്ഷേപിച്ച് ബോട്ടിൽ ബൂത്തുകൾ വളരെയധികം വൃത്തിഹീനമായ അവസ്ഥയിലാണ് കാണപ്പെട്ടത്. മാത്രമല്ല, ബോട്ടിൽ ബൂത്തുകളിലെ മാലിന്യങ്ങൾ ആയതിൽ നിന്ന് യഥാസമയം നീക്കം ചെയ്യുന്നതായും കാണുന്നില്ല. പലവിധ മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനാൽ ബോട്ടിൽ ബൂത്ത് വലിയ ഒരു ബാധ്യതയായിരിക്കുകയാണെന്നും ആയവയിൽ നിന്ന് മാലിന്യം നീക്കം ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണെന്നും ഹരിതകർമ സേനാംഗങ്ങൾ വാക്കാൽ അറിയിക്കുകയുണ്ടായി .

5-10-23 ന് ചേർന്ന എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ഈ പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. ഇക്കാര്യത്തിലെ തുടർ നടപടി അറിയിക്കേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി - അപാകങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അപാകങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2023-24 തീ. 30.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കെ.എസ്.ഇ.ബി. അസി. അഡ്മിൻ ഓഫീസ്, മഞ്ചേരി |
| 2 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ കൊണ്ടോട്ടി |
| 3 | കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ സർക്കിൾ |
| 4 | കെ.എസ്.ഇ.ബി. (ഡിസിഇ) അസി. ഇ.ഇ.എസ്, ഓഫീസ്, കാഞ്ഞിരോട്, കണ്ണൂർ |
| 5 | പവർഗ്രിഡ് കോ-ഓപ്പറേഷൻ ലിമിറ്റഡ് |
| 6 | സിവിൽ സപ്ലൈസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി സ്ഥാപന തൊഴിൽ നികുതി തൊഴിൽ നികുതി (ജീവനക്കാർ) യുടെ കൂടെയോ ലൈസൻസ് ഫീസിന്റെ കൂടെയോ ഈടാക്കാവുന്നതാണ്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മലപ്പുറം ഡിസ്ട്രിക്ട് വാട്ടർ അതോറിറ്റി |
| 2 | ബി.എസ്.എൻ.എൽ. ഓഫീസ്, അരീക്കോട് |
| 3 | പോലീസ് ഡിസ്പെൻസറി അരീക്കോട് |

മേൽ പറഞ്ഞ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഉണ്ടെങ്കിൽ അവയിലെ ജീവനക്കാരിൽ നിന്ന് 2023-24 സാമ്പത്തിക തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുമ്പോൾ മുൻവർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്ററുകളിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളുമായി (അവ തൻവർഷവും തുടർന്ന് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ) ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നത് വഴി ഇത്തരം അപാകങ്ങൾ ഒഴിവാക്കാവുന്നതാണ്.

3. 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അതിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഫയൽ നം. |
|---|---|---|---|---|
| 1 | 10 | TAKA Saw Mill | 4 | 10/1064/2023 തീ. 17.04.2023 |
| 2 | 19 | TAKA Panels | 15 | 19/1068/2023തീ. 17.04.2023 |
| 3 | 29 | TAKA Doors | 9 | 29/1066/2023 തീ. 17.04.2023 |
| 4 | 219 | TAKA Wooden Doors And Furnitures | 9 | 219/1065/2023 തീ. 15/04/2023 |
| 5 | 26 | എം.പി.ബി. പെട്രോളിയം | 8 | 26/1239/2023 തീ. 17.04.2023 |
| 6 | 438 | എനർജി സിറ്റി | 8 | 438/7127/2023 തീ. 13.10.2023 |
| 7 | 497 | ഹസൂൻസ് ഡെന്റൽ ക്ലിനിക് | 2 | 497/8492/2023 തീ. 21.12.2023 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | കെട്ടിട നം. | ഫയൽ നം. |
|---|---|---|---|---|---|
| 1 | 97 | ആയുർലോകം | ആയിശ കാരങ്ങാട് | 6/757,758 | 1845/23 |
| 2 | 197 | അക്യുപഞ്ചർ, യൂനാനി ആൻഡ് കൌൺസലിങ് സെന്റർ | മുഹമ്മദ് റബീബ് കെ.ടി. | 6/863 F | 2563/23 |
| 3 | 205 | ഡെന്റൽ ക്ലിനിക് | അബ്ബാസ് സി. | 6/1220 | 3771/23 |
| 4 | 210 | ലബോറട്ടറി, സ്കാനിങ്, എക്സ്-റേ | കെ. അബ്ദുറഹിമാൻ | 7/158 | 2293/23 |
| 5 | 212 | ഹെൽത്ത് ആൻഡ് ഡയഗ്നോസ്റ്റിക് സെന്റർ | ജസീർ എളയടത്ത് | 8/150 A,C | 3278/23 |
| 6 | 252 | സ്കാനിങ് സെന്റർ | അൻഷാദ് എൻ.കെ. | 7/227 F | 2653/23 |
| 7 | 341 | ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | ഇ.കെ. ഷാഹുൽ ഹമീദ് | 6/973 | 1861/23 |
| 8 | 374 | മനക്കൽ സെന്റർ ഫോർ ക്യാൻസർ ആൻഡ് ഇൻക്യൂറബിൾസ്, ഉഗ്രപുരം | ഡോ. അഹ്മദ് ഇദ്രീസ് | 2/225 A,B,C | 5979/23 തീ. 11.08.2023 |
| 9 | 529 | ഡോ. അൽസാസ് ആയുർവേദിക് ക്ലിനിക് | ഡോ. അൽസ | 3/56 A | 3220/23 തീ. 29.04.2023 |
| 10 | 567 | ഗണേഷ് ആയുർവ്വേദ ക്ലിനിക് | ശ്രീശാന്ത് എം.വി. | 7/498 | 1840/24 തീ. 11.03.2024 |
| 11 | 573 | കോട്ടക്കൽ ആര്യവൈദ്യശാല | പ്രവീൺ കുമാർ ആർ | 6/1356 A | 1533/24 തീ. 29.02.2024 |

മേൽ സ്ഥാപനങ്ങൾ 1997–ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലായെങ്കിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (5/2023-24 തീ. 28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സ്ഥാപനങ്ങൾ FTEAOS ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ (FTEAOS) ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1 ലെ ഇനങ്ങൾ 130, 142, 143 എന്നിവ പ്രകാരം (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 നോടൊപ്പം വായിക്കുക) പൌൾട്രി ഫാം, സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവക്ക് പ്രവർത്തിക്കാൻ ലൈസൻസ് ആവശ്യമാണ്.

I. 2023-24 വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, പൌൾട്രി ഫാം എന്നിവയുടെ രജിസ്ട്രേഷൻ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണപ്പെട്ടു.

**A) പാരാമെഡിക്കൽ സ്ഥാപനങ്ങൾ**

| ക്രമ നം. | പാരാമെഡിക്കൽസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഫയൽ നം. |
|---|---|---|---|
| 1 | 6 | സുധർമ്മ ഡയഗ്നോസ്റ്റിക് സർവ്വീസ് | 8178 തീ. 22.11.2023 |
| 2 | 12 | ഡോ. ഷെറിൽസ് റൂട്ട് കനാൽ സെന്റർ | 668 തീ. 30.01.2024 |
| 3 | 15 | ഡോ. ഫസൽസ് ഡെന്റൽ ക്ലിനിക്, അരീക്കോട് | 1444 തീ. 28.02.2024 |
| 4 | 17 | ശ്രീഗണേഷ് ആയുർവ്വേദ ഡിസ്പെൻസറി | - |
| 5 | 20 | മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ആസ്റ്റർ മദർ ഹോസ്പിറ്റൽ | 2002 തീ. 18.02.2024 |
| 6 | 21 | റിലീഫ് ഹെൽത്ത്കെയർ ഹോളിസ്റ്റിക് റിസർച്ച് | 2189 തീ. 21.03.2024 |
| 7 | 23 | സോപാനം ആയുർവ്വേദ ക്ലിനിക് | 2350 |

**B) പൌൾട്രി ഫാം**

| ക്രമ നം. | ലൈവ്സ്റ്റോക്ക് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | ഫയൽ നം. |
|---|---|---|---|
| 1 | 1 | പൌൾട്രി ഫാം | 6561 തീ. 12.09.2023 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/2023-24 തീ. 28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ചട്ട പ്രകാരമുള്ള ഫീ ഈടാക്കി ലൈസൻസ് നൽകി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. 03.10.2024 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ലൈസൻസുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ നിരീക്ഷിച്ചു.

A) അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ. കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന ക്യാന്റീനിന് ലൈസൻസ് അനുവദിച്ചിട്ടില്ല. ആയതിൽ നിന്ന് ചട്ട പ്രകാരമുള്ള ഫീ ഈടാക്കി ലൈസൻസ് നൽകി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B) എം.സി.എഫ്. കെട്ടിടത്തിലും സമീപങ്ങളിലും നിരവധി മത്സ്യക്കടകളും ഇറച്ചിക്കടകളും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ ഇവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് രേഖകളിൽ കാണാനായിട്ടില്ല. ടി ഷോപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ചട്ട പ്രകാരമുള്ള ഫീ ഈടാക്കി ലൈസൻസ് നൽകി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 59/2023-24 തീ. 05.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ടെലികോം ടവറുകളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം - വരുമാന നഷ്ടം

2023-24 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ ടെലികോം ടവറുകളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന ടെലികോം ടവറുകളുടെയും വിവരങ്ങൾ പരിശോധിച്ചു. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2013-14 മുതൽ 2023-24 വരെയുള്ള കാലയളവിൽ 6 ടെലികോം ടവറുകളുടെ പെർമിറ്റുകൾക്കായി വിവിധ കമ്പനികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2013-14 മുതൽ 2023-24 വരെയുള്ള കാലയളവുകളിൽ താഴെ പറയുന്ന 2 ടെലികോം ടവറുകൾക്കാണ് നമ്പർ അനുദിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | നമ്പർ അനുവദിച്ച/ നികുതി നിർണ്ണയിച്ച വർഷം | പെർമിറ്റ് തീയതി |
|---|---|---|---|---|
| 1 | 16/145 E | എ.ടി.സി. ടെലകോം ഇൻഫ്രാസ്ട്രക്ചർ, കൊച്ചി | 2021 ഒന്നാം അർദ്ധ വർഷം | 28.09.2018 |
| 2 | 10/159 A | റിലയൻസ് ജിയോ ഇൻഫോകോം, കൊച്ചി | 2022 ഒന്നാം അർദ്ധ വർഷം | 07.11.2018 |

ഒരു ടവറിന്റെ അപേക്ഷ നിലസിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 ടവറുകളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം. | ഇൻവാർഡ് നം | സർവ്വേനം/ വാർഡ് നം | അപേക്ഷകന്റെ/ കമ്പനിയുടെ പേര് | പെർമിറ്റ് നം/ നോട്ടീസ് വിവരം | നിരീക്ഷണം |
|---|---|---|---|---|---|---|
| 1 | 213/2015-16 | A5-5555/15 തീ. 24.11.2015 | സ.നം-188/12 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്-കൊച്ചി | അനുവദിച്ചു (A5-5555/15 തീ. 24.11.2015) | കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നില്ല |
| 2 | 23/2023-24 | 9862/20.12.23 | സ.നം. 100/13-7 | ഇൻഫോകോം ടവർ ലിമിറ്റഡ്, പാലാരിവട്ടം | അനുവദിച്ചിട്ടില്ല | പെർമിറ്റ്, കെട്ടിട നമ്പർ എന്നിവ അനുവദിച്ചതായി കാണുന്നില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | 143/2020-21 | A5- 5445 തീ. 03.11.2020 | സ.നം. 372/7 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, പാലാരിവട്ടം | അനുവദിച്ചു (A5 – 5445/20 തീ. 03.12.2020 | കെട്ടിട നം. അനുവദിച്ചതായി കാണുന്നില്ല. |

ഇതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്താൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2023-24 തീ. 26.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടിക 2ലെ ക്രമ നമ്പറിൽ പരാമർശിച്ച ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ ഉടമസ്ഥരിൽ നിന്നും ചട്ട പ്രകാരമുള്ള റെഗുലറൈസേഷൻ ഫീസ്, പിഴ പലിശ എന്നിവ ഈടാക്കി ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ എല്ലാ ടെലികോം ടവറുകൾക്കും കെട്ടിട നമ്പർ നൽകി അവ സ്ഥാപിക്കപ്പെട്ട വർഷം മുതലുള്ള കെട്ടിട നികുതി പിഴ പലിശ അടക്കം ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 അനധികൃത നിർമ്മാണങ്ങൾ UA നമ്പർ നൽകി നികുതി ഈടാക്കുന്നില്ല/ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ വകപ്പ് പ്രകാരം ഏതെങ്കിലും ആൾ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ, കെട്ടിടം പണി പൂർത്തിയാവുകയോ അത് 203ഠം വകുപ്പ് പ്രകരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടമായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. കെട്ടിടങ്ങൾക്ക് ഏതെങ്കിലും മാറ്റങ്ങൾ വരുത്തുകയോ അവയിൽ എന്തെങ്കിലും കൂട്ടിച്ചേർത്ത് പണിയുകയോ ചെയ്യുന്നതും നിയമാനുസൃതമല്ലാത്ത നിർമ്മിതികളിൽ വരുന്നതാണെന്ന് വകുപ്പ് 235 വി പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രധാന ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

• ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി വിവരങ്ങൾ ഫോം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

• ചട്ടം 20(2) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ "യു.എ." എന്ന് ചേർത്ത് അനധികൃത നിർമ്മാണത്തിന്റെ വർഷം കൂടി ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നൽകേണ്ടതാണ്.

• ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

മേൽ നിയമങ്ങൾക്കും ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കുമനുസരിച്ച് പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം , UA നമ്പർ നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും UA കെട്ടിട നമ്പർ രജിസ്റ്ററോ അനുബന്ധ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ UA നമ്പർ അനുവദിച്ചിട്ടില്ല എന്ന വിവരം വാക്കാൽ അറിയിക്കുകയാണ് ചെയ്തത്.
വിവിധ പദ്ധതികളുടെയും, ലൈസൻസ്, തൊഴിൽ നികുതി, വസ്തുനികുതി തുടങ്ങിയവയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ 03.10.2024ന് ഓഡിറ്റ് നേരിട്ട് പ്രാദേശിക പരിശോധന നടത്തിയതിൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ച് വാർഡ് 15ൽ പ്രവർത്തിച്ച് വരുന്ന ടാക്ക ഡോർസ്, ടാക്ക ബോർഡ്സ്, ടാക്ക വുഡ്സ്, ടാക്ക സോമിൽ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടന്നതായും നിരവധി വാർത്താവിനമയ ഗോപുരങ്ങൾ ഗ്രാമപഞ്ചായത്ത് നമ്പർ ലഭ്യമാകാതെയും നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഫയലുകൾ പരിശോധിച്ചതിന്റെയും ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയുടെയും അടിസ്ഥാനത്തിൽ നിരവധി അനധികൃത നിർമ്മാണങ്ങളും ഇത്തരം നിർമ്മാണങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയത് പ്രകാരമുള്ള പോസ്റ്റ് ഓഡിറ്റ് നടത്തുകയോ പരിശോധന നടത്തുകയോ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ തന്നെ കെട്ടിടങ്ങളുടെ നിർമ്മാണ ശേഷം, ചട്ടപ്രകാരം കെട്ടിടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട പാർക്കിംഗ് സ്ഥലങ്ങളിലും തുറസായ സ്ഥലങ്ങളിലും അനധികൃത നിർമ്മാണങ്ങൾ നടക്കുന്നത് നിരവധിയാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച പരാമർശ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനം | അനധികൃത നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക പരാമർശം ചുരുക്കത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 2019-20, 1-15: വാണിജ്യ കെട്ടിടത്തിലെ അനധികൃത നിർമ്മാണം | ഈ കെട്ടിടങ്ങളിലെല്ലാം KPBR ലംഘനം/അനധികൃത നിർമ്മാണങ്ങൾ ഉള്ളതായി ഓഡിറ്റ് ചൂണ്ടി കാണിച്ചിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്ത് ടി കെട്ടിടങ്ങൾ നിയമവിധേയമാക്കുകയോ UA നമ്പർ നൽകി 235എ.എ വകപ്പ് പ്രകാരമുള്ള നികുതി ഈടാക്കുകയോ ഇത്തരം നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |
| 2 | 2020-21, 1-17: വാണിജ്യ കെട്ടിടത്തിലെ അനധികൃത നിർമ്മാണവും കടകൾ പ്രവർത്തിക്കുന്നതും. | |
| 3 | 2020-21, 1-18: വാണിജ്യ കെട്ടിടത്തിലെ അനധികൃത നിർമ്മാണവും കടകൾ പ്രവർത്തിക്കുന്നതും. | |
| 4 | 2021-22, 1-13: വാണിജ്യ കെട്ടിടത്തിലെ അനധികൃത നിർമ്മാണം | |
| | | |

| | | |
|---|---|---|
| 5 | 2021-22, 1-14: വാണിജ്യ കെട്ടിടത്തിലെ അനധികൃത നിർമ്മാണവും പാർക്കിംഗ് കുറവും | |
| 6 | 2022-23, 1-41: വിദ്യഭ്യാസ കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾ | |
| 7 | 2022-23, 1-44: വാണിജ്യ കെട്ടിടത്തിലെ അനധികൃത നിർമ്മാണം തുടർ നടപടി വിവരം ലഭ്യമല്ല | |

UA നമ്പർ/പ്രത്യേക നമ്പർ നൽകുന്നതിനുണ്ടാകുന്ന ഏതൊരു കാലതാമസവും മുൻകാല പ്രാബല്യത്തോടെ, 235എ.എ വകപ്പ് പ്രകാരമുള്ള വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല എന്ന് 235എ.എ(3) വകപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പട്ടികയിലെ കെട്ടിടങ്ങളിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ/ ടി കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ച് ചട്ടപ്രകാരമുള്ള വസ്തു നികുതി മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇതുമായു ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/2023-24 തീ. 04.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 16/24

തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും പദ്ധതി (ഡെപ്പോസിറ്റ് പ്രവൃത്തി )

അടങ്കൽ തുക & വിനിയോഗിച്ച തുക – 9,50,000 (ധനകാര്യ കമ്മീഷൻ അവാർഡ് തുക )

വൗച്ചർ നം./തീയ്യതി - 22301316/ 30.03.2024 – 9,50,000 രൂപ

നിർവ്വഹണം - സെക്രട്ടറി

തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും പദ്ധതിക്കായി 9,50,000 രൂപ മുൻകൂറായി അസിസ്റ്റൻറ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ അരീക്കോടിന് നൽകിയിട്ടുണ്ട് പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1) പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.84/2022/ തസ്വഭവ തീ.19.04.2022 ഖണ്ഡിക 12.2 (5(ഡി) (Ii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ മുൻകൂറായി തുക നൽകാവു എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട് .

2) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം.
അപാകം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 15/2023-24/30.09.2024 )മറുപടി ലഭ്യമാക്കിയില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.പദ്ധതിക്കായി ചെലവഴിച്ച 9,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി-അധികത്തുക തിരികെ ഈടാക്കേണ്ടതാണ്.

MGNREGS എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE സോഫ്റ്റ്‌വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (50kg Bag ന് Rs. 640/-വരെ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNREGS ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNREGS മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്.
എന്നാൽ, ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന്, മേൽ ഉത്തരവിന് വിരുദ്ധമായി, യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ (SECURE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള) നിരക്ക് നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വിവിധ വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 614 മുതൽ 651 രൂപ വരെ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 375/- മുതൽ 430/- രൂപവരെയാണ് ഒരു ചാക്ക് സിമന്റിന് (50 Kg) വിവിധ ബ്രാന്റുകളുടെ മാർക്കറ്റ് വില.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് 3.01.23 ന് ടെണ്ടർ ക്ഷണിച്ച് നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | സിമന്റിന്റെ അളവ് (Tonne/ Bag) | സിമന്റ് വാങ്ങിയതിന് നൽകിയ തുക | | സിമന്റ് വാങ്ങിയതിന് നൽകാവുന്ന പരമാവധി തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| | | | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | ഒരു Tonne/ ഒരു ചാക്ക് -ന്റെ വില | ആകെ | |
| 1 | കൊരഞ്ഞീരി മമ്മൂട്ടിഹാജി റോഡ് സൈഡ് കെട്ടി കോൺക്രീറ്റ് (വാർഡ്-3)<br>FTONo.2505202316153/23.05.2023<br>കരാറുകാരൻ- ഷംസുദീൻ കെ കൊരമ്പയിൽ വീട് വി.കെ പടി , പന്നിപ്പാറ | 0.1600/3.20**Bags** | 13024/ 651.20 | 2083.84 | 8600/430 | 1376 | 707.84 |
| **2** | മുട്ടുങ്ങൽ ജാറം റോഡ് കോൺക്രീറ്റിംഗ് ( വാർഡ്-8)<br>FTONo.012EATPAYREQ0142023161429/ 01.04.2023 | 7.20 /144 Bags | 13024 /651.20 | 93772.80 | 8600/430 | 61920 | 31852.8 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കരാറുകാരൻ- റഹ്മത്തുള്ള എടക്കരതൊടി വീട് കീഴുപറമ്പ് പി ഒ | | | | | | |
| 3 | ആലുക്കൽ GHSS റോഡ് കോൺക്രീറ്റിംഗ് ( വാർഡ്-2) FTONo.1705202316657/17.05.2023 കരാറുകാരൻ-ഷംസുദ്ദീൻ കെ കൊരമ്പയിൽ വീട് വി.കെ പടി, പന്നിപ്പാറ | 7.20/ 144 Bags | 13024/ 651.20 | 93772.80 | 8600/430 | 61920 | 31852.8 |
| 4 | ആലുക്കൽ GHSS റോഡ് സൈഡ് കെട്ടി കോൺക്രീറ്റിംഗ് ( വാർഡ്-1) FTONo.161660/01.04.2023 കരാറുകാരൻ-ഷംസുദ്ദീൻ കെ കൊരമ്പയിൽ വീട് വി.കെ പടി, പന്നിപ്പാറ | 12.744 /254.88Bags | 13024/651.20 | 165977.86 | 8600/430 | 109598.40 | 56379.46 |
| 5 | സ്റ്റേഡിയം മേലേപ്പററ റോഡ് കോൺക്രീറ്റിംഗ് ( വാർഡ്-14) FTONo.2505202316151/22.04.2023 കരാറുകാരൻ-അബ്ദുറഹ്മാൻ പി മടത്തിൽ പറമ്പിൽ വീട് വി.കെ ചെമ്രക്കാട്ടൂർ | 8.7840 / 175.68 Bags | 12288/ 614.40 | 107937.79 | 8600/430 | 75542.40 | 32395.39 |
| 6 | ട്രാൻസ്ഫോർമർ വാച്ചാക്കൽ റോഡ് സൈഡ് കെട്ട് ( വാർഡ്-15) FTONo.3009202316792/30.09.2023 കരാറുകാരൻ-സക്കീർ കെ കൊന്നാലത്ത് വീട്, മൈത്ര പി ഒ | 0.7700 /15.40 Bags | 13024/ 651.20 | 10028.48 | 8600/430 | 6622 | 3406.48 |
| 7 | കാവുങ്ങൽപാടം റോഡ് സൈഡ് കെട്ടി കോൺക്രീറ്റിംഗ് ( വാർഡ്-15) FTONo.2510202316320/25.10.2023 കരാറുകാരൻ-സക്കീർ കെ കൊന്നാലത്ത് വീട്, മൈത്ര പി ഒ | 10.5120 /210.24Bags | 12288/614.40 | 129171.46 | 8600/430 | 90403.20 | 38768.26 |
| 8 | ചോയക്കാട് ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് (വാർഡ്-15) FTONo.01042023161392/01.04.2023 കരാറുകാരൻ-സക്കീർ കെ കൊന്നാലത്ത് വീട്, മൈത്ര പി ഒ | 7.20 /144Bags | 13024/ 651.20 | 93772.80 | 8600/430 | 61920 | 31852.8 |
| 9 | കോഴിശ്ശേരികുണ്ട് ഡ്രെയ്നേജ് നിർമ്മാണം (വാർഡ്-16) FTONo.1601202416882/16.01.2024 കരാറുകാരൻ-ഫായിസ് വി പട്ടയക്കൽ വീട്, അരീക്കോട് പി ഒ | 1.2546 /25.092 Bags | 12288/ 614.40 | 15416.52 | 8600/430 | 10789.56 | 4626.96 |
| 10 | മരതംകുഴി കനാൽ റോഡ് കോൺക്രീറ്റിംഗ് ( വാർഡ്-18) FTONo.2510202316297/25.10.2023 കരാറുകാരൻ-സക്കീർ കെ കൊന്നാലത്ത് വീട്, മൈത്ര പി ഒ | .2200 /4.40 Bags | 13034/ 651.20 | 2865.28 | 8600/430 | 1892 | 973.28 |
| 11 | കോലോത്ത് മേലേതയ്യിൽ റോഡ് കോൺക്രീറ്റിംഗ് ( വാർഡ്-11) FTONo.27102023161276/27.10.2023 കരാറുകാരൻ-അബ്ദുറഹ്മാൻ പി മടത്തിൽപറമ്പിൽ വീട് വി.കെ ചെമ്രക്കാട്ടൂർ | 18.288/365.76 Bags | 13024/ 651.20 | 238182.91 | 8600/430 | 157276.80 | 80906.11 |
| ആകെ | | | | | | | 3,13,722.18 |

പുറമെ വില വിത്യാസപ്രകാരമുള്ള അവശേഷിക്കുന്ന തുക കൂടി ഈടാക്കേണ്ടതാണ് . ഫയലിൽ സിമെൻറ് വാങ്ങിയതിന്റെ ഇൻവോയ്സ്/GST ബിൽ വെച്ചിട്ടില്ല. മേൽ പട്ടികയിൽ പരമാവധി നൽകാവുന്ന തുകയായ 8600 രൂപ/ടൺ ആണ് കാണിച്ചിട്ടുള്ളത്. സിമെൻറ് വാങ്ങിയതിന്റെ ഇൻവോയ്സ്/GST ബിൽ പ്രകാരമുള്ള യഥാർത്ഥ വില 8600 രൂപ/ടണ്ണിലും കുറവാണെങ്കിൽ മേൽ പട്ടിക പ്രകാരമുള്ള 3,13,722.18 രൂപയ്ക്ക് പുറമെ വില വ്യത്യാസ പ്രകാരമുള്ള അവശേഷിക്കുന്ന തുക കൂടി ഈടാക്കേണ്ടതാണ്. കൂടാതെ മിക്ക അളവ് ബുക്കുകൾക്കും നമ്പർ നൽകിയിട്ടുമില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ-22/2023-24/01.10.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-27 ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ്നം. 273/24

ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് (സ്പിൽ ഓവർ)

അടങ്കൽ തുക – 3,00,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക – 2,41,070 രൂപ (തനത് ഫണ്ട്)

വൗച്ചർനം/ തീയ്യതി - 22301274/29.03.2024

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പ്രവൃത്തിയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൂർത്തീകരണം സാക്ഷ്യപത്രം ലഭ്യമാക്കിയാണ് തുക നൽകിയിട്ടുള്ളത്.

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ ഉ(കൈ)നം.84/2022/ തസ്വഭവ തീ. 19.04.2022 ഖണ്ഡിക 3.8.4 (Vii) (ബി ) പ്രകാരം ഇലക്ട്രോണിക്സ് പ്രവൃത്തികൾക്കും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം

വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും PWD, (ഇലക്ട്രോണിക്സ്) KSEB, കെൽട്രോൺ എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ ഇലക്ട്രോണിക്സ് എഞ്ചിനീയർമാർ അംഗങ്ങളും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറും ആയ ഒരു പാനൽ രൂപീകരിക്കേണ്ടതും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

മേൽ പ്രകാരം വ്യക്തമായ നിർദേശമുണ്ടായിട്ടും പ്രസ്തുത മാർഗ്ഗം അവലംബിക്കാതെ എന്തുകൊണ്ടാണ് ഈ പ്രവൃത്തി പൊതുമരാമത്ത് ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൂർത്തീകരണം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നും പ്രവൃത്തിയുടെ നിർവഹണ ചുമതലകൾക്ക് മേൽ പരാമർശിച്ച പ്രകാരം എസ്റ്റിമേറ്റിന്റെ 4 % മാത്രം ചെലവഴിച്ചാൽ മതി എന്നിരിക്കെ സെന്റേജ് ചാർജ് ഇനത്തിൽ 13.78% തുക (36,326 രൂപ) അനുവദിച്ച് നൽകിയിട്ടുള്ളതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവിന്റെ/അനുമതി പത്രത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.21/2023-24/01.10.24- മറുപടി ലഭ്യമാക്കിയില്ല)

## 1-28 ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. 275/24

പഞ്ചായത്ത് ഓഫീസ് കെട്ടിടം വൈദ്യുതീകരണം പൂർത്തീകരണം (സ്പിൽ ഓവർ)

അടങ്കൽ തുക – 5,00,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക – 4,99,962 രൂപ (തനത് ഫണ്ട്)

വൗച്ചർനം/ തീയ്യതി - 22300936/16.01.2024

നിർവ്വഹണം - സെക്രട്ടറി

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

3). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും, ബിൽ തയ്യാറാക്കുന്നതിനുള്ള തുക ഉൾപ്പെടെ (ആകെ 17,168 രൂപ) ശ്രീ.അലികുന്നത്ത് ( (ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മറ്റി (ഇലക്ട്രിക്കൽ)അംഗം) യുടെ 16000100027269 (ഫെഡറൽ ബാങ്ക്) ബാങ്ക് അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്.

4)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ (ശ്രീ. അബൂബക്കർ, ശ്രീ.അലികുന്നത്ത്, ശ്രീ.അബ്ദുൾ ഗഫൂർ കെ.എൻ.) തന്നെയാണ് നിർവ്വഹിക്കുന്നത്.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.20/2023-24/01.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-29 ഹരിതകർമ്മസേനക്ക് സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് –ഉപയോഗപ്പെടുത്തിയില്ല.

പ്രോജക്റ്റ് നം. 34/24

ഹരിതകർമ്മസേനക്ക് സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് പദ്ധതി
അടങ്കൽ തുക – 2,10,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

4,90,000 (കേന്ദ്രാവിഷ്കൃത ഫണ്ട്)
----------
ആകെ 7,00,000 രൂപ
വിനിയോഗിച്ച തുക – 6,00,000 രൂപ
1,80,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )
4,20,000 രൂപ (സെൻട്രൽ ഷെയർ)
നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി
വൗച്ചർ നം./തീയ്യതി - 22301259/30.03.2024 – 1,80,000 രൂപ
വൗച്ചർ നം./തീയ്യതി - 22301260/30.03.2024 – 4,20,000 രൂപ

ജെം പോർട്ടൽ മുഖേന FLORET TECHNOLOGIES പഴവങ്ങാടി, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേനയാണ് സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് വാങ്ങിയിട്ടുള്ളത്. സ്ഥാപനവുമായി 07.02.2024 ന് ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരവും, ജെം കോൺട്രാക്റ്റ് പ്രകാരവും (GEMC- 511687793543630/06.02.2024) ഉല്പന്നത്തിന് ഒരു വർഷത്തെ വാറണ്ടിയും ഫ്രീ ആയി ഒരു വർഷം സ്ഥാപനം ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനവും നൽകുന്നതാണ്. വാങ്ങിയ ശേഷം ഉൽപ്പന്നത്തിനുണ്ടാകുന്ന ഭൗതികമായ കേടുപാടുകൾ ഒരിക്കലും വാറണ്ടിയുടെ പരിധിയിൽ വരില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഉല്പന്നം സ്ഥാപിച്ചുവെന്ന് പറയപ്പെടുന്ന മെറ്റീരിയൽ കളക്ഷൻ സെന്ററിൽ 03.10.2024 ന് നേരിട്ട് പരിശോധന നടത്തിയെങ്കിലും സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് കണ്ടെത്താൻ സാധിച്ചില്ല. ഇടുങ്ങിയ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ മാലിന്യ കൂമ്പാരങ്ങൾക്കിടയിൽ സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് ഉണ്ടെന്ന് സേനാംഗങ്ങൾ വാക്കാൽ അറിയിച്ചു. വലിയ തുക മുടക്കി ഒരു വർഷത്തെ വാറണ്ടിയും ഫ്രീ ആയി ആദ്യ വർഷം സ്ഥാപനം ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനവും നൽകുന്നതാണ് എന്ന വ്യവസ്ഥയിൽ വാങ്ങിയ ഉൽപ്പന്നം (ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാതെയും) യാതൊരു ഉപയോഗവുമില്ലാതെ മാലിന്യ കൂമ്പാരങ്ങൾക്കിടയിൽ വെക്കപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
അപാകം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.35/2023-24/04.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സെഗ്രിഗേഷൻ കൺവെയർ ബെൽറ്റ് പ്രവർത്തനസജ്ജമാക്കി വിവരമറിയിക്കേണ്ടതാണ്. അതുവരെയും പദ്ധതിക്കായി ചെലവഴിച്ച 6,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 ഹൃദ്യ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 391/24

ഹൃദ്യ

അടങ്കൽ തുക – 26,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക – 19,415 രൂപ (തനത് ഫണ്ട്)

വൗച്ചർ നം./ തീയ്യതി - 22301085/22.02.2024
നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

ഹൃദ്യ പദ്ധതി പ്രകാരം സി ഡി എസ്സ് തലത്തിൽ സാന്ത്വന പരിചരണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നേടിയ വളണ്ടിയർ രൂപീകരണം, ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെ 06.02.2024, 07.02.2024 എന്നീ തീയ്യതികളിൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവെച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു.
പാലിയേറ്റീവ് കെയർ മേഖലയിൽ ജില്ലയിൽ 30000 സ്ത്രീകളെ പരിശീലിപ്പിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനും മലപ്പുറം പാലിയേറ്റീവ് കെയറുമായി സംയോജിച്ച് സ്ത്രീകളെ പരിചരണ രംഗത്ത് സ്വയം പര്യാപ്തരാക്കുക, സി.ഡി.എസ് തലത്തിൽ സാന്ത്വന പരിചരണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നേടിയവരുടെ വളണ്ടിയർ രൂപീകരിക്കുക മുതലായവ ലക്ഷ്യമിട്ട് ആരംഭിച്ച ഹൃദ്യ പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.13/2023-24/30.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവിരം അറിയിക്കുന്നത് വരെ ചെലവ് തുകയായ 19,415 /- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 23/24

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി

അടങ്കൽ തുക -8,00,000 രൂപ

വിനിയോഗിച്ച തുക – 4,60,000 രൂപ (വികസന ഫണ്ട്- എസ്.സി.പി)

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

ബി ആർ എൻ - 23150952025500851352/ 28.11.2023 – 30,000 രൂപ

ബി ആർ എൻ - 23150952025501003960/ 30.12.2023 – 60,000 രൂപ

ബി ആർ എൻ - 23150952025501484848/ 24.03.2024 – 80,000 രൂപ

ബി ആർ എൻ - 23150952025500846191/ 27.11.2023 – 30,000 രൂപ

ബി ആർ എൻ - 23150952025500951334/ 18.12.2023 – 60,000 രൂപ

ബി ആർ എൻ - 23150952025501108517/ 23.01.2024 – 80,000 രൂപ

ബി ആർ എൻ - 23150952025500929737/ 13.12.2023 – 30,000 രൂപ

ബി ആർ എൻ - 23150952025500866435/ 30.11.2023 – 30,000 രൂപ

ബി ആർ എൻ - 23150952025500998597/ 29.12.2023 – 60,000 രൂപ

പട്ടികജാതിക്കാരായ അഞ്ച് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി ഗുണഭോക്താവായ ആദിദേവ് ടി കണ്ടേങ്ങൽപുരയിൽ മുണ്ടമ്പ്ര ഉഗ്രപുരം എന്ന വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. ടിയാൻ വിദ്യാർത്ഥിയാണെന്നതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) സ.ഉ (സാധാ)നം. 738/2023/തസ്വഭവ തീ. 28.03.2023 എന്നിവ പ്രകാരം ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹത. ഗുണഭോക്തൃലിസ്റ്റിലിൽ അർഹതയുള്ള എല്ലാ 12-ാം ക്ലാസ് വിദ്യാർത്ഥികളെയും ആനുകൂല്യത്തിനായി ആദ്യം പരിഗണിക്കണം അതിനുശേഷമാണ് 11-ാം ക്ലാസ് മുതൽ താഴോട്ടുള്ള വിദ്യാർത്ഥികളെ പരിഗണിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച 41 അംഗ ഗുണഭോക്തൃപട്ടിക ഒരു വിദ്യാർത്ഥിയുടെയും ക്ലാസ് പരിഗണിച്ചല്ല തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താവായ ഷബിന ശശി ഹയർസെക്കണ്ടറി

കോമേഴ്സ് വിദ്യാർത്ഥിയാണെന്ന് മാത്രമാണ് വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയത്. ആദിത്യൻ പി എന്ന വിദ്യാർത്ഥി മാത്രമാണ് 12-ാം ക്ലാസ് വിദ്യാർത്ഥിയായി ആനുകൂല്യം കൈപ്പററിയിട്ടുള്ളത്. സർക്കാർ നിർദേശം അവഗണിച്ചാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

3)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം. 115/2022/ തസ്വഭവ തീ. 28.02.2022 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ആവശ്യമായ സ്ഥലസൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ 100 ചതുരശ്ര അടിയിയിൽ കുറയാതെ വിസ്തൃതിയിലും, കൂടാതെ, അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മതിയായ സ്ഥല സൗകര്യമില്ലാത്തവർക്ക് നിലവിലുള്ള കെട്ടിടത്തിന് മുകളിലും പഠനമുറി നിർമ്മിക്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ ഒരു ഗുണഭോക്താവും എത്ര ചതുരശ്ര അടി പഠനമുറി നിർമ്മിച്ചുവെന്ന് വ്യക്തമാക്കിയിട്ടില്ല. കൃത്യമായി സ്ഥലപരിശോധന നടത്തിയല്ല മൂല്യനിർണ്ണയ സാക്ഷ്യപത്രം അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാണ്. സർക്കാർ നിർദേശം അവഗണിച്ചാണ് പഠനമുറി നിർമ്മാണം നടത്തിയിട്ടുള്ളത്.

ഓരോ ഗുണഭോക്താവും എത്ര ചതുരശ്ര അടി പഠനമുറി നിർമ്മിച്ചുവെന്ന് വ്യക്തമാക്കുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2023-24/30.09.2024) ലഭ്യമാക്കിയ മറുപടിയിൽ ഏഴാക്ലാസുകാരനായ ആദിദേവ് ടിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കി. എത്ര ചതുരശ്ര അടി പഠനമുറി നിർമ്മിച്ചുവെന്ന് വ്യക്തമാക്കുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.ആയത് ലഭ്യമാക്കുന്നത് വരെ ചെലവുതുക 4,60,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മേൽ ക്രമനം(2),(3) അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-32 ബഡ്സ് സ്കൂളിന് സർക്കാർ അംഗീകാരമില്ല

2023-24 വർഷത്തിൽ ബഡ്സ് സ്കൂൾ അധ്യാപകൻ ഹോണറേറിയം ഇനത്തിൽ 3,90,720 രൂപയും (തനത്ഫണ്ട്- പ്രോജക്റ്റ് നം. 30/24) ബഡ്സ് സ്കൂൾ ഹെൽപ്പറുടെ ഹോണറേറിയം ഇനത്തിൽ 1,32,500 രൂപയും (തനത്ഫണ്ട്- പ്രോജക്റ്റ് നം. 31/24 ) ചെലവഴിച്ചിട്ടുണ്ട്. സ.ഉ (എം എസ് )നം. 20/2018/ തസ്വഭവ തീ. 07.02.2018 പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ രണ്ടു വർഷത്തേക്ക് താൽക്കാലിക അംഗീകാരം നൽകുന്നതാണ്. രണ്ടുവർഷം പൂർത്തിയാകുന്നമുറക്ക് സ്ഥിരം അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിന് (പൊതു വിദ്യാഭ്യാസ വകുപ്പാണ് ബഡ്സ് സ്കൂളിന് അംഗീകാരം നൽകേണ്ടത്) നൽകേണ്ടതാണ്. അല്ലാത്തപക്ഷം താൽക്കാലിക അംഗീകാരം റദ്ദാവുന്നതാണ്. 01.11.2019 നാണ് ആരംഭിച്ച ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്.

03.10.2024 ന് ബഡ്സ് സ്കൂൾ നേരിൽ സന്ദർശിച്ചതിൽ സ്കളിന് നാളിതുവരെയും അംഗീകാരം ലഭിച്ചിട്ടില്ലെന്നും ആയതിനുള്ള ശ്രമം നടത്തിയിട്ടില്ലെന്നും വെളിവായി.ബഡ്സ് സ്കൂളിൽ നിലവിൽ 22 പേർ ഉണ്ട്.സ.ഉ (എം എസ് നം. 20/2018/ത സ്വ ഭ വ /7-2-2018 ഖണ്ഡിക 4 പ്രകാരം ബഡ്സ് സ്കൂളുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:8 ഉം ആയ-വിദ്യാർത്ഥി അനുപാതം 1:15 ഉം ആയിരിക്കെ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ വിദ്യാർത്ഥികൾ ബഡ്സ് സ്കൂളിൽ നിലവിലുണ്ട്.അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തപക്ഷം ബഡ്സ് സ്കൂളിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്.

ഫർണ്ണീച്ചറുകൾ, കസേര, മേശ, കമ്പ്യൂട്ടർ, വീൽ ചെയർ നിരവധി ഫിയോതെറാപ്പി ഉപകരണങ്ങൾ എന്നിവ ബഡ്സ് സ്കൂളിൽ നിലവിലുണ്ട്. എന്നാൽ ആയവ നമ്പറിട്ട് വേർതിരിച്ച് സ്റ്റോക്കിലെടുത്തിട്ടില്ല. നിരവധി ഫിയോതെറാപ്പി ഉപകരണങ്ങൾ ലഭ്യമെങ്കിലും ഫിയോതെറാപ്പി നടത്തുന്നതിനായി ആവശ്യമായ സ്ഥലസൗകര്യം ഒരുക്കാത്തതിനാൽ തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകളെയാണ് ഈ ആവശ്യത്തിനായി ഗുണഭോക്താക്കൾ നിലവിൽ ആശ്രയിക്കുന്നത്. ബഡ്സ് സ്കൂളിന് തൊട്ടടുത്ത കെട്ടിടം ഈ ആവശ്യത്തിനായി സജ്ജമാക്കിയിട്ടുണ്ടെങ്കിലും ആയതിന് നമ്പറിട്ടിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ടോയെന്നും അറിവായിട്ടില്ല.

ബഡ്സ് സ്കൂളിൽ നിലവിൽ അധ്യാപകനില്ല. നിലവിലുള്ള അധ്യാപകന് കരാർ നീട്ടിനൽകാൻ ഭരണസമിതി തയ്യാറാവാത്തതിനാലാണ് അധ്യാപകരില്ലാത്ത അവസ്ഥ സംജാതമായതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.14/2023-24/ 30.09.2024) മറുപടിയായി ചാർജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. പുതിയ അധ്യാപക നിയമനത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ബഡ്സ് സ്കൂളിന് അംഗീകാരം നേടാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

അപാകങ്ങൾ പരിഹരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-33 പട്ടികജാതി വിദ്യാർത്ഥികൾക്ക് സേക്കാളർഷിപ്പ് - അപാകതകൾ

പ്രോജക്റ്റ് നം. 24/24

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിനിയോഗിച്ച തുക – 11,50,000 രൂപ

8,85,000 രൂപ – പ്ലാൻ ഫണ്ട് (എസ് സി പി )

2,65,000 രൂപ – ജില്ലാപഞ്ചായത്ത് വിഹിതം

നിർവ്വഹണം - അസിസ്റ്റൻറ് സെക്രട്ടറി

ബി ആർ എൻ - 23150952025500706789/ 27.10.23 – 1,45,000 രൂപ

ബി ആർ എൻ - 23150952025500715652/ 30.10.23 – 40,000 രൂപ

ബി ആർ എൻ - 23150952025500722032/ 01.11.23 – 35,000 രൂപ

ബി ആർ എൻ - 23150952025500745150/ 06.11.23 – 1,50,000 രൂപ

ബി ആർ എൻ - 23150952025500754149/ 07.11.23 – 45,000 രൂപ

ബി ആർ എൻ - 23150952025500764424/ 09.11.23 – 1,10,000 രൂപ

ബി ആർ എൻ - 23150952025500797523/ 15.11.23 – 2,00,000 രൂപ

ബി ആർ എൻ - 23150952025500797532/ 15.11.23 – 1,60,000 രൂപ

ബി ആർ എൻ - 23150952025500910054/ 08.12.23 – 55,000 രൂപ

ബി ആർ എൻ - 23150952025500910048/ 08.12.23 – 90,000 രൂപ

ബി ആർ എൻ - 23150952025500910040/ 08.12.23 – 1,20,000 രൂപ

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബി ആർ എൻ - 2315095202550079752З/ 15.11.23 – 2,00,000 രൂപ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ (30,000 രൂപ ) ജിഷ്ണു ടി വെള്ളക്കാപറമ്പിൽ, ചെമ്രക്കാട്ടൂർ പി ഒ എന്ന വിദ്യാർത്ഥി പാലക്കാട് ഗവ.മെഡിക്കൽ കോളേജിൽ നാലാം വർഷ വിദ്യാർത്ഥിയാണ് എന്നാണ് എന്നും ടിയാൻ 2017-18 വർഷ എം ബി ബി എസ് ബാച്ച് വിദ്യാർത്ഥിയാണെന്നുമാണ് ഹാജരാക്കിയ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കോഴ്സ് കാലാവധി അഞ്ചുവർഷമായിരിക്കെ, (സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ തസ്വഭവ തീ.28.05.2022 ഖണ്ഡിക 7.2.4 പ്രകാരം കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്ക്കോളർഷിപ്പ് അനുവദിക്കാനാണ് നിർദേശിച്ചിട്ടുള്ളത്) 2021-22 വർഷത്തിൽ പ്രസ്തുത കോഴ്സ് കാലാവധി കഴിഞ്ഞിട്ടും ടിയാന് 2023-24 വർഷത്തിൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2)ബി ആർ എൻ - 2315095202550079752З/ 15.11.23 – 2,00,000 രൂപ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ(25,000 രൂപ ) ജിഷ്ണുത ചന്ദ്രൻ വെള്ളക്കാപറമ്പിൽ, ചെമ്രക്കാട്ടൂർ പി ഒ എന്ന വിദ്യാർത്ഥി കോട്ടക്കൽ അൽമാസ് കോളേജ് ഓഫ് നെഴ്സിംഗിൽ നാലാം വർഷ ബി എസ് സി നെഴ്സിംഗ് വിദ്യാർത്ഥിയാണ് എന്നും 2019-2023 വർഷ ബാച്ച് വിദ്യാർത്ഥിയാണ് എന്നുമാണ് ടിയാൾ ഹാജരാക്കിയ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കോഴ്സ് കാലാവധി നാലുവർഷമായിരിക്കെ, (സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ തസ്വഭവ തീ.28.05.2022 ഖണ്ഡിക 7.2.4 പ്രകാരം കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്ക്കോളർഷിപ്പ് അനുവദിക്കാനാണ് നിർദേശിച്ചിട്ടുള്ളത്) 2022-23 വർഷത്തിൽ പ്രസ്തുത കോഴ്സ് കാലാവധി കഴിഞ്ഞിട്ടും ടിയാൾക്ക് 2023-24 വർഷത്തിൽ വിദ്യാഭ്യാസ സ്ക്കോളർഷിപ്പ് അനുവദിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3)ബി ആർ എൻ - 23150952025500797532/ 15.11.23 – 1,60,000 രൂപ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ (20,000 രൂപ ) ബിനൂപ് സി മുഞ്ഞക്കോട്ടിൽ, ചെമ്രക്കാട്ടൂർ പി ഒ എന്ന വിദ്യാർത്ഥി 2021-2023 ബാച്ചിലെ BPEd പ്രോഗ്രാം വിദ്യാർത്ഥിയാണ് എന്നാണ് ടിയാൻ ഹാജരാക്കിയ സ്ഥാപന മേധാവിയുടെ (കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ ഫോർ ഫിസിക്കൽ എഡ്യുക്കേഷൻ) സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കോഴ്സ് കാലാവധി കഴിഞ്ഞിട്ടും ടിയാന് 2023-24 വർഷത്തിൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.
അപാതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23-24/30.09.2024) സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റ അടിസ്ഥാനത്തിൽ തുക അനുവദിച്ചുവെന്നാണ് അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കിയത്. എന്നാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി/രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുവരെയും ഈ ഇനത്തിൽ അനുവദിച്ച 75,000 രൂപ (30,000 + 25,000 + 20,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-34 അഗതി രഹിത കേരളം പദ്ധതി - ഒരവലോകനം

അഗതി രഹിത കേരളം പദ്ധതിയുടെ ഫെഡറൽ ബാങ്ക്, അരീക്കോട് ബ്രാഞ്ച് അക്കൗണ്ടിൽ (നം. 10770100277215) 31.03.2024 ന് 5689.96 രൂപയാണ് നീക്കിയിരിപ്പുണ്ട്. 2020-21- വർഷത്തിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. പദ്ധതിയുടെ നാളിതുവരെയുള്ള ധനവിനിയോഗ വിവരം താഴെ പറയും പ്രകാരമാണ്.

| **പദ്ധതി അടങ്കൽ** | **72,59,600 രൂപ** |
|---|---|
| ചലഞ്ച് ഫണ്ട് | 20,34,600 രൂപ |
| പ്ലാൻ ഫണ്ട് | 48,50,000 രൂപ |
| സ്പോൺസർഷിപ്പ് (ഇതര ഫണ്ടുകൾ ) | 3,75,000 രൂപ (ആയത് ലഭ്യമായിട്ടില്ല) |

| **വിനിയോഗ വിവരം** | |
|---|---|
| ആശ്രയ പദ്ധതി ബാലൻസ് | 19,829 രൂപ |
| ഒന്നാം ഗഡു ലഭിച്ചത് | 6,58,371 (6,78,200 – 19,829) (ആശ്രയ പദ്ധതി വിഹിതം ബാക്കി കുറവ് ചെയ്തത്) |
| രണ്ടാം ഗഡു ലഭിച്ചത് | 6,78,200രൂപ |
| പ്ലാൻ ഫണ്ട് ലഭിച്ചത് | 5,35,000 രൂപ (ആയത് വീട് റിപ്പയറിനായി 5,25,000 രൂപയും, വിദ്യാഭ്യാസത്തിനായി 10,000 രൂപയും വിനിയോഗിച്ചു. |
| **ആകെ** | **18,91,400 രൂപ** |

മൂന്നാം ഗഡു ചലഞ്ച് ഫണ്ട് ലഭിച്ചിട്ടില്ല.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ,ആവശ്യങ്ങൾ ,സഹായം ലഭ്യമായതിന്റെ വിവരം തുടങ്ങിയവ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| വിദ്യാഭ്യാസ സഹായം | 30 പേർക്ക് | 10 പേർക്ക് സഹായം നൽകി. |
| ഭക്ഷണം (കിറ്റ്) ആവശ്യമുള്ളവർ | 125പേർക്ക് | കിറ്റ് നൽകിയിട്ടുണ്ട് |
| ചികിത്സ ആവശ്യമുള്ളവർ | 106 പേർക്ക് | സഹായം ആർക്കും ലഭിച്ചിട്ടില്ല |
| വസ്ത്രം | 125പേർക്ക് | സഹായം ആർക്കും ലഭിച്ചിട്ടില്ല |
| വീട് റിപ്പയർ | 80 പേർക്ക് | 8 പേർക്ക് സഹായം ലഭിച്ചു |

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ്) നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് 2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം 2023-24 വർഷത്തിൽ ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല. ആവശ്യക്കാരായി 106 പേർ ഉണ്ടായിട്ടും ചികിത്സ സഹായം ആർക്കും ലഭിച്ചിട്ടില്ല. ചികിത്സ ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ തുടക്കത്തിൽ തന്നെ മെഡിക്കൽ ക്യാമ്പ് നടത്തി ഡാറ്റ തയ്യാറാക്കാൻ നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും ആയത് പാലിക്കാത്തതിനാലാണ് അപ്രകാരം സംഭവിച്ചിട്ടുള്ളത്.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

വീട് റിപ്പയർ 80 പേർക്ക് ആവശ്യമെങ്കിലും ഇപ്രകാരമുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ വർഷാവർഷം നടത്തുമ്പോഴും നിലവിലും 8 പേർക്ക് മാത്രമാണ് സഹായം ലഭ്യമായത്.

നിലവിൽ പ്രവർത്തനം നിലച്ച നിലയിലാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്. പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയതായി വിവരമില്ല. നിലവിൽ പ്രവർത്തനം നിലച്ച നിലയിലായത് സമിതി ചർച്ചചെയ്തിട്ടേയില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/2023-24 /30.09.24) നൽകിയ മറുപടിയിൽ 2023-24 വർഷത്തിൽ പഞ്ചായത്ത് പ്രോജക്റ്റ് വെച്ചിട്ടില്ലെന്നും, ചലഞ്ച് ഫണ്ട് തുടർഗഡു ലഭിച്ചില്ലെന്നും അപാകതകൾ പരിഹരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കൽ - പുതുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 10/24

ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കൽ പദ്ധതി

അടങ്കൽ തുക – 1,50,000 രൂപ (തനത് ഫണ്ട് )

വിനിയോഗിച്ച തുക – 44,284 രൂപ (തനത് ഫണ്ട് )

വൗച്ചർ നം./ തീയ്യതി - 22301287/30.03.2024- 9204 രൂപ
വൗച്ചർ നം./ തീയ്യതി - 22301308/30.03.2024- 35080 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കലിന്റെ ഭാഗമായി 9204 രൂപ ഫയർ എസ്റ്റിംഗുഷർ വാങ്ങിയതിനും, മറ്റുസൗകര്യങ്ങൾ ഒരുക്കിയതിനായി 35,080 രൂപയും വിനിയോഗിച്ചിട്ടുണ്ട്. നിലവിലുള്ള ഐ എസ് ഒ സർട്ടിഫിക്കേഷന്റെ കാലാവധി വിവരം, സർട്ടിഫിക്കറ്റ് പുതുക്കി ലഭ്യമായതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/2023-24/03.10.2024) മറുപടിയായി റെക്കാർഡ് റൂം പ്രവർത്തന സജ്ജമാക്കിയ ശേഷം ഐ എസ് ഒ സർട്ടിഫിക്കേഷൻ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-36 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പദ്ധതികൾ - അപാകതകൾ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)പ്രോജക്റ്റ് നം. 276/24**

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി (ദിവസക്കൂലി)(സ്പിൽ ഓവർ)

അടങ്കൽ തുക – 2,75,074 രൂപ

വിനിയോഗിച്ച തുക – 2,06,240 രൂപ (തനത് ഫണ്ട്)

വൗച്ചർ നം./ തീയ്യതി -22300619 / 21.10.2023 – 1,20,000 രൂപ

വൗച്ചർ നം./തീയ്യതി -22300766 / 05.12.2023 – 86,240 രൂപ

**2)പ്രോജക്റ്റ് നം. 136/24**

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി (ദിവസക്കൂലി)

അടങ്കൽ തുക – 1,00,000 രൂപ

വിനിയോഗിച്ച തുക – 66,108രൂപ (തനത് ഫണ്ട്)

വൗച്ചർ നം./തീയ്യതി -22300619 / 21.10.2023 – 66,108 രൂപ

നിർവ്വഹണം - സെക്രട്ടറി
പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I)പ്രോജക്റ്റ് നം. 276/24 ൽ ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്ത അബ്ദുൾ ലത്തീഫ് കൊടക്കാടൻ ഊർങ്ങാട്ടിരി പി ഒ എന്ന വ്യക്തിമുഖേന പോൾ ഒന്നിന് 160 രൂപ നിരക്കിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുകയും 539 എണ്ണത്തിന് 86,240 രൂപ (539*160) കൂലിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിച്ച 1,20,000 രൂപ സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്.

കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അരീക്കോട് നൽകിയ സാക്ഷ്യപത്രം പ്രകാരമാണ് തുക അനുവദിച്ചത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം വിവിധ വാർഡുകളിൽ പൂർത്തീകരിച്ച പോളുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| വാർഡ് നം. | പൂർത്തീകരിച്ച പോളുകളുടെ എണ്ണം |
|---|---|
| 1 | 23 |
| 2 | 40 |
| 3 | 38 |
| 4 | 32 |
| 5 | 22 |
| 6 | 21 |
| 7 | 33 |
| 8 | 23 |
| 9 | 16 |
| 10 | 16 |
| 11 | 16 |
| 12 | 46 |
| 13 | 49 |
| 14 | 40 |
| 15 | 32 |
| 16 | 17 |
| 17 | 38 |
| 18 | 26 |

| ആകെ | 528 |
|---|---|

അധികമായി നൽകിയ 11 പോളുകളുടെ തുക 1760 രൂപ (528x160=84480 – 86240(539x160)) തിരികെ ഈടാക്കേണ്ടതാണ്.കൂടാതെ, റിപ്പയർ പ്രവൃത്തിയായതിനാൽ നിയമാനുസൃതമായി ഈടാക്കേണ്ട നിർമ്മാണ ക്ഷേമ നിധിവിഹിതം ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ആയത് കുറവുചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

II)പ്രോജക്റ്റ് നം. 136/24 പ്രകാരം ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിന് 66,108രൂപ നൽകുകയാണ് ചെയ്തിട്ടുള്ളത് . പദ്ധതി സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

I)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയാകണം.

Ii)കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ല.

എന്നാൽ ആയവ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.

2)തെരുവ് വിളക്കുകളെ സംബന്ധിച്ച കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ലഭ്യമല്ല. തെരുവുവിളക്കുകളുടെ വാട്ട് വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ മിനി മാസ്റ്റ് ,ഹൈമാസ്റ്റ് ലൈറ്റുകൾ സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയിട്ടില്ല. നിലവിലും കൃത്യമായ വിവരശേഖരണം നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതു സംബന്ധിച്ച വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3)സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ ഉല്പന്നങ്ങൾ ഗുണനിലവാരമുള്ളതാണോയെന്ന് വ്യക്തമായിട്ടില്ല. ഏതിനം 15,18 വാടസ് എൽ ഇ ഡി ബൾബുകളാണ് ഉപയോഗിച്ചത് എന്നുള്ള വിവരം ഫയലിൽ ഇല്ല.
4)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും, ഫോൺനമ്പർ , അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ). ആയത് പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
5)ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
6) ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാടിൽ നിന്നും വാങ്ങിയ മുഴുവൻ സാധനങ്ങളും ഉപയോഗിച്ചിട്ടുണ്ടോയെന്ന്(ഇൻവോയിസ് നം.A120/28.03.2023 & A8/08.05.2023) വ്യക്തമായിട്ടില്ല. 18 വാട്ട് എൽ ഇ ഡി ബൾബ് 400 എണ്ണവും 15 വാട്ട് എൽ ഇ ഡി ബൾബ് 250 എണ്ണവും(ആകെ 650 എണ്ണം) വാങ്ങിയിട്ടുണ്ട്. എന്നാൽ 528 എണ്ണം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് . അവശേഷിച്ച 122 എണ്ണം എന്തു ചെയ്തുവെന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് വ്യക്തമാക്കേണ്ടതും മുഴുവൻ സാധനങ്ങളുടെയും സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/2023-24/03.10.2024 ) നൽകിയ മറുപടിയിൽ കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ കെ എസ് ഇ ബിക്ക് കത്ത് നൽകിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കി. മറ്റു രേഖകൾ ഉടൻ സമർപ്പിക്കുന്നതാണെന്നുമറിയിച്ചു. അധികമായി നൽകിയ 11 പോളുകളുടെ തുക 1760 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതും, നിർമ്മാണ ക്ഷേമനിധി വിഹിതം ഈടാക്കി അറിയിക്കേണ്ടതും. തെരുവ് വിളക്കുകളെ സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി മുഴുവൻ അപാകങ്ങളും പരിഹരിച്ച് വിവരമറിയിക്കേണ്ടതുമാണ്. അപാകങ്ങൾ പരിഹരിക്കുന്നതു വരെ പദ്ധതികൾക്കായി ചെലവഴിച്ച 2,72,348 രൂപയിൽ (2,06,240+66,108) 1760 രൂപ കുറച്ച് ബാക്കി 2,70,588 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-37 അളവ് പുസ്തകം, ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല

കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

അളവ് പുസ്തകങ്ങൾ, ടെണ്ടർ ഫോം എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരം, അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS വിഭാഗം ആയത് കൈപ്പറ്റി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ നിർദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/2023-24/01.10.2014) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 ലൈഫ് ഭവന പദ്ധതികൾക്കായി വായ്പ ലഭ്യമായതിന് മുൻപ് സോഴ്സ് ഡിഡക്ഷൻ നടത്തി

രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് ലൈഫ് ഭവന പദ്ധതികൾക്കായി വായ്പ ലഭ്യമായത് 2023-24 വർഷത്തിൽ മാത്രമാണ്. എന്നാൽ പ്രോജക്റ്റ് നം. 476/24,481/24, 483/24 ലൈഫ് ഭവന വായ്പ മുതൽ തിരിച്ചടവ് പദ്ധതികൾ(എസ് സി പി) പ്രകാരം 3,20,844 രൂപ (മൂന്ന് പദ്ധതികളിലും 1,06,948 രൂപ വീതം) സോഴ്സ് ഡിഡക്ഷൻ വരുത്തിയിട്ടുണ്ട്. ആയതിൽ ആദ്യ രണ്ടു ഗഡു തുകകൾ സോഴ്സ് ഡിഡക്ഷൻ ആയത് ലോൺതുക അക്കൗണ്ടിലെത്തുന്നതിന് മുൻപാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.ആയത് ലോൺ തിരിച്ചടവ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കാൻ ബാധ്യസ്ഥമല്ലാത്ത തുക സോഴ്സ് ഡിഡക്ഷൻ ആയി കുറവ് ചെയ്തതാണോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നിർദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/2023-24/ 03.10.2024) മറുപടി ലഭ്യമാക്കിയില്ല.
05.10.2024 ന് നടത്തിയ ഗ്രാമപഞ്ചായത്ത് ഭാരവാഹികളും ജീവനക്കാരും നിർവ്വഹണ ഉദ്യോഗസ്ഥരും പങ്കെടുത്ത എക്സിറ്റ് മീറ്റിംഗിൽ വിഷയം അവതരിപ്പിക്കവേ നിർവ്വഹണ ഉദ്യോഗസ്ഥയായ ലേഡി വി ഇ ഒ തുക തെറ്റായി സോഴ്സ് ഡിഡക്ഷൻ നടത്തിയതാണെന്ന് അറിയിക്കുകയും തുക തിരികെ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കാമെന്ന് അറിയിക്കുകയും ചെയ്തു . അപ്രകാരം തുക തിരികെ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-39 അരീക്കോട് ജി എം എൽ പി സ്കൂളിന്റെ വാടക – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22300108/08.05.2023 പ്രകാരം 1,20,000 രൂപ സെക്രട്ടറി തനത് ഫണ്ടിൽ നിന്നും കെ പി മുഹമ്മദ് ഹാജി, പ്രസിഡണ്ട് അരീക്കോട് വലിയ ജമാത്ത് പള്ളി കമ്മറ്റിക്ക് നൽകിയിട്ടുണ്ട് . അരീക്കോട് വലിയ ജമാത്ത്പള്ളി മഹല്ല് ജമാത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അരീക്കോട് ജി എം എം എൽ പി സ്കൂൾ കെട്ടിടത്തിന്റെ 01.04.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിലെ പ്രതിമാസം 10,000 രൂപ നിരക്കിലുള്ള വാടകയാണ് മേൽ പ്രകാരം നൽകിയിട്ടുള്ളത്. വാടക നിശ്ചയിച്ചതിന് ആധാരമാക്കിയ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ/ പൊതുമരാമത്ത് വകുപ്പ് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്നതിന് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം,സ്കൂൾ കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ നിർദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/2023-24/03.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.
03.10.2024 ന് സ്കൂളിൽ നേരിട്ട് സന്ദർശനം നടത്തിയതിൽ ഒന്നു മുതൽ നാലുവരെ ക്ലാസുകളിലായി ആകെ 48 കുട്ടികൾ പഠനം നടത്തിവരുന്നത് വെളിവായി ( ഒന്നാം ക്ലാസ് – 13 പേർ, രണ്ടാം ക്ലാസ് – 11 പേർ, മൂന്നാ ക്ലാസ് – 14 പേർ,നാലാം ക്ലാസ് – 10 പേർ) കൂടാതെ, സർക്കാർ അംഗീകാരമുള്ള പ്രീപ്രൈമറി ക്ലാസിൽ 28 പേർ പഠിക്കുന്നതായും വെളിവായി. 1931 ൽ പ്രവർത്തനമാരംഭിച്ച സ്കൂൾ നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കളിസ്ഥലം സ്വന്തമായി ഇല്ല. വാടക കെട്ടിടമായതിനാൽ ഗ്രാമപഞ്ചായത്തിനും ഇപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്നില്ല. സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്നതിന് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിവായിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-40 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കി- പദ്ധതി നടപ്പിലാക്കിയില്ല.

പ്രോജക്റ്റ് നം. 382/24

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കൽ (ഡെപ്പോസിറ്റ് പ്രവൃത്തി )

അടങ്കൽ തുക – 26,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക – 25,501 രൂപ

വൗച്ചർ നം./തീയ്യതി - 22300534/ 30.09.2023 – 25,501 രൂപ

നിർവ്വഹണം - സെക്രട്ടറി

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കൽ പദ്ധതി പ്രകാരം 1054 പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സൂപ്പർവിഷൻ ചാർജ് ഇനത്തിലാണ് 25,501 രൂപ മുൻകൂറായി അസിസ്റ്റൻറ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ അരീക്കോടിന് നൽകിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1) പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.84/2022/ തസ്വഭവ തീ.19.04.2022 ഖണ്ഡിക 12.2 (5(ഡി) (Ii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ മുൻകൂറായി തുക നൽകാവു എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട് . അപ്രകാരം കെ എസ് ഇ ബിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ.

2) 1054 പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം
അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.32/2023-24/01.10.2024) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 25,501 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 വിവിധ വായനശാലകൾക്ക് പത്രം - ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

വിവിധ വായനശാലകൾക്ക് പത്രം ഇനത്തിൽ താഴെ പറയും പ്രകാരം തുക സെക്രട്ടറി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. / തീയ്യതി | ചെലവഴിച്ച തുക |
|---|---|
| 22300971/29.01.2024 | 22,680 രൂപ |
| 22300967/23.01.2024 | 2160 രൂപ |
| 22300627/ 21.10.2023 | 25110 രൂപ |
| 22300652/ 30.10.2023 | 4320 രൂപ |
| 22300649/ 30.10.2023 | 25110 രൂപ |

വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വായനശാലകൾക്ക്/സ്ഥാപനങ്ങൾക്ക് പുറമെ താഴെ പറയുന്ന വായനശാലകൾക്ക് കൂടി ഒരു ദിനപത്രം വീതം വർഷം മഴുവനും അനുവദിച്ചിട്ടുണ്ട് .

| ക്രമനം | വായനശാലയുടെ പേര് |
|---|---|
| 1 | മദാർ വായനശാല ഹാജിയാർപടി |
| 2 | സി എച്ച് വായനശാല കാരിപ്പറമ്പ് |
| 3 | ഹരിത വായനശാല വലിയകല്ലുങ്ങൽ |
| 4 | ഹരിത വായനശാല ഐ ടി ഐ |
| 5 | ഹരിത വായനശാല ചെമ്രക്കാട്ടൂർ |
| 6 | നൂറുൽ ഹുദാ വനിത വായനശാല കൊഴക്കോട്ടൂർ |
| 7 | സ്പാർക്ക് വായനശാല പുത്തലം |
| 8 | പി വൈ സി വായനശാല പെരുമ്പറമ്പ് |
| 9 | കെ എഫ് സി വായനശാല നോർത്ത് കൊഴക്കോട്ടൂർ |
| 10 | ജനനി വായനശാല മുണ്ടമ്പ്ര |

സ.ഉ(സാധാ)നം. 1040/2023/ LSGD തീ. 15.05.2023 പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്കാണ് ഇപ്രകാരം പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വാങ്ങി നൽകാവുന്നത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള 'സി' ഗ്രേഡും അതിനുമുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും,

'സി' ഗ്രേഡിനു താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രങ്ങൾ വീതവും മാത്രമാണ് മേൽ ഉത്തരവ് പ്രകാരം നൽകാനാവുക. മേൽ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ വിവരം ലഭ്യമാക്കാൻ നിർദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.33/2023-24/03.10.2024)മറുപടി ലഭ്യമാക്കിയില്ല.

സ.ഉ(സാധാ)നം. 1040/2023/ LSGD തീ. 15.05.2023 ഉത്തരവിന് 15.05.2023 മുതൽ പ്രബല്യമുള്ളുവെന്നിരിക്കെ 2023, ഏപ്രിൽ മാസം മുതൽ പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. കാരണം വ്യക്തമാക്കേണ്ടതാണ്.
സ്ഥല പരിശോധനയുടെ ഭാഗമായി 03.10.2024 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ദിനേന പത്രം നൽകുന്ന താഴെ പറയുന്ന വായനശാലകൾകൂടി സന്ദർശിച്ചു.

| സ്ഥാപനത്തിന്റെ പേര് | നിലവിലെ അവസ്ഥ | സ്ഥലപരിശോധന റിപ്പോർട്ട് |
|---|---|---|
| പഞ്ചായത്ത് വായനശാല ഐ ടി ഐ (2എണ്ണം) | രണ്ടിടത്തുമായി രണ്ട് പത്രങ്ങൾ വിതരണം നടത്തിയതിന് വർഷം മുഴുവൻ തുക നൽകിയിട്ടുണ്ട്. തുടർന്നും നൽകി വരുന്നു. | ഇപ്രകാരം രണ്ട് വായനശാലകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥലപരിശോധയിൽ ഇങ്ങനെ രണ്ട് വായനശാലകൾ ഇല്ല എന്ന് ബോധ്യമായി. ഗ്രാമപഞ്ചായത്ത് തുടർന്നും ഇവിടേക്ക് പത്രവിതരണം നടത്തുന്നത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്. |
| പഞ്ചായത്ത് വായനശാല കൊഴക്കോട്ടൂർ | ഒരു പത്രം വർഷം മുഴുവൻ തുക നൽകിയിട്ടുണ്ട്. തുടർന്നും നൽകി വരുന്നു. | ഇപ്രകാരം രണ്ട് വായനശാലകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടില്ല. അംഗനവാടി കെട്ടിടമായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോട് ചേർന്നു നിർമ്മിച്ച ഒരു മുറിയാണ് വായനശാലയായി ഉപയോഗിച്ചിരുന്നത് എന്ന് ബോധ്യപ്പെട്ടു. ആയത് നിലവിൽ അംഗനവാടി ആവശ്യങ്ങൾക്കുള്ള സ്റ്റോർ റൂമായി ഉപയോഗിക്കുന്നു. പത്രം എന്തു ചെയ്യുന്നുവെന്ന് വ്യക്തമല്ല. |
| പഞ്ചായത്ത് വായനശാല വെള്ളേരി | മൂന്ന് പത്രം വർഷം മുഴുവൻ തുക നൽകിയിട്ടുണ്ട്. തുടർന്നും നൽകി വരുന്നു. | വായനശാല പ്രവർത്തിക്കുന്നു. ആയത് പൂട്ടാറില്ല എന്ന് വ്യക്തമായി. മേശ, കസേരകൾ ഫാൻ തുടങ്ങിയ ആസ്തികളൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല |

സ.ഉ(സാധാ)നം. 1040/2023/ LSGD തീ. 15.05.2023 പാലിച്ചുകൊണ്ട് മാത്രം പത്രവിതരണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ വായനശാല എന്ന പേരിൽ പത്രം വിതരണം നടത്തുന്നത് അവസാനിപ്പിക്കേണ്ടതും തനത് ആസ്തികൾ സ്റ്റോക്കിലെടുത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-42 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

**I) പ്രോജക്റ്റ് നം. 61/24**

പച്ചക്കറികൃഷി വികസനം

**അടങ്കൽ തുക** – 1,00,000 രൂപ (പ്ലാൻ - ജനറൽ)

- 1,00,000 രൂപ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് )

**വിനിയോഗിച്ച തുക** – 93,480രൂപ (പ്ലാൻ - ജനറൽ)

- 93,480രൂപ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് )

**ആകെ - 1,86,960 രൂപ**

ബി ആർ എൻ -23150952024101481921/24.03.2024 – 33,280 രൂപ

ബി ആർ എൻ -23150952024100984541/27.12.2023 – 60,200 രൂപ

പദ്ധതി പ്രകാരം 17 പേർക്ക് പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ )നം. 115/ 2022/ തസ്വഭവ തീ.28.05.2022 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുമ്പോൾ വിളയ്ക്ക് കാർഷികക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് നടപ്പാലാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളായ 17 പേരും ആയത് പാലിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)ഏതു സീസണിൽ, ഏതെല്ലാം പച്ചക്കറികൾ എത്ര അളവിൽ കൃഷിചെയ്തുവെന്ന് വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

3)പാട്ടകൃഷിയാണെങ്കിൽ ആയത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണമെന്ന് മേൽ സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പാട്ടകൃഷിക്കാർക്ക് യഥേഷ്ടം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് ഒട്ടും തന്നെ പാലിച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

4) ബി ആർ എൻ-23150952024101481921/24.03.2024 പ്രകാരം 6400 രൂപ ആനുകൂല്യം കൈപ്പറ്റിയ അലവി അമ്പാഴത്തിങ്ങൾ കോഴക്കോട്ടൂർ എന്ന ഗുണഭോക്താവ് കൃഷി നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൃഷി ചെയ്ത ഏരിയ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ കൃഷി അസിസ്റ്റന്റ് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

**II) പ്രോജക്റ്റ് നം. 54/24**

വാഴകൃഷി വികസനം പദ്ധതി

**അടങ്കൽ തുക** – 4,00,000 രൂപ (പ്ലാൻ - ജനറൽ)

- 4,00,000 രൂപ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് )

**വിനിയോഗിച്ച തുക** – 4,00,000രൂപ (പ്ലാൻ - ജനറൽ)

- 4,00,000രൂപ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് )

**ആകെ - 8,00,000 രൂപ**

ബി ആർ എൻ -23150952024101481989/23.03.2024 – 13,264 രൂപ

ബി ആർ എൻ -23150952024101177361/06.02.2024 – 66,000രൂപ

ബി ആർ എൻ -23150952024101092253/19.01.2024 – 94,140 രൂപ

ബി ആർ എൻ -23150952024101127245/29.01.2024 – 81,996 രൂപ

ബി ആർ എൻ -23150952024101481870/24.03.2024 – 56,340 രൂപ

ബി ആർ എൻ -23150952024101038267/08.01.2024 – 88,260 രൂപ

പദ്ധതി പ്രകാരം വാഴകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ )നം. 115/ 2022/ തസ്വഭവ തീ.28.05.2022 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുമ്പോൾ വിളയ്ക്ക് കാർഷികക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വൂറൻസ് നടപ്പാലാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളായ 51 പേരും ആയത് പാലിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)ബി ആർ എൻ -23150952024101092253/19.01.2024 പ്രകാരം ഗുണഭോക്താവായ ഇബ്രാഹിംകുട്ടി ചേരക്കാപറമ്പൻ അരീക്കോട് പി ഒ എന്ന ഗുണഭോക്താവ് ഹാജരാക്കിയത് കനറ ബാങ്ക് അക്കൗണ്ട് (നം. 3431101003881 ) ആണ് എന്നാൽ തുക 2520 രൂപ നൽകിയത് അക്കൗണ്ട് നം. 67278170773 ലേക്കാണ് ഗുണഭോക്താവ് ഹാജരാക്കിയ അക്കൗണ്ടിലേക്കല്ല തുക നൽകിയത്.

കൂടാതെ, അബ്ദുൾറഹീം മുണ്ടയ്ക്കാപറമ്പിൽ കാട്ടിൽചോല വീട് ഉഗ്രപുരം പി ഒ എന്ന ഗുണഭോക്താവിനെ സംബന്ധിച്ച ഒരു രേഖയും ( ആധാർ കാർഡ് , നികുതി ചീട്ട് / പാട്ടചീട്ട് , ബാങ്ക് അക്കൗണ്ടിന്റെ വിവരം എന്നിവ )ഫയലിൽ ഇല്ല. തുക നൽകിയത് (3000 രൂപ) എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

ബി ആർ എൻ -23150952024101481870/24.03.2024 പ്രകാരം 6000 രൂപ ആനുകൂല്യം കൈപ്പറ്റിയ അബ്ദുൾ റസാഖ് പൂക്കുടി ഉഗ്രപുരം പി ഒ എന്ന ഗുണഭോക്താവിനെ സംബന്ധിച്ച ഒരു രേഖയും (ആധാർ കാർഡ് , നികുതി ചീട്ട് / പാട്ടചീട്ട്, ബാങ്ക് അക്കൗണ്ടിന്റെ വിവരം എന്നിവ) ഫയലിൽ ഇല്ല. തുക നൽകിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

ബി ആർ എൻ -23150952024101481870/24.03.2024 പ്രകാരം 1920 രൂപ ആനുകൂല്യം കൈപ്പറ്റിയ മൂസക്കുട്ടി കെ പി വളച്ചെട്ടി വീട് ചെമ്രക്കാട്ടൂർ പി ഒ എന്ന ഗുണഭോക്താവ് ഹാജരാക്കിയത് എം ഡി സി ബാങ്ക് അക്കൗണ്ട് (നം. 090181200401671) ആണ്. എന്നാൽ തുക നൽകിയത് അക്കൗണ്ട് നം. 67246276176 ലേക്കാണ്. ഗുണഭോക്താവ് ഹാജരാക്കിയ അക്കൗണ്ടിലേക്കല്ല തുക നൽകിയത്.

3)ബി ആർ എൻ-23150952024101038267/08.01.2024 പ്രകാരം 88,260 രൂപ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4)പാട്ടകൃഷിയാണെങ്കിൽ ആയത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണമെന്ന് മേൽ സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പാട്ടകൃഷിക്കാർക്ക് യഥേഷ്ടം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് ഒട്ടും തന്നെ പാലിച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

5 ) പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

III)**പ്രോജക്റ്റ് നം. 53/24**

സുസ്ഥിര നെൽകൃഷി വികസനം പദ്ധതി

**അടങ്കൽ തുക** – 3,59,000 രൂപ (പ്ലാൻ - ജനറൽ)

- 1,03,392 രൂപ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് )

**വിനിയോഗിച്ച തുക** – 3,55,092രൂപ (പ്ലാൻ - ജനറൽ)

- 99,475രൂപ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് )

**ആകെ - 4,54,567 രൂപ**

ബി ആർ എ – 23150952024101481812/ 23.03.2024 – 84,255 രൂപ

ബി ആർ എ – 23150952024101481790/ 23.03.2024 – 98,096 രൂപ

ബി ആർ എ – 23150952024101481841/ 24.03.2024 – 22,939 രൂപ

ബി ആർ എ – 23150952024101038256/ 08.01.2024 – 99,822 രൂപ

ബി ആർ എ – 23150952024100650823/11.10.2023 – 49,980 രൂപ

പദ്ധതി പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി, വിത്ത് എന്നിവ നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ )നം. 115/2022/ തസ്വഭവ തീ.28.05.2022 പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുമ്പോൾ വിളയ്ക്ക് കാർഷികക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വൂറൻസ് നടപ്പാലാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (17 പേരിൽ 15 പേർ) ആയത് പാലിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഏതു സീസണിലെ വിളക്കാണ് കൂലിചെലവ് സബ്സിഡി, വിത്ത് എന്നിവ നൽകിയത് എന്ന് വ്യക്തമല്ല.

3)ബി ആർ എ–23150952024101481841/24.03.2024 പ്രകാരം 22,939 രൂപ കൈപ്പറ്റിയ ഹനീഫ മാടത്തിങ്ങൽ മേത്തലങ്ങാടി അരീക്കോട് പി ഒ എന്ന ഗുണഭോക്താവ് ഹാജരാക്കിയത് കനറ ബാങ്ക് അക്കൗണ്ട് (നം.110151937875) ആണ് എന്നാൽ തുക നൽകിയത് അക്കൗണ്ട് നം.10770100110622 (ഫെഡറൽ ബാങ്ക്) ലേക്കാണ് ഗുണഭോക്താവ് ഹാജരാക്കിയ അക്കൗണ്ടിലേക്കല്ല തുക നൽകിയത്.

4)കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പാലക്കാട് നിന്നും 800 കി.ഗ്രാം നെൽവിത്ത് 42 രൂപ നിരക്കിൽ 33,600 രൂപ വിനിയോഗിച്ച് വാങ്ങിയിട്ടുണ്ട് എന്നാൽ ഏതിനം നെൽവിത്തെന്ന് ഇൻവോയിസിൽ വ്യക്തമല്ല.

5)പാട്ടകൃഷിയാണെങ്കിൽ ആയത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണമെന്ന് മേൽ സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പാട്ടകൃഷിക്കാർക്ക് യഥേഷ്ടം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് ഒട്ടും തന്നെ പാലിച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

6) പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.34/2023-24/04.10.24) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾക്കായി വിനിയോഗിച്ച 8,48,572 രൂപ (93,480+ 4,00,000+ 3,55,092) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-43 ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നുള്ള വാങ്ങൽ - സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ്.

തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 22300181/02.06.2023 പ്രകാരം 95,729 രൂപ ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും വിവിധ ഫോറങ്ങൾ രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിനായി സെക്രട്ടറി വിനിയോഗിച്ചിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 36/2023-24/ 04.10.2024 –മറുപടി ലഭ്യമാക്കിയില്ല)

## 1-44 ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ സി എച്ച് മുഹമ്മദ്കോയ പഞ്ചായത്ത് വായനശാല പ്രവർത്തിക്കുന്നു. ലൈബ്രേറിയന്റെ തസ്തിക നിലവിലില്ല. ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. സുദീപിന്റെ സാന്നിദ്ധ്യത്തിൽ 04.10.24 ന് നേരിൽ സന്ദർശിച്ചതിൽ വെളിവായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈബ്രറിയിൽ നിരവധി പുസ്തകങ്ങൾ ഉണ്ടെങ്കിലും മിക്കതിനും നമ്പറിട്ടിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ആയവയുടെ വിവരം പരിശോധിക്കാനായിട്ടില്ല. ലൈബ്രേറിയൻ ഇല്ലാത്തതിനാൽ പുസ്തകങ്ങൾ ഇഷ്യൂ ചെയ്യുന്നില്ല. മെമ്പർമാർ ഇല്ല. വർഷങ്ങളായി ലൈബ്രറി റൂം തുറക്കാറില്ലെന്ന് വ്യക്തമായി. താക്കോൽ നഷ്ടപ്പെട്ടതാണ് കാരണം.

2)ലൈബ്രറിയിൽ നിരവധി ഫൈബർ കസേരകൾ, മേശ, അലമാരകൾ, കുഷ്യനിട്ട ചെയർ ഉൾപ്പെടെയുള്ള ഫർണ്ണീച്ചറുകൾ ഉണ്ടെങ്കിലും ആയതിന്റെ സ്റ്റോക്ക് വിവരം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല.

ഗ്രാമപഞ്ചായത്തിലെ ചെറിയ യോഗങ്ങൾക്ക് ലൈബ്രറിഹാൾ ഉപയോഗിച്ചു വരുന്നതായി അറിയാൻ കഴിഞ്ഞു. എട്ട് ദിനപത്രങ്ങൾ നിലവിൽ ലൈബ്രറി ഹാളിൽ ഇടുന്നുണ്ട്. ഹാൾ പൂട്ടാറില്ലെന്ന് അറിവായി.

പുസ്തകങ്ങൾ, ഫർണ്ണീച്ചറുകൾ എന്നിവയ്ക്ക് നമ്പറിട്ട് സ്റ്റോക്കിലെടുത്ത് വിവരമറിയിക്കേണ്ടതും അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 40/2023-24/ 14.08.2024- മറുപടി ലഭ്യമാക്കിയില്ല.)

## 1-45 തെങ്ങിന് ജൈവ വളം- അപാകതകൾ

പ്രോജക്റ്റ് നം. 56/24

കേരഗ്രാമം പദ്ധതി- തെങ്ങിന് ജൈവവളം

**അടങ്കൽ തുക – 10,66,700 രൂപ**

8,00,000 രൂപ (പ്ലാൻ- ജനറൽ)

2,66,700 രൂപ (ഗുണഭോക്തൃവിഹിതം - നേരിട്ട് ചെലവഴിക്കുന്നത് )

**വിനിയോഗിച്ച തുക – 10,00,000 രൂപ**

7,50,000 രൂപ (പ്ലാൻ- ജനറൽ)

2,50,000 രൂപ (ഗുണഭോക്തൃവിഹിതം - നേരിട്ട് ചെലവഴിക്കുന്നത് )

നിർവ്വഹണം - കൃഷി ഓഫീസർ
ബി ആർ എൻ 23150952024101481766/24.03.2024 – 93,750 രൂപ
ബി ആർ എൻ 231509520241011272257/29.01.2024 – 1,87,500 രൂപ
ബി ആർ എൻ 23150952024101127290/29.01.2024 – 93,750 രൂപ
ബി ആർ എൻ 23150952024100984533/27.12.2023 – 93,750 രൂപ
ബി ആർ എൻ 23150952024100984527/27.12.2023 – 93,750 രൂപ
ബി ആർ എൻ 23150952024100984530/27.12.2023 – 93,750 രൂപ
ബി ആർ എൻ 23150952024100984536/27.12.2023 – 93,750 രൂപ

2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.

2023-24 ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ കേരഗ്രാമം പദ്ധതി- തെങ്ങിന് ജൈവവളം എന്ന പ്രൊജക്റ്റ് പ്രകാരം കുഴിമണ്ണ അഗ്രോസർവ്വീസ് സെന്റർ കിഴിശ്ശേരിയിൽ നിന്നും ട്രൈക്കോഡർമ സമ്പുഷ്ട കമ്പോസ്റ്റ് വളം വാങ്ങിയതിന് മേൽ പ്രകാരം ₹ 7,50,000 നൽകിയിട്ടുണ്ട്.

ടെണ്ടർ നടപടികൾ പാലിക്കാതെ ജൈവവളം നേരിട്ട് വാങ്ങിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്. അപാകം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47/2023-24/05.10.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക ₹ 7,50,000 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 സൗരവേലി സ്ഥാപിക്കൽ പദ്ധതി - അപാകങ്ങൾ

പ്രോജക്റ്റ് നം . 58/24

സൗരവേലി സ്ഥാപിക്കൽ പദ്ധതി

**അടങ്കൽ തുക – 10,00,000 രൂപ**

5,00,000 രൂപ (പ്ലാൻ- ജനറൽ)

5,00,000 രൂപ (ഗുണഭോക്തൃവിഹിതം - നേരിട്ട് ചെലവഴിക്കുന്നത് )

**വിനിയോഗിച്ച തുക – 8,63,666 രൂപ**

4,31,833 രൂപ (പ്ലാൻ- ജനറൽ)

4,31,833 രൂപ (ഗുണഭോക്തൃവിഹിതം - നേരിട്ട് ചെലവഴിക്കുന്നത് )

ബി ആർ എൻ - 2315095202410148212 8/24.03.2024 – 1,79,940 രൂപ

ബി ആർ എൻ - 231509520241014818 96/24.03.2024 – 2,51,893 രൂപ

നിർവ്വഹണം - കൃഷി ഓഫീസർ

കാർഷിക വിളകളെ വന്യജീവി ആക്രമണങ്ങളിൽ നിന്നും സരക്ഷിക്കുന്നതിനായി ജൈവവേലി സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. 29 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മലപ്പുറം ജില്ലാതല സമിതിയുടെ നം. 1212/2021-22/ഡി പി സി ഡി പി ഒ എം പി എം തീ. 01.07.2022 നടപടിക്രമങ്ങൾ പ്രകാരം 2023-24 വർഷത്തേക്ക് സൗരവേലിക്ക് നിശ്ചയിച്ച യൂനിറ്റ് നിരക്ക് 210/ മീറ്റർ ആണ് . എന്നാൽ ഒരു അപേക്ഷയിലും ഗുണഭോക്താക്കൾ എത്രമീറ്റർ സൗരവേലി സ്ഥാപിച്ചുവെന്ന് കൃഷി അസിസ്റ്റന്റ് പരിശോധന നടത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ബി ആർ എൻ - 2315095202410148212 8/24.03.2024 പ്രകാരം ഗുണഭോക്താവായ ഇബ്രാഹിംകുട്ടി ചേരക്കാപറമ്പൻ ചെമ്യക്കാട്ടൂർ പി ഒ എന്ന ഗുണഭോക്താവ് ഹാജരാക്കിയത് കനറ ബാങ്ക് അക്കൗണ്ട് (നം. 3431101003881 ) ആണ് എന്നാൽ തുക 2520 രൂപ നൽകിയത് അക്കൗണ്ട് നം. 67278170773 ലേക്കാണ് ഗുണഭോക്താവ് ഹാജരാക്കിയ അക്കൗണ്ടിലേക്കല്ല തുക നൽകിയത്.

പത്മകുമാരി കെ പുതുകുടി ചിറകുന്നത്ത് വീട്, താഴത്തുമുറി അരീക്കോട് എന്ന ഗുണഭോക്താവ് ഹാജരാക്കിയത് എസ് ബി ഐ അക്കൗണ്ട് (നം. 67246745447) ആണ് എന്നാൽ തുക 2520 രൂപ നൽകിയത് അക്കൗണ്ട് നം. 3431101009950 (കനറ ബാങ്ക്)ലേക്കാണ് ഗുണഭോക്താവ് ഹാജരാക്കിയ അക്കൗണ്ടിലേക്കല്ല തുക നൽകിയത്.

3)പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 48/2023-24/05.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും തുക യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിലെത്തിയോ എന്നത് പരിശോധന നടത്തി തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-47 വാഹനങ്ങളുടെ വിവരം - വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല.

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സർക്കുലറിന്റെയും തുർച്ചയായായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങൾ, ഡ്രൈവർമാർ, മറ്റു വിവരങ്ങൾ എന്നിവ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും, സമയബന്ധിതമായി വിവരങ്ങൾ കാലികമാക്കുകയും ചെയ്തതിന്റേയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49/2023-24/05.10.2024) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-48 തൊഴിലുറപ്പു പദ്ധതിയിൽ പ്രവൃത്തികളുടെ ബോർഡുകൾ സ്ഥാപിച്ചത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2023-24 വർഷത്തിൽ മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ ബോർഡുകൾ സ്ഥാപിച്ചതിന് 3000 രൂപ വിതം നൽകിയിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ എത്ര പദ്ധതികളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നോ , ആർക്കാണ് തുക നൽകിയതെന്നോ , ബോർഡുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം.60/2023-24/ 05.10.2024 – മറുപടി ലഭ്യമാക്കിയില്ല)

## 1-49 ഗ്രാമപഞ്ചായത്ത് ഓഫീസിൽ റെക്കാർഡ് റൂം ഒരുക്കൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 274/24

ഗ്രാമപഞ്ചായത്ത് ഓഫീസിൽ റെക്കാർഡ് റൂം ഒരുക്കൽ പദ്ധതി

അടങ്കൽ തുക – 12,00,000 രൂപ (തനത് ഫണ്ട് )

വിനിയോഗിച്ച തുക – 7,88,842 രൂപ (തനത് ഫണ്ട് )

വൗച്ചർ നം. / തീയ്യതി - 22300386/ 13.08.2023 – 7,65,178 രൂപ

വൗച്ചർ നം. / തീയ്യതി - 22300433/ 26.08.2023 – 7,888 രൂപ

വൗച്ചർ നം. / തീയ്യതി - 22300434/ 26.08.2023 – 7,888 രൂപ

വൗച്ചർ നം. / തീയ്യതി - 22300435/ 26.08.2023 – 7,888 രൂപ

നിർവ്വഹണം - സെക്രട്ടറി

ഇ ടെണ്ടർ മുഖേന കുറഞ്ഞ തുക കാട്ട് ചെയ്ത ചോയിസ് ഫർണ്ണീച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടി കോഴിക്കോട് മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിയത് .

ഇ ടെണ്ടറിനായി സ്പെസിഫിക്കേഷൻ എപ്രകാരമാണ് തയ്യാറാക്കിയത് എന്ന് വ്യക്തമല്ല. (Shelf Big File Rack With Glass Dr (W : 28.78 X D :45x H :2.20 M) ഏതിനം തടിയാണെന്ന് വ്യക്തമാക്കിയിട്ടുമില്ല. ഭരണ സമിതിയുടെ 3(2)/2023 തീ. 09.03.2023 തീരുമാനപ്രകാരം കുറഞ്ഞ തുക കാട്ട് ചെയ്ത മേൽ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചുവെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഏതിനം തടിയാണെന്ന് ഫർണ്ണീച്ചർ നിർമ്മാണത്തിന് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തു തലത്തിൽ ഉല്പന്നതിന്റെ സാമ്പിൾ പരിശോധന നടത്തിയല്ല സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. ഗുണനിലവാരമുള്ള ഉല്പന്നമാണ് ലഭ്യമായത് എന്ന് ഉറപ്പാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഇൻവോയിസിലും ( നം. 003, 005, 005/15.07.2023) ഏതിനം തടിയാണെന്ന് ഫർണ്ണീച്ചർ നിർമ്മാണത്തിന് ഉപയോഗിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2) ശ്രീ. ബിനേഷ്കുമാർ സീനിയർ ഇൻസ്ട്രക്ടർ വുഡ് വർക്ക് ടെക്നീഷ്യൻ ഗവ. ഐ ടി ഐ അരീക്കോട് സമർപ്പിച്ച 02.08.2023 തീയ്യതിയിലെ പരിശോധനാ റിപ്പോർട്ടിൽ വലിയ ഷെൽഫ് 23 എണ്ണം ( 220 Cm നീളം, 130cm വീതി, 45 Cm ആഴം) ചെറിയ ഷെൽഫ് 2 എണ്ണം ( 220 Cm നീളം, 90cm വീതി, 45 Cm ആഴം) എന്നിവ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതിനം തടിയാണെന്ന് ഫർണ്ണീച്ചർ നിർമ്മാണത്തിന് ഉപയോഗിച്ചത് എന്ന് ടിയാനും വ്യക്തമാക്കിയിട്ടില്ല.

05.10.2024 ന് ഗ്രാമപഞ്ചായത്ത് ഓവർസീയറുടെ സാന്നദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വലിയ ഷെൽഫ് 19എണ്ണം ( 220 Cm നീളം, 130cm വീതി, 45 Cm ആഴം) ചെറിയ ഷെൽഫ് 2 എണ്ണം ( 220 Cm നീളം, 90cm വീതി, 45 Cm ആഴം) ,വലിയ ഷെൽഫ് 2എണ്ണം ( 220 Cm നീളം, 115cm വീതി, 45 Cm ആഴം) എന്നിങ്ങനെ ആകെ 23 എണ്ണമാണ് കണ്ടെത്തിയത് .മേൽ റിപ്പോർട്ട് പ്രകാരമുള്ള രണ്ട് വലിയ ഷെൽഫ് കണ്ടെത്തിയില്ല. രണ്ടെണ്ണത്തിന്റെ വ്യാസം (130cm എന്നത് 115cm )മേൽ വുഡ് വർക്ക് ടെക്നീഷ്യൻ രേഖപ്പെടുത്തിയ അളവിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതും കണ്ടെത്തി.

3) ഇ ടെണ്ടറായി തയ്യാറാക്കിയ, സ്ഥാപനം സമർപ്പിച്ച (Shelf Big File Rack With Glass Dr (W : 28.78 X D :45x H :2.20 M) പ്രകാരമുള്ള ഉല്പന്നങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് നിലവിലും വ്യക്തമല്ല . പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല
4) റെക്കാർഡ് റൂം ഒരുക്കൽ പദ്ധതിയായതിനാൽ നിയമാനുസൃതമായി ഈടാക്കേണ്ട നിർമ്മാണ ക്ഷേമനിധി വിഹിതം ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ആയത് കുറവുചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.
5)മുഴുവൻ ഫർണ്ണീച്ചറുകളും നമ്പറിട്ട് സ്റ്റോക്കിലെടുത്ത് വിവരമറിയിക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.55/2023-24/05.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 7,88,842 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-50 മുൻകൂർ തുക നൽകി – ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ “ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ” എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 145/24 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ അടങ്കൽ | 255000/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ആകെ ചെലവ് | 255000/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ/വൌച്ചർ നം. | 23150952023801045481 /09.01.2024 |

മേൽ പ്രൊജക്ടിന്റെ ഭാഗമായി പ്രഫോർമ ഇൻവോയ്സ് നം. PF-792 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) 255000/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ ഇൻവോയ്സ് നം. LF-3470, ഡെലിവറി നോട്ട് നം. IN 1337 എന്നിവ പ്രകാരം 123271/- രൂപയുടെ മരുന്നുകൾ ഡിസ്പെൻസറിയിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 131729/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/2023-24 തീ. 28.09.2024) 20.09.2024 ലെ 77/2024/GHDA നം. കത്ത് പ്രകാരം അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി തരുന്നതിന് ഹോംകോയോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 അനധികൃത നിർമ്മാണങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഐ വകപ്പ് പ്രകാരം ഏതെങ്കിലും ആൾ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ, കെട്ടിടം പണി പൂർത്തിയാവുകയോ അത് 203ാം വകുപ്പ് പ്രകരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടമായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. കെട്ടിടങ്ങൾക്ക് ഏതെങ്കിലും മാറ്റങ്ങൾ വരുത്തുകയോ അവയിൽ എന്തെങ്കിലും കൂട്ടിച്ചേർത്ത് പണിയുകയോ ചെയ്യുന്നതും നിയമാനുസൃതമല്ലാത്ത നിർമ്മിതികളിൽ വരുന്നതാണെന്ന് വകുപ്പ് 235 വി പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സഞ്ചയ പ്രകാരം TAKA WOODS, TAKA BOARDS, TAKA SAWMILL എന്നീ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിനായി താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 15 | 256 A | 105.03 |
| 2 | 15 | 98 A | 573.43 |
| 3 | 15 | 98 B | 49 |
| 4 | 15 | 98 C | 231.61 |
| 5 | 15 | 98 D | 981.93 |
| 6 | 15 | 98 E | 300 |
| **ആകെ** | | | **2241** |

മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ആകെ 6 കെട്ടിടങ്ങൾക്ക് (2241 ച.മീ.) മാത്രമേ പെർമിറ്റും നമ്പറും നൽകിയിട്ടുള്ളൂ. എന്നാൽ 03.10.2024 ന് പ്രസ്തുത സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ നിരവധി അനധികൃത നിർമ്മാണങ്ങൾ നടന്നതായി കാണപ്പെട്ടു. ഇതേ തുടർന്ന് 04.10.2024 ന് അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത സ്ഥാപനങ്ങളിൽ

പ്രാഥമിക ഭൗതിക പരിശോധന നടത്തുകയും ആയവയിൽ ആകെ 12 കെട്ടിടങ്ങളിലായി ഏകദേശം 7500 ച.മീ. വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം നടന്നിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

1. ടി കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ച് ചട്ടപ്രകാരമുള്ള വസ്തു നികുതി മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്താൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/2023-24 തീ. 05.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-52 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. 06.12.2013 ലെ 143/2013-14(15) ആയി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ 16 പ്രകാരം മുറികളുടെ വാടക അതതു മാസം 5ാം തിയ്യതിക്കുമുന്നെ അടവാക്കേണ്ടതും വീഴ്ച വരുത്തിയാൽ പിഴപലിശ സഹിതം ഈടാക്കേണ്ടതും അതിനും വീഴ്ച വരുത്തുന്ന സംഗതിയിൽ കൈവശക്കാരനെ അവിടെ നിന്നും ഒഴിവാക്കേണ്ടതുമാകുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 2023-24 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന റൂമുകളുടെ കൈവശക്കാർ വിവിധ മാസങ്ങളിൽ വാടക അടവാക്കാത്തതായി കാണപ്പെട്ടു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | വാടക തുക | അടവാക്കാത്ത മാസങ്ങൾ | അടവാക്കാനുള്ള ആകെ വാടക |
|---|---|---|---|---|---|
| 1 | 6/1214 | വി.പി. ഭാസ്കരൻ | 5824 | 2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെ | 34944 |
| 2 | 6/1221 | ഇബ്രാഹിം | 5200 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 62400 |
| 3 | 6/1216 | മുജീബ് കൊമ്പൻ | 4029 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 48348 |
| 4 | 6/1217 | അബ്ദുൾ ജലീൽ കെ.ടി. | 4782 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 57384 |
| 5 | 7/707 | ഷറഫുദ്ധീൻ പി.ടി. | 13212 | 2023 സെപ്റ്റംബർ- 2024 മാർച്ച് വരെ | 92484 |
| 6 | 7/719 | മോയിൻ കുട്ടി, വല്ലാനിക്കാട്ടിൽ | 5200 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 62400 |
| 7 | 7/723 | മുനീഷ് എം.സി. | 5799 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 69588 |
| 8 | 7/724 | | 5799 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 69588 |
| 9 | 7/733 | മുഹമ്മദ് മുസ്തഫ കെ. | 3776 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് | 45312 |
| 10 | 7/734 | | 3776 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 45312 |
| 11 | 7/735 | | 3776 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 45312 |
| 12 | 7/342 | സബ് ട്രഷറി | 3058 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് | 36696 |
| 13 | 7/343 J | മുഹമ്മദ് നദീം എം. | 7683 | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 92196 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളിലെ വാടക പിഴ പലിശയടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന നമ്പറുകളിലുള്ള കെട്ടിടങ്ങൾ 2023-24 സാമ്പത്തിക വർഷം മുഴുവൻ ഒഴിഞ്ഞു കിടന്നിരുന്നതായി കാണപ്പെട്ടു. എന്നാൽ ലേല രജിസ്റ്റർ, ഡയറി, നോട്ടീസ് എന്നിവ പരിശോധിച്ചത് പ്രകാരം ടി കെട്ടിടങ്ങൾ 08.03.2023 ന് നടന്ന ലേലത്തിലോ 18.04.2023 ന് നടന്ന പുനർലേലത്തിലോ ലേലത്തിന് വെച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നം. |
|---|---|
| 1 | 7/721 |
| 2 | 7/730 |
| 3 | 7/731 |

3. ലേല ഡയറി പരിശോധിച്ചത് പ്രകാരം 08.03.2023 ന് നടന്ന ലേലത്തിൽ 7/343 K നം. കെട്ടിടം ആയിഷക്കുട്ടി, പൂന്തോടൻ എന്ന വ്യക്തി 75000/- രൂപ നിരത ദ്രവ്യം കെട്ടിവെച്ച് 4000/- രൂപ പ്രതിമാസ വാടകയ്ക്ക് ലേലം വിളിച്ചെടുത്തതായി കാണപ്പെട്ടു. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ വാടക രജിസ്റ്ററിൽ ലഭ്യമല്ല. വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വാടക ഈടാക്കിയിട്ടില്ലെങ്കിൽ ആയത് പിഴ പലിശയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ഗ്രാമ പഞ്ചായത്തിലെ ഷീ-ടോയ്‌ലറ്റിന്റെ നടത്തിപ്പിനായി 08.03.2023 ന് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്ന ലേലത്തിൽ ശ്രീ. ഷക്കീൽ ബാബു എന്ന വ്യക്തി 7600/- രൂപക്ക് ലേലം കൊണ്ടെങ്കിലും പ്രസ്തുത തുക പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല. ടി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2023-24 തീ. 01.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-53 കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ ലൈസൻസും വേക്കൻസി റെമിഷനും അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്.

2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അതേ കാലയളവിനുള്ളിൽ തന്നെ വേക്കൻസി റെമിഷനും അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | ലൈസൻസിയുടെ പേര് | ലൈസൻസ് നം. | ലൈസൻസ് കാലാവധി | വേക്കൻസി റെമിഷൻ കാലാവധി |
|---|---|---|---|---|---|---|
| 1 | 32 | 6/572 I | മുഹമ്മദ് ഫർഹാൻ | 32/2750/2023 തീ. 17.04.2023 | 01.04.2023 മുതൽ 31.03.2024 | 01.10.2023 മുതൽ 31.03.2024 |
| 2 | 86 | 7/235 | കെ. മാനുകുട്ടൻ | 86/1747/2023 തീ. 20.04.2023 | 01.04.2023 മുതൽ 31.03.2024 | 01.10.2023 മുതൽ 31.03.2024 |
| 3 | 148 | 6/572 G,H,I,J | റഷീദലി പി.ടി. | 148/1982/2023 തീ. 20.04.2023 | 10.04.2023 മുതൽ 31.03.2024 | 01.10.2023 മുതൽ 31.03.2024 (6/572 I) |
| 4 | 149 | 4/166 G | മുസഫർ അഹ്മദ് എം.പി. | 149/3428/2023 തീ. 22.05.2024 | 20.05.2023 മുതൽ 31.03.2024 | 01.04.2023 മുതൽ 30.09.2023 |
| 5 | 311 | 7/167 | ഉണ്ണികൃഷ്ണൻ വിളയിൽ | 311/4610/2023 തീ. 19.07.2023 | 19.07.2023 മുതൽ 31.03.2024 | 10.04.2023 മുതൽ 30.09.2023 |
| 6 | 396 | 16/271 C | സമീർ | 396/6034/2023 തീ. 05.09.2023 | 05.09.2023 മുതൽ 31.03.2024 | 17.04.2023 മുതൽ 30.09.2023 |
| 7 | 475 | 6/974 D | പ്രസാദ് കെ.ടി. | 475/7932/2023 തീ. 25.11.2023 | 25.11.2023 മുതൽ 31.03.2024 | 01.10.2023 മുതൽ 31.03.2024 |
| 8 | 507 | 4/99 C | അനീഷ് ഖാൻ ടി.കെ. | 507/8453/2023 തീ. 03.01.2023 | 03.01.2023 മുതൽ 31.03.2024 | 01.04.2023 മുതൽ 30.09.2023 |
| 9 | 512 | 4/99 E | നൌഷാദ് എം.കെ. | 512/32/2024 | 10.01.2024 മുതൽ 31.03.2024 | 01.10.2023 മുതൽ 31.03.2024 |
| 10 | 514 | 10/237 D,E,F | അലി നമ്പൂത്ത് | 514/8574/2024 തീ. 17.01.2024 | 17.01.2024 മുതൽ 31.03.2024 | 01.10.2023 മുതൽ 31.03.2024 (10/237 D) |
| 11 | 516 | 13/214 A,B | മൊയ്തീൻ കുട്ടി എൻ | 516/174/2024 തീ 18.01.2024 | 18.01.2024 മുതൽ 31.03.2024 | 01.10.2024 മുതൽ 31.03.2024 (10/237 D) |

1) 1, 2, 3, 8 എന്നീ ക്രമ നമ്പറുകളിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷമാണ് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളത്. ടി കെട്ടിടങ്ങളിൽ വേക്കൻസി റെമിഷൻ അനുവദിച്ച കാലയളവിൽ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഉണ്ടെങ്കിൽ അവയിൽ നിന്നും പ്രസ്തുത കാലയളവിലെ വസ്തു നികുതി കുടിശ്ശികയും പിഴപലിശയുമടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2) 4, 5, 6, 7, 9, 10, 11 എന്നീ ക്രമ നമ്പറുകളിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ച കാലയളവിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും ടി സ്ഥാപനങ്ങൾ വേക്കൻസി റെമിഷൻ കാലയളവിൽ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത കാലയളവിലേക്കുള്ള വസ്തു നികുതി കുടിശ്ശികയും പിഴപലിശയുമടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/2023-24 തീ. 04.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-54 ഒരേ കെട്ടിടത്തിൽ വ്യത്യസ്ത സ്ഥാപനങ്ങൾക്ക് ലൈസൻസുകൾ അനുവദിച്ചു

2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വാർഡ് നം. 6 ലെ 572 I എന്ന കെട്ടിടത്തിൽ രണ്ട് വ്യത്യസ്ത ലൈസൻസുകളിൽ രണ്ട് വ്യത്യസ്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണപ്പെട്ടു. വിശദാംശങ്ങൾ

ചുവടെ നൽകുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ലൈസൻസിയുടെ പേര് | ലൈസൻസ് നം. | കെട്ടിട നം. |
|---|---|---|---|---|
| 1 | 32 | മുഹമ്മദ് ഫർഹാൻ കെ. | 32/2750/2023 തീ. 17.04.2023 | 6/572 I |
| 2 | 148 | റഷീദലി പി.ടി. | 148/1982/2023 തീ. 20.04.2023 | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/2023-24 തീ. 04.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദിച്ച ലൈസൻസുകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-55 വസ്തു നികുതി - കെട്ടിട നമ്പർ അനുവദിക്കാത്ത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു.

03-10-2024 ന് വിവിധ സ്ഥലങ്ങളിൽ ഓഡിറ്റ് നേരിട്ട് നടത്തിയ പ്രാദേശിക പരിശോധനയുടെ ഭാഗമായി ഐ.ടി.ഐ. അരീക്കോടുമായി ചേർന്ന് പ്രവർത്തിക്കുന്ന ക്യാന്റീൻ സന്ദർശിക്കുകയുണ്ടായി. സന്ദർശനത്തിൽ ക്യാന്റീന് നമ്പർ അനുവദിക്കാത്തതായി കാണപ്പെട്ടു. ആയതിന് നമ്പർ നൽകി ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 58/2023-24 തീ. 05.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-56 SC വിദ്യാർത്ഥികൾക്കുള്ള 19 മേശകളും കസേരകളും അധികം വാങ്ങി- വിതരണം അപാകതകൾ

നിർവ്വഹണം - ഹെഡ്മാസ്റ്റർ

പദ്ധതി : - 468/24,എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം

അടങ്കൽ- 358000/-(വികസന ഫണ്ട്-SCP)

ചെലവ് - 355000/-. ബിൽ നം. 23150952026701554091/25.03.24

പദ്ധതി പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യുന്നതിന്, 2 വർഷ വാറണ്ടിയോടെ 90x45x75 & 45x45x45 സൈസിലുള്ള NUF 1828- Student Table And Arm Chair Mode 3 (Hard Wood) സ്പെസിഫിക്കേഷനുള്ള 71 എണ്ണം ഒരു യൂണിറ്റിന് 5000 രൂപ നിരക്കിൽ മേശയും കസേരയും ലഭ്യമാക്കുന്നതിന് ആർട്ട്കോ കോഴിക്കോടിന് 1(2)/2024/07.02.2024 നമ്പർ സപ്ളെ ഓർഡർ നൽകി 41347/22.02.24 നമ്പർ കരാർ ചമച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം സ്പെസിഫിക്കേഷൻ പ്രകാരമുള്ള മേശയും കസേരയും ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | ആർട്ട്കോ ഇൻവോയ്സ് നം | ടാക്സ് ഉൾപ്പടെ ഒരു യൂണിറ്റ് വില (മേശയും കസേരയും കൂടി) | ലഭ്യമാക്കിയ യൂണിറ്റ് എണ്ണം | ടാക്സ് ഉൾപ്പടെ ആകെ വില |
|---|---|---|---|---|
| 1 | KKD 633/29.02.2024 | 5000 | 19 | 95000 |
| 2 | KKD 634/29.02.2024 | 5000 | 18 | 90000 |
| 3 | KKD 635/29.02.2024 | 5000 | 19 | 95000 |
| 4 | KKD 636/29.02.2024 | 5000 | 15 | 75000 |
| ആകെ | | | 71 | 355000 |

ഫർണ്ണിച്ചറുകൾ ചുവടെ ചേർത്ത പ്രകാരം വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | മേശയും കസേരയും കൈപ്പറ്റിയ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | GLPS കൊഴക്കോട്ടൂർ | 15 |
| 2 | GMUPS അരീക്കോട് | 4 |
| 3 | GMLPS ചെമ്രകാട്ടൂർ | 13 |
| 4 | GMUPS മുണ്ടമ്പ്ര | 11 |
| 5 | ALPS നോർത്ത് കൊഴക്കോട്ടൂർ | 2 |
| 6 | SNMALPS ഉഗ്രപുരം | 7 |
| ആകെ വിതരണം ചെയ്ത എണ്ണം | | 52 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആകെ 71 മേശയും കസേരയും ലഭ്യമാക്കുന്നതിനാണ് സപ്ളെ ഓർഡർ നിൽകിയയതും അത്ര തന്നെ എണ്ണം ലഭ്യമാക്കി ആയതിന്റെ വില ആർട്ട്കോ-ക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ, 27.02.2024ലെ 1ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം, മേശയും കസേരയും കൈപ്പറ്റിയ മേൽ 52 വിദ്യാർത്ഥികളെയാണ് ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുള്ളത്(ഈ തീരുമാനത്തിൽ തന്നെ ഒരിടത്ത് 52 എന്നും മറ്റൊരിടത്ത് 53 എന്നുമാണ് ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തിയത്). വിതരണ രജിസ്റ്ററിൽ കൈപ്പറ്റ് രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ പേര്, ഒപ്പ് അതത് സ്കൂൾ മേധാവികളുടെ സാക്ഷ്യപ്പെടുത്തൽ തുടങ്ങിയവ പ്രകാരം 52 മേശയും കസേരയും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.
ബാക്കി 19 എണ്ണം മേശയും കസേരയും എന്തു ചെയ്തു എന്നത് അന്വേഷിച്ചതിൽ, ആയവ മുണ്ടമ്പ്ര GMUP സ്കൂളിൽ സൂക്ഷിച്ച് വെച്ചിരിക്കുകയാണ് എന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ മേൽ 19 എണ്ണം മേശയും കസേരയും ഒരു ക്ലാസ് മുറിയിൽ വിതരണം ചെയ്യാതെ വെച്ചതായി കണ്ടെത്തി. വിവിധ സ്കൂളുകളിൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരമുള്ള അർഹരായ SC വിദ്യാർത്ഥികളുടെ എണ്ണത്തെക്കാളും, ഭരണസമിതി അംഗീകരിച്ചതിലും അധികം എണ്ണം വാങ്ങി സൂക്ഷിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2) 52 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചത് 27.02.2024ന് ആണ്. എന്നാൽ അതിന് മുൻപ് തന്നെ 07.02.2024ന് 71 മേശയും കസേരയും ലഭ്യമാക്കുന്നതിന് ആർട്ട്കോ-ക്ക് സപ്ലൈ ഓർഡർ നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3) മേശയും കസേരയും കൈപ്പറ്റിയ GMUPS അരീക്കോട്-ലെ ചുവടെ ചേർത്ത മൂന്ന് വിദ്യാർത്ഥികൾ കാവനൂർ ഗ്രാമപഞ്ചായത്തിൽ പെട്ട വിദ്യാർത്ഥികളാണ് എന്നാണ് റേഷൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ് തുടങ്ങിയ രേഖകളിൽ നിന്നും വ്യക്തമായത്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര്, അഡ്രസ്സ് | സകൂൾ അഡ്മിഷൻ നമ്പർ | ആധാർ നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വാർഡ് നം. |
|---|---|---|---|---|
| 1 | നവനീത് പി, S/O സനൂപ് പി, പാറേച്ചാലിൽ (H), കാവനൂർ. | 8106 | 866954875646 | 6 (497കാവനൂർ GP മൂഴിപ്പാടം വാർഡ്) |
| 2 | നീലാഞ്ജന പി.സി, S/O വിനു പി.സി, പാറേച്ചാലിൽ (H), സൗത്ത് പുത്തലം, കാവനൂർ. | 8145 | 691823739598 | 6 (569 ലഭ്യമല്ല) |
| 3 | സംവേദ് പി, S/O രാജേഷ് പി, പാറേച്ചാലിൽ (H), സൗത്ത് പുത്തലം, കാവനൂർ. | 8158 | 415110898682 | 6 (528കാവനൂർ GP മൂഴിപ്പാടം വാർഡ്) |

മേൽ മൂന്ന് വിദ്യാർത്ഥികളും അരീക്കോട് ഗ്രാമപഞ്ചായത്തിൽ പെട്ടവരല്ലാതിരുന്നിട്ടും ആയത് നിർവ്വഹണ ഉദ്യാഗസ്ഥൻ പരിശോധിക്കാത്തതും, അവരുടെ പേരുകൾ അരീക്കോട് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളായി ഭരണസമിതി അംഗീകരിച്ചതും എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.
4) ഭരണ സമിതി അംഗീകരിച്ച് പഠനോപകരണങ്ങൾ വിതരണം ചെയ്ത ഗുണഭോക്താക്കളെ അതത് വാർഡിലെ ഗ്രാമസഭ അംഗീകരിക്കുകയോ സാധൂകരണം നൽകുകയോ ചെയ്തിട്ടില്ല.

5) ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളല്ലാത്തവർക്ക് ഗ്രാമപഞ്ചായത്തിലെ വാർഡിലെ ഗുണഭോക്താവായി കാണിച്ച് 3x5000=15000/- ചെലവഴിച്ചത് ശരിയായ നടപടിയല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6) ഫർണ്ണിച്ചറുകളുടെ വാറണ്ടി ഉറപ്പാക്കുകയോ പദ്ധതി മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

7) GO(Rt)No. 21/2023/SPD തിയതി. 24.02.2023 അനക്സറിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങുമ്പോൾ ആയതിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ ഫർണ്ണിച്ചറുകൾ ടി ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

8) മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാവു എന്നതിനാൽ പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ മേൽ വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 06/2023-24 തീയതി 28.09.2024 മുഖേന ഹെഡ്മാസ്റ്ററുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കുകയോ എക്സിറ്റ് മീറ്റിംഗിന് ഹാജരായി വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആവശ്യത്തിലധികം പഠനോപകരണങ്ങൾ വാങ്ങിയതിലും മറ്റ് ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിലും നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണസമിതി എന്നിവർക്ക് വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. അധികം വാങ്ങിയ മേശകളും കസേരകളും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതുമാണ്.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും 19 എണ്ണം മേശയും കസേരയും അർഹരായ SC ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കുകയും മറ്റ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതുൾപ്പെടെയുള്ള അപകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യുന്നത് വരെ ചെലവ് തുക 355000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-57 തുല്യത പരീക്ഷ ഫീസ് അടവാക്കൽ പദ്ധതി-കൈപ്പറ്റ്., മറ്റ് വിവരങ്ങൾ ലഭ്യമല്ല

2023-24 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം, തുല്യത പരീക്ഷക്കായി കേരള സാക്ഷരത മിഷന് പണം അടവാക്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | തുക, ഫണ്ട് | വൗച്ചർ നമ്പർ | കുറിപ്പ് |
|---|---|---|---|---|
| 1 | പത്താം തരം തുല്യത പഠിതാക്കളുടെ ഫീസ് നൽകൽ, 64/2024 | അടങ്കൽ: 35000/- തനത് ഫണ്ട് ചെലവ്: 31200/- | 22301280/30.03.24 | ഒരാൾക്ക് ഗ്രാ.പ വിഹിതം 1950 രൂപ വീതം 16 പേർക്ക് ആകെ 31200/- നൽകി. |
| 2 | പതിനൊന്നാം തരം തുല്യത പഠിതാക്കളുടെ ഫീസ് നൽകൽ, 402/2024 | അടങ്കൽ: 100000/- തനത് ഫണ്ട് ചെലവ്: 100000/- | 22301296/30.03.24 | ഒരാൾക്ക് 2300 രൂപയാണ് ഗ്രാ. പ വിഹിതം, 43 പേർക്ക് ആകെ 98900/- രൂപയാണ് നൽകേണ്ടത് . |
| 3 | പന്ത്രണ്ടാം തരം തുല്യത പഠിതാക്കളുടെ ഫീസ് നൽകൽ, 65/2024 | അടങ്കൽ: 50000/- തനത് ഫണ്ട് ചെലവ്: 50000/- | 22301295/30.03.24 | ഒരാൾക്ക് 2000 രൂപയാണ് ഗ്രാ. പ വിഹിതം, 24 പേർക്ക് ആകെ 48000/- രൂപയാണ് നൽകേണ്ടത് . |

**ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.**

1. മേൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ്/വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയോ പാസ്സായതിന്റെയോ മറ്റോ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. പട്ടികയിലെ ക്രമ നം. 2 പദ്ധതിക്ക് ആകെ ഗ്രാമപഞ്ചായത്ത് വിഹിതം 98900 രൂപയാണ് നൽകേണ്ടത്. എന്നാൽ 100000 രൂപ നൽകി. ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരം ലഭ്യമല്ല.

4. പട്ടികയിലെ ക്രമ നം. 3 പദ്ധതിക്ക് ആകെ 22 പേരാണ് ഉണ്ടായിരുന്നത്. എന്നാൽ 24 പേർക്കുള്ള തുക കണക്കാക്കി ഗ്രാമപഞ്ചായത്ത് വിഹിതം ഒരാൾക്ക് 2000 രൂപ വീതം ആകെ 44000 രൂപയാണ് അനുവദിക്കേണ്ടത്. എന്നാൽ 50000 രൂപ നൽകി. ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 181200 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/2023-24/28.09.2024 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-58 SSK വിഹിതം അടവാക്കൽ - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം, SSK ക്ക് പണം അടവാക്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | തുക, ഫണ്ട് | ബിൽ നമ്പർ |
|---|---|---|---|
| 1 | 63/2024, SSK വിഹിതം അടവാക്കൽ SC | അടങ്കൽ: 500000/- പ്ലാൻ ഫണ്ട് SCP<br>ചെലവ്: 500000/- | 23150952026701554165/25.03.2024 |
| 2 | 62/2024, SSK വിഹിതം അടവാക്കൽ ജനറൽ | അടങ്കൽ: 1000000/- പ്ലാൻ ഫണ്ട്- ജനറൽ<br>ചെലവ്: 770000/- | 23150952026701554227/25.03.2024 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്രശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്താണെന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/2023-24/28.09.2024 മറുപടി ലഭ്യമാക്കിയിട്ടില്ല). വിശദമായ UC ലഭ്യമാക്കുന്നത് വരെ ചെലവ് തുക 12,70,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-59 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല</u>

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 71/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തു പരിധിയിലുള്ള ആകെ 142 ഭിന്നശേഷി വിദ്യാർഥികൾക്കായി (122 മാനസിക ഭിന്നശേഷിക്കാർ + 20 ശാരീരിക ഭിന്നശേഷിക്കാർ) ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ 3342784/-രൂപ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് 2720000/- രൂപയും, ബ്ളോക്ക് പഞ്ചായത്തു വിഹിതം 302784/-രൂപയും , ജില്ലാ പഞ്ചായത്തു വിഹിതം 320000/-രൂപയും ചെലവഴിച്ചാണ് സ്കോളർഷിപ്പ് അനുവദിച്ചത്.

പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ചേർത്ത് ഡാറ്റാബേസ് തയ്യാറാക്കിട്ടില്ല. തുക അനുവദിക്കപ്പെട്ട ബില്ലുകൾ പ്രകാരമുള്ള തുകയും ഗുണഭോക്താക്കളുടെ പേരുകളും ക്ലാസ്സും ഭിന്നശേഷി സ്വഭാവവും രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല, ഇത്തരം രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/2023-24 തീയതി 28.09.2024ന് ലഭ്യമാക്കിയ മറുപടിയിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. സർക്കാർ നിർദ്ദേശപ്രകാരമുള്ള, ഭിന്നശേഷിക്കാരുടെ ഡാറ്റാരജിസ്റ്റർ തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## <u>1-60 അംഗനവാടികൾക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ പദ്ധതി അപാകതകൾ</u>

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി : 467/24, സ്മാർട്ട് അംഗനവാടി

അടങ്കൽ- 1000000(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 94860. ബിൽ നം. 23150952024401480592/24.03.24

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ അംഗനവാടികളിലേക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ചുവടെ ചേർത്ത പ്രകാരം വിശദാംശങ്ങൾ ഉൾപ്പെടുത്തി A2-2735/23/19.02.24 നമ്പർ ഇ-ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

1) പ്രഷർ കുക്കർ (5 Ltr സ്റ്റയിൻലസ്സ് സ്റ്റീൽ 34 എണ്ണം പ്രതീക്ഷിത ചെലവ് 51000 രൂപ)

2) സ്റ്റീൽ സ്റ്റോറേജ് കണ്ടയിനർ(40cmx60cm, 70 Ltr, സ്റ്റയിൻലസ്സ് സ്റ്റീൽ, 1 Kg തൂക്കം, 204 എണ്ണം, 612000)

കെ.പി.എം എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.70 (തിയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം പ്രഷർ കുക്കർ 5Ltr ഒരെണ്ണത്തിന് 2790 രൂപ നിരക്കിൽ 34 എണ്ണത്തിന്റെ വില 94860 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കുക്കറുകളും സ്റ്റീൽ സ്റ്റോറേജ് കണ്ടയിനറുകളും ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചതും ടെണ്ടറുകൾ ലഭ്യമായതും എങ്കിലും കുക്കറുകൾ മാത്രമാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കണ്ടയിനറുകൾ വാങ്ങാത്തതിന് കാരണം ഫയലിൽ ഇല്ല. രണ്ട് സാധനങ്ങൾക്ക് ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്പ്ളിറ്റ് ചെയ്ത് വാങ്ങുന്നതാണ് ലാഭകരമെങ്കിൽ അപ്രകാരം

ചെയ്യേണ്ടതാണ്. പദ്ധതി പ്രകാരം പ്രഷർ കുക്കർ മാത്രമാണ് വാങ്ങിയത് എന്നതിനാൽ ആയതിന്റെ വില മാത്രം പരിഗണിച്ചായിരുന്നു കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ 05.03.24ലെ പ്രക്യൂർമെന്റ് കമ്മിറ്റി തീരുമാനം 2 പ്രകാരം കുക്കറിന്റെയും സ്റ്റോറേജ് കണ്ടെയിനറിന്റെയും വിലകൾ ചേർത്താണ് ലിസ്റ്റ് തയ്യാറാക്കി, കാസ്കോ മാർക്കറ്റിംഗ്, സ്റ്റീൽ ഹൗസ്, നാസർ കെ.പി, എന്നിവർ മാത്രമാണ് സാംപിൾ ഹാജരാക്കിയത് എന്നും രേഖപ്പെടുത്തി L3 ആയ നാസർ.കെ.പി ലഭ്യമാക്കിയ കുക്കറാണ് കൂടുതൽ ഗുണമേന്മയുള്ളതെന്നതിനാൽ ആയതിന്റെ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്. സാംപിളുകൾ ഹാജരാക്കുന്നതിന് 10 സ്ഥാപനങ്ങൾക്കും കത്ത് നൽകിയിട്ടില്ലാത്തിനാൽ എല്ലാ സ്ഥാപനങ്ങളും സാംപിൾ പരിശോധന വിവരം/തിയതി അറിഞ്ഞിരുന്നോ എന്നത് വ്യക്തമല്ല. ലഭ്യമായ ടെണ്ടറുകളിൽ കുക്കറിന്റെ വില മാത്രം കണക്കിലെടുത്ത് ചുവടെ ചേർത്ത പ്രകാരമാണ് യഥാർത്ഥത്തിൽ റാങ്കിംഗ് നടത്തേണ്ടിയിരുന്നത്.

| ക്രമ നം. | സ്ഥാപനം | ഒരു കുക്കറിന് വില | റാങ്ക് |
|---|---|---|---|
| 1 | മാൻഫോ എക്സ്പോർട്ട്സ് | 1480 | L1 |
| 2 | KASCO മാർക്കറ്റിംഗ് | 1498 | L2 |
| 3 | RAIDCO | 1555 | L3 |
| 4 | സിത്താര ഷോപ്പിംഗ് സെന്റർ | 1748 | L4 |
| 5 | ശ്രീകനി ടെക് | 1994 | L5 |
| 6 | FIDCO | 1994 | L6 |
| 7 | അലങ്കാർ മെറ്റൽസ് | 2536 | L7 |
| 8 | സഫാരി ട്രേഡിംഗ് | 2678 | L8 |
| **9** | **നാസർ കെ.പി (KPM Enterprises)** | **2790** | **L9 Accepted** |
| 10 | സ്റ്റീൽ ഹൗസ് | 3124 | L10 |

2) ഇ-ടെണ്ടർ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം 10 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭ്യമായതിൽ L9 ആയിട്ടുള്ള **നാസർ കെ.പി (KPM Enterprises)** -ന്റെ 2790 രൂപയുടെ ടെണ്ടർ അംഗീകരിച്ചാണ് കുക്കറുകൾ വാങ്ങിയത്. ഇതിൽ L1 ആയിട്ട് കാണിച്ചിരിക്കുന്നത് ഒരു കുക്കറിന് 1480 രൂപ രേഖപ്പെടുത്തിയ മാൻഫോ എക്സ്പോർട്ട്സ് എന്ന സ്ഥാപനത്തെയാണ്. L1 മുതൽ L8 വരെയുള്ളവയെ ഒഴിവാക്കിയാണ് വാങ്ങൽ നടത്തിയത്. L1 ആയിട്ടുള്ള സ്ഥാപനം രേഖപ്പെടുത്തിയ 1480 രൂപയുടെതിനേക്കാൾ കൂടിയ വിലക്ക് കുക്കറുകൾ വാങ്ങിയത് കാരണം 2790-1480=1310x34=44540/- രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിന് സംഭവിച്ചതായി കണക്കാക്കാവുന്നതാണ്. സാംപിൾ ഹാജരാക്കിയവ കണക്കിലെടുത്താൽ തന്നെ മേൽ പട്ടികയിൽ L2 ആയിട്ടുള്ള KASCO മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന്റെ 1498 രൂപയുടെ ടെണ്ടർ പരിഗണിക്കേണ്ടതായിരുന്നു.

3) ടെണ്ടറുകൾ നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് താരതമ്യ പട്ടിക പ്രകാരം ഏത് സ്ഥാപനമാണ് കുറഞ്ഞ വില രേഖപ്പെടുത്തിയത് എന്നും ഏത് സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കാവുന്നത് എന്നും ശുപാർശ ചെയ്തിട്ടില്ല.

4) ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയിട്ടില്ല.

5) ടെണ്ടർ ലഭിച്ച സ്ഥാപനവുമായി കരാറിൽ എർപ്പെട്ടതായി ഫയലിൽ ലഭ്യമാക്കിയ കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല.

6) ഏത് മോഡൽ/കമ്പനി/പ്രൊഡക്ട് നമ്പർ/വാറണ്ടി തുടങ്ങിയ വിവരങ്ങൾ ഇൻവോയ്സിൽ ഇല്ല. ടെണ്ടർ പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ കൈപ്പറ്റിയ അംഗനവാടി ടീച്ചേഴ്സോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) മേൽ കുക്കറുകൾ ഇഷ്യു ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് അതത് അംഗനവാടികളിലെ സ്റ്റോക്കിലെടുത്തത് പരിശോധിക്കുന്നതിന് ഒരു അംഗനവാടയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടത് പ്രകാരം ലഭ്യമാക്കിയ നോട്ട് ബുക്ക് പരിശോധിച്ചതിൽ, ഉപകരണങ്ങൾ ലഭ്യമായ തിയതിക്ക് നേരെ' കുക്കർ' എന്ന് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തത് എന്ന് കണ്ടു. 05/2022 മുതലുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിന് മുൻപ് ലഭ്യമായവ എവിടെ എന്നത് വ്യക്തമല്ല. ഉപകരണത്തിന് സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

8) പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം ആവശ്യകത നിർണ്ണയിക്കുന്നതിലേക്കായി വിവിധ അംഗനവാടികളിൽ നിന്നും അവർക്കാവശ്യമായ ഉപകരണങ്ങൾ എതൊക്കെയാണ് എന്നത് സംബന്ധിച്ച ആവശ്യകത കത്തുകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/2023-24 തീയതി 30.09.2024ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം, സാമ്പത്തിക വർഷ അവസാനത്തിലാണ് മേൽ പദ്ധതി നിർവഹണം നടത്തിയത് എന്നതിനാൽ സമയകുറവ് മൂലം എല്ലാ സ്ഥാപനങ്ങളെയും ഫോണിൽ വിളിച്ചാണ് സാംപിൾ ഹാജരാക്കാനാവശ്യപ്പെട്ടതെന്നും കുക്കറം ഫുഡ് കണ്ടയിനറും വാങ്ങാൻ പദ്ധതിയിട്ട് നടപടികൾ സ്വീകരിച്ചതിനാലാണ് കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ രണ്ടും പരിഗണിച്ചതെന്നും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ആയവ ലഭ്യമാകില്ല എന്ന് കണ്ടതിനാലാണ് കുക്കറുകൾ മാത്രം വാങ്ങിയത്, KFC ഫോം 18 രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്ററും സ്ക്രാപ്പ് രജിസ്റ്ററും തയ്യാറാക്കി സ്റ്റോക്കുകൾ ആയവയിലേക്ക് മാറ്റുന്നതിന് അംഗനവാടികൾക്ക് നിർദ്ദേശം നൽകിയതായും ആയവ പൂർത്തിയായ ശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കി.

സ്റ്റോറുകൾ എപ്രകാരമാണ് സ്റ്റോക്കിലെടുക്കേണ്ടത് എന്നും സ്റ്റോറുകൾ വാങ്ങുന്ന സംഗതികളിൽ ആയവ ലഭ്യമായി സ്റ്റോക്കിലെടുത്ത ശേഷം മാത്രമേ പണം അടവാക്കാവു (അഡ്വാൻസ് പെയ്മെന്റിന് സർക്കാർ അനുമതി നൽകിയിട്ടുള്ള സംഗതികളിൽ ഒഴികെ) എന്നും വിതരണം ചെയ്യുന്ന സ്ഥാപനവുമായി കരാർ ചമക്കണമെന്നും ടെണ്ടർ/ഇൻവോയ്സ് പ്രകാരമുള്ള സ്റ്റോറുകൾ തന്നെയാണോ വിതരണം ചെയ്തത്/ആയതിന്റെ ഗുണമേന്മ പരിശോധിക്കേണ്ടതാണ് എന്നുമെല്ലാം KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. എന്നാൽ ഇക്കാര്യങ്ങളെല്ലാം പരിഗണിക്കാതെ വാങ്ങലുകൾ നടത്തി കൃത്യമായി സ്റ്റോക്കിലെടുക്കാതിരിക്കുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവും പ്രൊജക്ട് തുകക്കുള്ള പൂർണ്ണ പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭ്യമാവാതെ വരുന്നതിനും സ്റ്റോറുകൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ വരുന്നതിനും കാരണമാകുന്നതാണ്.

വാങ്ങുന്ന സാധനത്തിന്റെ മാത്രം ടെണ്ടർ പരിഗണിക്കാതെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിനാൽ മേൽ വാങ്ങൽ നടപടികളിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. എന്നിരുന്നാലും നിർവ്വഹണ

ഉദ്യോഗസ്ഥയുടെ മറുപടി പരിഗണിച്ച് ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നുള്ള കർശന നിർദ്ദേശം നൽകുന്നു, ഇക്കാര്യം തുടർന്നും നിരീക്ഷിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള വാങ്ങലുകളിൽ സർക്കാർ ഉത്തരവുകൾ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കുക്കറുകൾ വിതരണം ചെയ്ത സ്ഥാപനവുമായി ചമച്ച കരാർ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പകർപ്പ് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-61 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം-അധികം നൽകിയ 23000/- രൂപ തിരികെ അടവാക്കി

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 71/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ് വിതരണം.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ തുക 4000000/-രൂപയിൽ (2720000 പ്ലാൻ ഫണ്ട് വിഹിതം+960000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+320000 ജില്ലാ പഞ്ചായത്ത് വിഹിതം) ചുവടെ ചേർത്ത പ്രകാരം 3342784/- രൂപ (2720000 പ്ലാൻ ഫണ്ട് വിഹിതം+302784 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 320000 ജില്ലാ പഞ്ചായത്ത് വിഹിതം) വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 2315095202440074 6858/07.11.23 | 302784 |
| 2 | 2315095202440074 6840/07.11.23 | 1350216 |
| 3 | 2315095202440107 3817/16.01.24 | 501000 |
| 4 | 2315095202440103 9281/08.01.24 | 320000 |
| 5 | 2315095202440154 5792/25.03.24 | 868784 |
| ആകെ | | 3342784/- |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 പട്ടികകൾ പ്രകാരം ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച് ചില വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന ക്ലാസ്, സ്ഥാപനം | ഭിന്നശേഷി സ്വഭാവം, സർട്ടിഫിക്കറ്റ് വിവരം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക, ബിൽ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | അബ്ദുൽ അൻഹാൻ ടി.പി A/C No. 110029788186/CNRB0003431, ലൗഷോർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് | മെന്റൽ റിട്ടാർഡേഷൻ 50% മെ.ബോ. സർട്ടിഫിക്കറ്റ് തിയതി. 21.01.2012 (സർട്ടിഫിക്കറ്റിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല, താത്കാലിക ഡിസബിലിറ്റി 5yr എന്നും കാണുന്നു) | 28500/- | മുകളിലെ പട്ടികയിലെ ക്രമനം. (1),(4),(3),(5) ബില്ലുകളിൽ നിന്നും യഥാക്രമം, 15500, 6500, 6000, 6500 എന്നിങ്ങനെ ആകെ 34500/- രൂപ അനുവദിച്ചു. | 6000/- |
| 2 | വൈശാഖ് കെ, A/C No. 3431108002520/CNRB0003431, മഹാരാജാസ് കോളേജ് എറണാകുളം, BA മലയാളം II Yr (B4/CC/2023-24/27.06.23) | ഹൈ മയോപ്പിയ-ബോത്ത് ഐ 40% (ഫിസിക്കൽ ) മെ.ബോ. സർട്ടിഫിക്കറ്റ് 109606/16/09.11.10 | 13000/- | മുകളിലെ പട്ടികയിലെ ക്രമനം. (3),(5),(2) ബില്ലുകളിൽ നിന്നും യഥാക്രമം, 6500, 6000, 6500 എന്നിങ്ങനെ ആകെ 19000/- രൂപ അനുവദിച്ചു. | 6000/- |
| 3 | സഫൂറ ഒ.എം, A/C No. 67358398416/SBIN0070454, ന്യൂ ഗ്ലോറി സ്പെഷ്യൽ സ്കൂൾ മഞ്ചേരി | ലോക്കോമോട്ടർ-പോസ്റ്റ് പോളിയോ റസിഡ്യുവൽ പരാലിസിസ് 70% മെ.ബോ. സർട്ടിഫിക്കറ്റ് 109606/16.09.2010 | 13000/- | മുകളിലെ പട്ടികയിലെ ക്രമനം. (3),(5),(2) ബില്ലുകളിൽ നിന്നും യഥാക്രമം, 6000, 6000, 12000 എന്നിങ്ങനെ ആകെ 24000/- രൂപ അനുവദിച്ചു. | 11000/- |

മേൽ പട്ടികയിൽ പരാമർശിച്ചത് പ്രകാരം 6000+6000+11000=23000 രൂപ അനർഹമായി അധികം അനുവദിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 09/2023-24/28.09.2024 നൽകിയത് പ്രകാരം അധികം നൽകിയ 23000/- രൂപ രസീത് നം.1240102386/G100507/07.10.2024 പ്രകാരം തിരികെ അടവാക്കി അറിയിച്ചു. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനും അപാകത ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-62 പാലിയേറ്റീവ് പദ്ധതി മരുന്ന് ലഭ്യമായില്ല, PMC മീറ്റിംഗ് അപാകതകൾ

### 1. പാലിയേറ്റീവ് പരിചരണം-മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

പദ്ധതി നം. : 156/24 പാലിയേറ്റീവ് കെയർ

അടങ്കൽ : 830000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് വിവരം : 825603/-(വികസന ഫണ്ട്-ജനറൽ)

വിവിധ ബില്ലുകൾ പ്രകാരം ഹൊണറേറിയം, വാഹന ഡ്രൈവറുടെ വേതനം, അംഗങ്ങളുടെ ഭക്ഷണം, മരുന്ന് വാങ്ങൽ, മറ്റ് ചെലവുകൾ തുടങ്ങിയ ഇനങ്ങളിലായി 825603/- രൂപ ചെലവഴിച്ചതിൽ ബിൽനം. 23150952023701205266/12.02.24 പ്രകാരം PRF3627/01.02.24 നമ്പർ പ്രഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 255740/- രൂപ KMSCLന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അക്കാര്യം അറിയിക്കേണ്ടതാണ്.

### 2. യഥാസമയം പി.എം.സി മീറ്റിംഗ് ചേരുകയോ വരവ് ചെലവ് അംഗീകരിക്കുകയോ ചെയ്യുന്നില്ല.

സ.ഉ (സാധ)നം 553/19 തസ്വഭവ തി. 7.3.19 പ്രകാരം പാലിയേറ്റിവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗരേഖ/ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റിവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനുട്ട്സ് പരിശോധിച്ചതിൽ 2023-24 വർഷത്തിൽ ആകെ മൂന്നു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ചേർന്ന യോഗങ്ങളിലൊന്നും വരവ് ചെലവ് അംഗീകരിച്ചിട്ടുമില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 51/2023-24/05.10.24 മറുപടി ലഭ്യമായിട്ടില്ല.)

## 1-63 VEO ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ സാധനങ്ങൾ- സ്റ്റോക്കെടുപ്പ് അപാകതകൾ

നിർവ്വഹണം - വി.ഇ.ഒ (ചെമ്രകാട്ടൂർ സർക്കിൾ)

പദ്ധതി: - 410/24, VEO ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങൽ

അടങ്കൽ- 70000/-(തനത് ഫണ്ട്)

ചെലവ് - 69735/-. വൗച്ചർ നം. 22301293/30.03.24

VEO ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ജെം കോൺട്രാക്ട് നം. GEMC 511687710147808/11.03.2024 പ്രകാരം ലഭ്യമാക്കിയതിന് 69735/- രൂപ ഐ.ടി പ്രൊഫഷനൽസ് കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം | തുക | ഉപകരണം | വാറണ്ടി |
|---|---|---|---|---|
| 1 | IT/23-24L 998/22.03.24 | 51110 | HP Desktop Computer With Monitor. (I3, 8GB RAM, 512 SSD).<br>SN 4ce323c5m4 | **5 Year** |
| 2 | | | HP 19.5 Monitor P204V<br>SN 3cq334086p | |
| 3 | | 18625 | Canon MF 301013<br>SN YPR1330 | **1 Year** |
| ആകെ | | 69735 | | |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ സ്റ്റോക്കെടുപ്പ് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

മേൽ ഉപകരണങ്ങൾ കൈപ്പറ്റിയതായി പേപ്പറുകളുൾപ്പെടെ സ്റ്റോക്ക് ഇഷ്യു രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കിൽ എടുത്തിട്ടില്ല. മുൻ വർഷങ്ങളിൽ കൈപ്പറ്റിയ ഉപകരണങ്ങളുൾപ്പെടെ രജിസ്റ്ററിൽ ഉപകരണങ്ങൾ ലഭ്യമായ തിയതിക്ക് നേരെ ഉപകരണത്തിന്റെ പേരും എണ്ണവും രേഖപ്പെടുത്തുകയാണ് ചെയ്തത്. ഇതിൽ ഓഫീസിലെ കമ്പ്യൂട്ടർ ഹാർഡ് വെയറുകളെ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല.

ഉപകരണം ഓരോന്നിനും സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഉപകരണങ്ങളിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

2) ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ മറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ലഭ്യമാക്കിയ രജിസ്റ്ററിൽ സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

4) മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ ഒരു ഡെസ്ക്ടോപ്പ് കംപ്യൂട്ടറും പ്രിന്ററും VEO ഓഫീസിലുണ്ട്. ഇതിന് തകരാർ സംഭവിച്ച് സർവ്വീസ് ചെയ്തതായും ഉണ്ട്. ഇക്കാര്യം സ്റ്റോക്ക് രജിസ്റ്ററിലോ മറ്റോ രേഖപ്പെടുത്തിയിട്ടില്ല. ഉപകരണത്തിന്റെ പ്രവർത്തന കാലയളവ് (സർക്കാർ ഉത്തരവ് (എം.എസ്)നം.27/2018/ഐ.ടി.ഡി തിയതി. 28.10.2018, സർക്കാർ ഉത്തരവ് (എം.എസ്)നം.30/2021/ഐ.ടി.ഡി തിയതി. 01.10.2021 തുടങ്ങിയവ) പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന് ശേഷവും ഉപകരണങ്ങൾ നിരന്തരം തകരാറിലാവുന്ന സാഹചര്യങ്ങളിൽ ആയവയുടെ ഉപയോഗം ലാഭകരമാണോ എന്നത് പരിശോധിച്ച ശേഷം സ്റ്റോക്കിൽ നിന്നും മാറ്റി ഉപയോഗ ശൂന്യമായവയുടെ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ മേൽ ഉത്തരവുകളിൽ പരാമർശിച്ചത് പ്രകാരം സൂക്ഷിച്ച് ആയതിലേക്ക് ചേർത്ത് വിവിധ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് ഒഴിവാക്കേണ്ടി വരും എന്നതിനാൽ ഉപകരണങ്ങളുടെ സർവ്വീസ് അനുബന്ധ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ

സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം, സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 52/2023-24 തീയതി 05.10.2024 മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി പൂർണ്ണ വിവരങ്ങൾ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-64 പ്രവാസി സംരംഭം- പ്രവാസി കൊപ്ര യൂണിറ്റ് പ്രവർത്തിക്കുന്നില്ല, അപാകതകൾ

നിർവ്വഹണം- വി.ഇ.ഒ (ചെമ്രകാട്ടൂർ സർക്കിൾ)

പദ്ധതി നം. - 153/24, പ്രവാസി സംരംഭങ്ങൾക്ക് സബ്സിഡി

അടങ്കൽ- 300000/- വികസന ഫണ്ട് ജനറൽ

ചെലവ്- 100000/-

ആറ് പ്രവാസി സംരംഭ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിലിന് 50000 രൂപ വീതം സബ്സിഡി നൽകുന്നതാണ് പദ്ധതി പ്രകാരം ലക്ഷ്യം വെക്കുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ബിൽ നം. 23150952026601546522/25.03.2023 പ്രകാരം 100000/- രൂപ, മുഹമ്മദ് ഹനീഫ കരിക്കാടംപൊയിൽ ( പ്രവാസി കൊപ്ര യൂണിറ്റ്), ഷമീബ് പട്ടാക്കൽ(മരുപ്പച്ച ജ്യൂസ്) എന്നീ രണ്ട് പ്രവാസി സംരംഭങ്ങൾക്കായി 50000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ , സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ രണ്ട് സംരംഭങ്ങളുടെ പ്രവർത്തനം 03.10.2024ന് ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ ഷമീബ് പട്ടാക്കൽ എന്നവരുടെ മരുപ്പച്ച ജ്യൂസ് എന്ന സ്ഥാപനം നിലവിൽ പ്രവർത്തിച്ച് വരുന്നതായി കണ്ടു. എന്നാൽ വാർഡ് 17ലെ പ്രവാസി കൊപ്ര യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തി.

2) പദ്ധതി ഫയലിലെ ബിസിനസ് പ്ലാൻ പ്രകാരം സാധനങ്ങൾ വൃത്തിയായി സൂക്ഷിച്ച് കൊപ്ര വെളിച്ചെണ്ണയാക്കി ഫുഡ് സേഫ്റ്റി /മറ്റ് ലൈസൻസോട് കൂടി മാർക്കറ്റ് വിലയിൽ ഷോപ്പുകളിലും മറ്റും വിൽപ്പന നടത്തുന്നതാണ് സംരംഭം. എന്നാൽ ഫുഡ് സേഫ്റ്റി ലൈസൻസോട് കൂടി മേൽ പരാമർശിച്ച രീതിയിൽ വെളിച്ചെണ്ണ വിപണനം നടന്നതായി നിലവിൽ ഈ കെട്ടിടത്തിൽ നിന്ന് വ്യക്തമാകുന്നില്ല. സ്ഥാപനത്തിന്റെ ബോർഡും ഇല്ല.

3) പദ്ധതി വായ്പ്പാ ബന്ധിതമാണ് എന്നത് ഉറപ്പ് വരുത്തുന്നതിന് വായ്പ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. 04.03.2024 ന് സംരംഭകനുമായി ചമച്ച 51271 നമ്പർ കരാർ പ്രകാരം കരാർ വെച്ച് മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022) ഖണ്ഡിക 6.5(എ) പ്രകാരം സംരംഭം ആരംഭിക്കുന്നത് വായ്പ ബന്ധിതമല്ലെങ്കിൽ സബ്സിഡി തുക സംരംഭം ആരംഭിച്ചതിന് ശേഷം മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ മാർഗ്ഗരേഖ നിർദ്ദേശവും കരാറും പരിഗണിക്കാതെയും, സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്താതെയും കരാർ വെച്ച് 20 ദിവസങ്ങൾക്ക് ശേഷം 25.03.2024ന് മുഹമ്മദ് ഹനീഫ കരിക്കാടംപൊയിൽ എന്ന വ്യക്തിയുടെ 67031913621 (IFSC SBIN0070454) നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുകയാണ് ചെയ്തത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 53/2023-24/05.10.2024ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ പ്രവാസി സംരംഭം പ്രവർത്തനമാരംഭിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കുകയോ സബ്സിഡി തുക തിരികെ ഈടാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്. ആയത് വരെ പ്രവാസി കൊപ്ര യൂണിറ്റിന് അനുവദിച്ച 50000 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-65 നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ( സ.ഉ( കൈ) 86/2022/LSGD തിയ്യതി. 19.04.2022 ) വനിതാഘടക പദ്ധതി സംബന്ധിച്ച് നൽകിയ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടത്.( ഖ 6.3.1 )

. വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനാവശ്യമായ പദ്ധതികളാണ് നടപ്പിലാക്കേണ്ടത്. ( ഖ 6.3.1 )

. വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്റ്റുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ പാടില്ല. ( ഖ 6.3.16 )

താഴെ പറയുന്ന പ്രോജക്റ്റുകൾ പരിശോധിച്ചതിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനാവശ്യമായ പരിപാടികളൊന്നും പ്രൊജക്ട് പ്രകാരം നടപ്പിലാക്കിയിട്ടില്ല എന്ന് വ്യക്തമായി. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം, പേര് | ഫണ്ടിനം/അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 02/24, കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-വനിത | 702240(പൊതുവിഭാഗം സാധാരണവിഹിതം)<br>702240(ഗുണഭോക്തൃ വിഹിതം) | 681740(പൊതുവിഭാഗം സാധാരണവിഹിതം)<br>682700(ഗുണഭോക്തൃ വിഹിതം) |
| 2 | 09/24 കറവപ്പശുക്കൾക്ക് ധാതുലവണങ്ങൾ - വനിത | 55200(പൊതുവിഭാഗം സാധാരണവിഹിതം) | 53400(പൊതുവിഭാഗം സാധാരണവിഹിതം) |
| 3 | 03/24, പാലിന് സബ്സിഡി-വനിത | 125000(പൊതുവിഭാഗം സാധാരണവിഹിതം)<br>250000(ബ്ലോക്ക് വിഹിതം) | 120000(പൊതുവിഭാഗം സാധാരണവിഹിതം)<br>0 (ബ്ലോക്ക് വിഹിതം) |
| 4 | 13/24, വനിതകൾക്ക് പെണ്ണാട് വിതരണം | 325000(പൊതുവിഭാഗം സാധാരണവിഹിതം) | 3200000(പൊതുവിഭാഗം സാധാരണവിഹിതം) |

| | | 331000(ഗുണഭോക്തൃ വിഹിതം) | 320000(ഗുണഭോക്തൃ വിഹിതം) |
|---|---|---|---|

കുടുംബത്തിന്റെ മൊത്തത്തിലുള്ള ഉന്നമനത്തിനായുള്ള മേൽ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 54/2023-24/05.10.2024 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.10.2023ലെ കത്തിന്മേൽ വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023ലെ യോഗ തീരുമാനം നം.4.37 പ്രകാരം 2023-24ലേക്ക് അനുമതി നൽകിയതിനാലാണ് മേൽ പദ്ധതികൾ നടപ്പിലാക്കിയത് എന്നാണ് അറിയിച്ചത്. വരും വർഷങ്ങളിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ മാത്രം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ മുഴുവനായി കുറവ് ചെയ്യാതെ തുക നൽകി; 34305 രൂപയുടെ അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.
താഴെ പറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ അധികമായി ചെയ്യേണ്ടി വന്ന എക്സ്ട്രാ ഇനം പ്രവൃത്തിക്ക് ടെണ്ടർ ബിലോ പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകിയതിനാൽ 34305 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അധികമായി ചെയ്യേണ്ടി വരുന്ന എക്സ്ട്രാ ഇനം പ്രവൃത്തിക്ക് കരാറുടമ്പടി പ്രകാരം ആകെ ക്വാട്ട് ചെയ്ത നിരക്ക് അനുസരിച്ചായിരിക്കും നിശ്ചയിക്കുക എന്ന് കരാറിൽ ഖണ്ഡിക 31 ആയി വ്യവസ്ഥ ഉണ്ടെങ്കിലും ആയത് പാലിക്കാതെ ആയതിലും കൂടിയ നിരക്കിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി | പഞ്ചായത്ത് ഓഫീസ് നവീകരണം 355/24 |
| അടങ്കൽ | 26,00,000 രൂപ (CFC ഗ്രാന്റ് ) |
| കരാറുകാരൻ | ശ്രീ അബ്ദുൾ റഷീദ് പി പി |
| കരാർ | 15/22-23/23-11-22 (22.02% Below ER) |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 2027424 രൂപ (22-23 Rs 419498, 23-24 Rs 1607926) |
| വൗച്ചർ നമ്പർ | 87/23-24/5-9-23, Rs 1607926 |
| PAC | 2203354.66 |
| Agreed PAC | 1718194 (22.02% Below ER) |

അധികം നൽകിയതിന്റെ വിശദാംശം

| ഇനം | ER | Code/പ്രവൃത്തി | നൽകാവുന്നത്(@22.02% Below ER) | നൽകിയത് | അധികം |
|---|---|---|---|---|---|
| 1-1 | 675.81 | 50.18.89.2: 110 Mm Pvc Pipe Fitting | 526.99x11.4m=6007.68 | 572.65x11.4m=6528.21 | 520.52 |
| 1-2 | 634.13 | Od 46715/23-24: 200mm Pvcrain Water Gutter | 494.49x18.0m=8900.82 | 596.8x18.0m=10742.40 | 1841.58 |
| 2-1 | 661.79 | Od 47069/23-24: 140mm Pvc Pipe Fitting | 516.06x44.05m=22732.44 | 634.23x44.05m=27937.83 | 5205.38 |
| 2-2 | 308.11 | Od 47070/23-24:90mm Pvc Pipe Fitting | 240.26x12.3m=2955.19 | 280.55x12.3m=3450.77 | 495.57 |
| 3-1 | 45.85 | Od 47428/23-24: 150mm Pvc Pipe Fittings | 35.75x12.4m=443.3 | 48.78x12.4m=604.87 | 161.57 |
| 3-2 | 19908.19 | Od 76229/23-24: 12mm Thick Frameless Toughened Glass Door... | 15524.40x3.6m2=55887.84 | 18448.45x3.6m2=66414.42 | 10526.58 |
| 3-4 | 241.04 | 50.18.9.18.1: 75mm Pvc Pipe Fittings | 187.96x22.1m=4153.91 | 254.94x22.1m=5634.17 | 1480.25 |
| 3-5 | 2.63 | Od 76267/23-24: Lettering In Stainless Steel | 2.05x18810cm2=38560 | 2.52x18810cm2=47401.2 | 8840.7 |
| | | | | ആകെ | 29072.15 |
| | | | | +GST 18% | 5232.98 |
| | | | | Total | 34305.13 |

അധികം നൽകിയ 34305 രൂപ (Rounded) ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 61/5-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

### 3-2 സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 75273/- രൂപ

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽകൂര നിർമാണ പ്രവൃത്തിയിൽ മേൽകൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ 30-9-2024 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/Single Section With GI Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്.

ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രനം | പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക(Code 50.10.2) | അധികം (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | **പുത്തലം സ്കൂൾ പുനരുദ്ധാരണം (230/24)**<br>**അടങ്കൽ: 400000 (MGNR)**<br>**TS: 35247/2023/12-5-23**<br>കരാറുകാരൻ: ശ്രീ ഫായിസ് പി<br>കരാർ: 11/23-24/2-6-23<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 3975986രൂപ<br>BRN:23150952024300590884/26-9-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 3<br>691.390 Kg | 132110.80<br>@191.08/Kg | 105990.08<br>@153.30/Kg | 30822.44<br>രൂപ<br>(26120.72 +GST 18% 4701.72 = 30822.44) |
| 2 | വലിയ കല്ലിങ്ങൽ അങ്കണവാടി പുനരുദ്ധാരണം, 290/24<br>**അടങ്കൽ: 336000 (MGNR)**<br>**TS: 104038/2022/9-2-23**<br>കരാറുകാരൻ: ശ്രീ വി ജയഫർ<br>കരാർ: 89/22-23/28-3-23<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 302349രൂപ<br>BRN:23150952024300929729/13-12-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 6<br>213.469 Kg | 40789.66<br>@191.08/Kg | 32724.79<br>@153.30/Kg | 9516.54<br>രൂപ<br>(8064.87 +GST 18% 1451.67 = 9516.54) |
| 3 | മിനി MCF സ്ഥാപിക്കൽ, 249/24<br>**അടങ്കൽ: 18,00,000 (കേന്ദ്ര ഫണ്ട്)**<br>**TS: 12526/2023/13-2-23**<br>കരാറുകാരൻ:ശ്രീ.അബ്ദുൾ റഷീദ് പി പി<br>കരാർ: 103/22-23/30-3-23<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 15,14,646രൂപ<br>വൗച്ചർ നമ്പർ: 114/23-24/11-12-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 1<br>959.322 + 469.560 + 599.760=<br>2028.642 Kg<br>Kg | 284009.88<br>@140.0/Kg<br>(Code 10-16-1 @ 169.88-17.58% Below ER പ്രകാരം നൽകി) | 256318.91<br>@126.35/Kg<br>(@153.30/Kg-17.58 % Below ER) | 32674.30<br>രൂപ<br>(27690.09 +GST 18% 4984.21 = 32674.30) |
| 4 | പൊതു കിണറുകളുടെ പുനരുദ്ധാരണം, 236/24<br>അടങ്കൽ: 270000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ യൂസഫ് സി<br>കരാർ : 3/21-22/2-9-22<br>M Book : 751/21-22<br>TS: 21-22/16303/26-3-22<br>Cost Index: 36.44%<br>ചെലവ് - 249862 രൂപ<br>വൗച്ചർ നമ്പർ: 90/23-24/18-9-23 | ഇനം 17<br>പോസ്റ്റ് സ്ഥാപിക്കൽ.<br>24.885 + 35.837= 60.722 Kg | 9688.19<br>@ 159.55/Kg<br>(191.08-16.5% Below ER) | 7773.02<br>@128.01 (153.30 - 16.5% Below ER) | 2259.90<br>(1915.17 + 18% GST- 344.73) |
| | | | | ആകെ | 75273.18 |

ഈയിനത്തിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 75273/- രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 43/4-1024, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-3 വിവിധ പൊതു കിണറുകളിൽ റിംഗ് സ്ഥാപിക്കൽ; 32927/- രൂപ അധികം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

വിവിധ പൊതു കിണറുകളിൽ റിംഗ് സ്ഥാപിച്ചതിന് താഴെ പറയും പ്രകാരം അധികത്തുക നൽകിയതായി കാണുന്നു. 0.10 മീറ്റർ വീതിയിൽ റിംഗ് സ്ഥാപിച്ചതിനാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എന്നാൽ, 30-9-24 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ റിംഗുകൾ മുകൾ ഭാഗത്ത് 0.10 മീറ്ററും താഴെ ഭാഗത്ത് സ്റ്റെപ്പ് ലഭിക്കുന്നതിന് വേണ്ടി 0.07 മുതൽ 0.05 വരെ മീറ്ററും വീതിയിലാണ് നിർമിച്ച് കിണറിൽ സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിവരം | രേഖപ്പെടുത്തിയ അളവ്/ നൽകിയ തുക (CODE 5-7 @8622.42) | ചെയ്ത അളവ്/ നൽകാവുന്ന തുക | അധികം നൽകിയ തുക (+GST18%) |
|---|---|---|---|---|
| 1 | പൊതു കിണറുകളുടെ പുനരുദ്ധാരണം, 236/24<br>അടങ്കൽ: 10,00,010 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ അബ്ദുൾ നാസർ<br>കരാർ : 4/23-24/20-5-23<br>M Book : E-M Book<br>TS:22095/2023/20-3-23<br>Cost Index: 36.44%<br>ചെലവ് - 780325 രൂപ<br>വൗച്ചർ നമ്പർ: XVFC/23-24/P/44/11-3-24<br>വൗച്ചർ നമ്പർ: XVFC/23-24/P/44/11-3-24 | 1) ലക്ഷം വീട് കോളനി കിണർ<br>4X3.14X2.35X0.10X0.45=1.3280 M3<br>2)വെള്ളേരി കിണർ<br>10X3.14X3.48X0.10X0.45=4.9170 M3<br>3)ITI റോഡ് കിണർ<br>12X3.14X2.5X0.10X0.45=4.2390 M3<br>3X3.14X2.2X0.10X0.45= 0.9330 M3<br>4)മഞ്ഞിക്കൽ പ്രായ് കിണർ<br>8X3.14X2.48X0.12X0.70=5.2230 M3<br>--------------------------------<br>ആകെ: 16.6500 M3<br>16.650 X 7190.50 (QUOTED RATE) = 119722.49 | 1) ലക്ഷം വീട് കോളനി കിണർ<br>4X3.14X2.35X(0.10+0.07/2)X0.45=1.1289 M3<br>2)വെള്ളേരി കിണർ<br>10X3.14X3.48X(0.10+0.07/2)X0.45=4.1796 M3<br>3)ITI റോഡ് കിണർ<br>12X3.14X2.5X(0.10+0.07/2)X0.45=3.6031M3<br>3X3.14X2.2X(0.10+0.07/2)X0.45= 0.7926 M3<br>4)മഞ്ഞിക്കൽ പ്രായ് കിണർ<br>8X3.14X2.48X(0.12+0.09/2)X0.70=4.5788 M3<br>--------------------------------<br>ആകെ: 14.2830 M3<br>14.283 X 7190.50 (QUOTED RATE) = 102701.91 | 20084.28<br>(17020.58 +18% GST, 3063.70) |
| 2 | SC കോളനി പൊതു കിണർ റിപ്പയർ, 263/24<br>അടങ്കൽ: 270000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ യൂസഫ് സി<br>കരാർ : 3/21-22/2-9-22<br>M Book : 751/21-22<br>TS:21-22/16303/26-3-22<br>Cost Index: 36.44%<br>ചെലവ് - 249862 രൂപ<br>വൗച്ചർ നമ്പർ: 90/23-24/18-9-23 | 31x3.14x2.40x0.10x0.35= 8.177 M3<br>1x3.14x2.10x0.10x0.35= 0.231 M3<br>--------------------------------<br>ആകെ: 8.41 M3<br>@ 8611.41/M3 = 72421.95 | 31x3.14x2.40x(0.10+0.07/2)X0.35= 6.9500 M3<br>1x3.14x2.10x(0.10+0.07/2)X0.35= 0.1961 M3<br>--------------------------------<br>ആകെ: 7.1461 M3<br>@ 8611.41/M3 = 61537.99 | 12843.07<br>(10883.96 +18% GST, 1959.11) |
| | | | ആകെ | 32927.35 |

കരാറുകാരന് ആകെ 32927/- രൂപ (Rounded) (20084.28 +12843.07) അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 44/4-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-4 ആവശ്യമില്ലാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 5511/- രൂപ

താഴെ പറയുന്ന പ്രവൃത്തിയുടെ ഇനം 7 പ്രകാരം 58.242 M2 60 Mm Paver Block വിരിച്ചിട്ടുണ്ട്. ആയത് വിരിക്കുന്നതിനായി അതേ അളവിലായിരുന്നു ഇനം 6 പ്രകാരം സർഫസ് ഡ്രസ്സിംഗ് ചെയ്യേണ്ടിയിരുന്നത്. ആയതിന് പകരം 281.930 M2 ചെയ്തതിന് തുക നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | MCF കെട്ടിടം വിപുലീകരണം, 241/24 |
| അടങ്കൽ | 10,00,000 രൂപ (കേന്ദ്ര ഫണ്ട്) |
| കരാറുകാരൻ | ശ്രീ ഫായിസ് പി |
| കരാർ | 8/23-24/27-5-23 |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 389267 രൂപ |

| | |
|---|---|
| വൗച്ചർ നമ്പർ | BP/2023-24-7/30-3-24 |
| PAC | 846802.87 രൂപ |
| ഇനം 6 ചെയ്തത്/ തുക നൽകിയത് | 281.930 M2 @ 20.88/M2 = 5886.70 |
| ഇനം 6 ചെയ്യേണ്ടത്/ തുക നൽകേണ്ടത് | 58.242 M2 @ 20.88/M2 = 1216.09 |
| അധികം( GST ഉൾപ്പെടെ) | 5511.30 (4670.60 + 840.70) |

ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 5511/- രൂപ (Rounded) ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 57/5-10-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 2023-24 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 302784 | പ്രോജക്റ്റ് നം. 71/24 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 302784 | 0 |
| | 970000 | പ്രോജക്റ്റ് നം. 75/24 ലൈഫ് ഭവന പദ്ധതി – ജനറൽ | 970000 | 0 |
| | 100000 | പ്രോജക്റ്റ് നം. 113/24 ലൈഫ് ഭവന പദ്ധതി എസ്.സി. | 100000 | 0 |
| | 241663 | പ്രോജക്റ്റ് നം. 248/24 അരീക്കോട് വയോ സൌഹൃദ പബ്ലിക് പാർക്ക് അടിസ്ഥാന സൌകര്യങ്ങൾ | 241663 | 0 |
| | 620000 | പ്രോജക്റ്റ് നം. 289/23 (SO) ലൈഫ് ഭവന പദ്ധതി ജനറൽ | 620000 | 0 |
| ജില്ലാ പഞ്ചായത്ത് | 265000 | പ്രോജക്റ്റ് നം. 24/23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 265000 | 0 |
| | 223644 | പ്രോജക്റ്റ് നം. 25/24 എസ്.സി. ബിരുദാനന്തര ബിരുദ പ്രഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 223644 | 0 |
| | 320000 | പ്രോജക്റ്റ് നം. 71/24 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 320000 | 0 |
| | 900000 | പ്രോജക്റ്റ് നം. 113/24 ലൈഫ് ഭവന പദ്ധതി എസ്.സി. | 900000 | 0 |
| | 200000 | പ്രോജക്റ്റ് നം. 394/24 ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ – ജനറൽ | 200000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്റ്റ് നം. 382/24 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കൽ | 22300534/ 30.09.2023 | 25,501 | 0 | പൂർത്തീകരിച്ചില്ല | 25,501 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നം. 16/24 തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ | 22301316/30.03.24 | 950000 | 0 | പൂർത്തീകരിച്ചിട്ടില്ല | 950000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വലിക്കലും മീറ്റർ സ്ഥാപിക്കലും | | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി -എസ് സി | – | 17846890 | - | 320844 | - | 17526046 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 0 |
| ആകെ | 2,00,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| 001003010004237-2 | 10000000 | 45992 |
| 001003010004237-1 | 10000000 | 45991 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2022-23 | 1-19 | 151762/- | റഷീദ് പി, കോൺട്രാക്ടർ | 1230102888,11/12/2023 |
| 2022-23 | 1-13 | 2100 | കസ്തൂരി പി | 1230103253,11/01/2024 |
| 2022-23 | 1-14 | 20497 | മാനേജർ, ടാക്ക പാനൽസ് | 1230103298,15/01/2024 |
| 2022-23 | 1-14 | 8064 | മാനേജർ, ടാക്ക ബോർഡ് | 1230103299,15/01/2024 |
| 2022-23 | 1-14 | 2970 | മാനേജർ, വി പി എം പെട്രോളിയം | 1230103300,15/01/2024 |
| 2022-23 | 1-14 | 8064 | മാനേജർ,അക്കോസ്റ്റ ഇൻറീരിയോ | 1230103301,15/01/2024 |
| 2022-23 | 1-14 | 6720 | മാനേജർ, ടാക്ക സോ മിൽ | 1230103302,15/01/2024 |
| 2022-23 | 1-14 | 8401 | മാനേജർ, ടാക്ക വുഡ് ഇൻഡസ്ട്രീസ് | 1230103301,15/01/2024 |
| 2022-23 | 1-14 | 3000 | തയ്യിൽ ഷൌക്കത്തലി | 1230103533,29/01/2024 |
| 2022-23 | 1-14 | 2100 | മോഹൻദാസ് പി | 1230103550,29/01/2024 |
| 2022-23 | 1-14 | 2100 | പുതിയോട്ടിൽ സുകുമാരൻ | 1230103868,06/02/2024 |
| 2022-23 | 1-14 | 2700 | മാനേജർ, കെ.എം.സി.ടി. മെഡിക്കൽ സെന്റർ, അരീക്കോട് | 1230902379, 23/03/2024 |
| 2022-23 | 1-14 | 1860 | മാനേജർ, എച്ച്.ഡി.എഫ്.സി. ബാങ്ക്, അരീക്കോട് | 1230902419, 27/03/2024 |
| **ആകെ** | | **220338** | | |

കുറിപ്പ്:-
ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് (220338/-) രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. (124149/-)

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-21<br>2-22<br>2-20<br>2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2000-01(Exp) | 2-21<br>2-22 | 2006-07 | | നോട്ട് ബുക്ക് നിർമാണ യൂണിററുകൾ | “ |
| 1999-00 (Exp) | 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 1210000 | “ |
| 2000-01 | 2-20 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ | “ |

| | | | | | |
|---|---|---|---|---|---|
| | | | | നീട്ടൽ 397000 | |
| 1999-00 | 2-23 | 2006-07 | | KWA ഡെപ്പോസിററ് വിവിധ പദ്ധതികൾ | " |
| 2000-01 | 2-30 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| 1999-00 | 2-24 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| | | 2012-13 | | പ്രവർത്തനക്ഷമത റിപ്പോർട്ട് (തൊഴിലുറപ്പു പദ്ധതി) | " |
| 2013-14 14-15 | 3-1 | 2015-16 | | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(9) | 2016-17 | | തൊഴിൽ നികുതി-അപാകതകൾ | " |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-15 | ശ്രീ.ഉണ്ണികൃഷ്ണൻ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ വകുപ്പ്. | LF 17736/ Spl.Cell/SCC/D1/13/15.4.15 | 35000/- | -- | -- | -- | -- | -- | 35000/- |
| 2 | 1996-97 | 48(1)(3),(4)49(2)(3)50,51(1)(2)52,55 | വി ലത സെക്രട്ടറി | LF 167196/Spl.Cell/SC3/2000 07.02.02 | 3028 | 240(Para 50) 37223/43/02.12.04 | | | | 240 | 2788 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94370172 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78101646 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 148016 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,44,118 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ. | സർചാർജ് ചെയ്യാവുന്നവ. | |
| 3-1 | | 34305 | 1) ശ്രീ അലി മുബാറക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ- Rs 17152.50<br>2) ശ്രീ ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ Rs 17152.50 |
| 3-2 | | 75273 | 1) ശ്രീ അലി മുബാറക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ- Rs 15411<br>2) ഗിരീഷ് എ, അസിസ്റ്റന്റ് എഞ്ചിനീയർ- Rs22225.50<br>2) ശ്രീ ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ Rs 37636.50 |
| 3-3 | | 32927 | 1) ശ്രീ അലി മുബാറക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ- Rs 16463.5<br>2) ശ്രീ ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ Rs 15382.5 |
| 3-4 | | 5511 | 1) ശ്രീ അലി മുബാറക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ- Rs 2755.5<br>2) ശ്രീ ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ Rs 2755.5 |
| | ആകെ | 1,48,016 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-57 | 181200 | ഷൈൻ.പി.ജോസ്, ഹെഡ്മാസ്റ്റർ |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അലി മുബാറക് സി. കെ., അസിസ്റ്റന്റ് എഞ്ചിനീയർ | LSGD യിൽ നിന്ന് റിലീവ് ചെയ്തു | അലി മൻസിൽ, കൊടമ്പാട്ടിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ., ചേലേമ്പ്ര, മലപ്പുറം Alimubarackck@Gmail.Com Phone-7906415563 |
| ഗിരീഷ്. എ. അസിസ്റ്റന്റ് എഞ്ചിനീയർ | ചീക്കോട് ഗ്രാമപഞ്ചായത്ത് | പുൽപ്പറമ്പിൽ (വീട്), ഈസ്റ്റ് വാഴയൂർ (പി.ഒ) മലപ്പുറം- 673633 Phone-9539277372 Gireeshasarical@Gmail.Com |
| ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | ഉമ്മിണിയിൽ (ഹൗസ്), കുറ്റൂളി. പി.ഒ വാലില്ലാപ്പുഴ(പി.ഒ), മലപ്പുറം-673639 Phone-9388012528 Shereefumminiyil@Gmail.Com |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 19 |
| 1998-99 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 5 |
| 1999-2000 (വരവ്) | എൽ എഫ് എം15/102/06തീയതി.20.04.2023 | 11 |
| 1999-2000 (ചെലവ്) | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 8 |
| 2000-01 ചെലവ് | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 14 |
| 2000-01 വരവ് | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 6 |
| 2001-02 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 7 |
| 2002-03 | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 4 |
| 2003-04 | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 4 |
| 2004-05 | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 4 |
| 2005-06 | കെഎസ്എം പി എം7/452/22 തീയതി 20-04-2023 | 5 |
| 2007-08 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 2 |
| 2010-11 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 6 |
| 2011-12, 12-13 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 1 |
| 2013-14 2014-15 | കെഎസ്എം പി എം7/2861/22 തീയതി 26-05-2023 | 2 |
| 2015-16 | കെ എസ് എ എം പി എം7/3014/16 തീയതി 24.02.18 | 5 |
| 2016-17 | കെ എസ് എ എം പി എം7/2175/17 തീയതി 24.07.18 | 9 |
| 2017-18 | കെ എസ് എ എം പി എം7/2613/18 തീയതി 26.09.13 | 13 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം.7/2858/19 തീയതി 4-01-20 | 14 |
| 2019-20 | നം.കെ.എസ്.എ/എം.പി.എം.7/914/21 തീയതി 24-03-2022 | 8 |
| 2020-21 | നം. കെ.എസ്.എ./എം.പി.എം.7/1077/22 തീയതി 29-06-22 | 18 |
| 2021-22 | നം. കെ.എസ്.എ/എം.പി.എം.7/1139/23 തീയതി 24-06-2023 | 17 |
| 2022-23 | നം. കെ.എസ്.എ/എം.പി.എം.7/2687/23 തീയതി 18-12-2023 | 38 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1)/2024 dated 1(1)/2024 dated 26-06-2024 and submitted on 27-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Areacode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Areacode Grama Panchayat as on 31-03-2024

**Date: 20/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Areacode Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1)Asset Register is not uptodated
2)2)The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.
a)Ratios
b)notes on accounts
c)Comparative Statements
3)The details of calculation of Depreciation of Fixed Asset as per Schedule B 11 of Balance Sheet was not made available for verification (Kerala Panchayath Raj( Accounts )Rules 58-4(g)
4)Net increase/decrease in cash flow does not match with the net cash generated by operating, investing and financial activities and closing balance of cash and cash equivalents .
5)The Advance details in AFS not match with Advance register in the following items
a)Advance to implementing Agencies Deposit with K S E B -ÂÂÂÂÂ Rs. 9,50,000
b)Advance to implementing Officers - 10,000 out of Rs.1,90,000
c)Advance to Others-Rs.6757
d)Other Advance -Rs. 2,64,888
6)Receipt through Audit Recovery is Rs. 2,20,338 as per A F S .but it is Rs. 1,24,149 as per Audit Recovery Register
7)Total Expenditure of Development Fund ( General ) is Rs. 1,61,30,574 as per A F S .but it is Rs. 1,60,88,066 as per Grant Statement. Difference of Rs.42,508 must be explained.
8)Rs. 1000 deposited at Manjeri Co.operative Urban Bank is not accounted.
9)Closing balance under Distress Relief Fund is Rs. 175 as per Schedule B2 of Balance Sheet. but the same is Rs. 2896 as per Schedule B 17(A/c no. 011970014380)
10) Total value of asset created under MGNREGS of Rs.19,13,780 was accounted only on 31.03.2024 . Accounting at the time of payment was not made.
11)Interest derived from Life Loans of Rs.60980 is also credited with Life Loans Principal. That was not in order.
12)Closing balance under Rural Housing for all Balance is Rs. 33,75,922 as per Schedule B4 of Balance Sheet. but the same is Rs. 13,23,922 as per Schedule B 17 (A/c no. 10770100299573) Difference of Rs 20,52,000 must be explained.
13)The details of the following items as per B 4 Schedule of Balance Sheet was not produced for verification
a)Grants Funds and Contributions For Specific Purposes -Other than Develpment Fund and State, State Sponsored Scheme Funds - Other Purposes (Rs.3,60,214 ),
b)Contributions for Joint Venture Projects (for capital Expenditure )from Block Panchayath-( Rs.5,76,099 )
c)Grants, Funds & Contributions For Specific Purposes- capital(Rs.1,49,770)
d)Beneficiary Contributions(Rs.19,90,245 )

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്